# ഭാരതരത്നം

സ്റ്റാൻഡേർഡ് VIII

1972

വില 0–80

HIGH SCHOOL
ERNAKULAM

# ഭാരതരത്നം

ജി. ഗോവിന്ദപ്പിള്ള

സ്റ്റാൻഡേർഡ് VIII

# BHARATARATNAM

## ( BIOGRAPHY OF JAWAHARLAL NEHRU )

AUTHOR

G. GOVINDA PILLAI

©

PRINTED BY

SAMRDHI PRINTERS AND PUBLISHERS, TRIVANDRUM-1

## ഉള്ളടക്കം

MUNAVIRUL ISLAM HIGH SCHOOL
Date........
ERNAKULAM.

1 ജനനവും ബാല്യവും
2 ഹാരോയും കേംബ്റിഡ്ജും
3 നെഹ്റു കണ്ട ഇന്ത്യ
4 ഗാന്ധിജിയെ കണ്ടെത്തി
5 സമരത്തിലേയ്ക്ക്
6 ആദ്യത്തെ അറസ്റ്റ്
7 യൂറോപ്പിൽ
8 സമരത്തിന്റെ തീച്ചൂളയിൽ
9 വേദന നിറഞ്ഞ വർഷങ്ങൾ
10 സർവ്വത്ര ഭീകരമർദ്ദനം
11 കമലയുടെ മരണം
12 വീണ്ടും ബന്ധനം
13 ആഗസ്റ്റ് പ്രക്ഷോഭണം
14 സ്വാതന്ത്ര്യത്തിലേയ്ക്ക്
15 മഹാത്മജിയുടെ ചരമം
16 പ്രധാനമന്ത്രി
17 കലാകാരനും ശാസ്ത്രജ്ഞനും
18 ജീവിതാവസാനം
19 നെഹ്റുയുഗത്തിന്റെ അവസാനം

മുഗൾ, മുസ്ലിം, മുസ്ലിം ലീഗ്, മുഹമ്മദലി ജിന്ന — കൊല, കൊള്ള
എന്നിവ പരാമർശിക്കപ്പെടുന്ന ഭാഗങ്ങൾ
underlined.

# ജനനവും ബാല്യവും

ഇന്ത്യയുടെ ആധുനിക ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ച ദിവസമാണ് ആയിരത്തിഎണ്ണൂററി എൺപത്തൊൻപതാമാണ്ടത്തെ നവംബർ പതിനാല്. അന്നാണ് മദ്ധ്യഭാരതത്തിലെ അലഹബാദ് നഗരത്തിൽ ജവാഹർലാൽ നെഹ്റു ജാതനായത്. ജവാഹറിൻെറ അച്ഛൻ മോത്തിലാൽ നെഹ്റുവും അമ്മ സ്വരൂപറാണിയുമായിരുന്നു. ആ ദമ്പതികളുടെ സീമന്തപുത്രനായിരുന്നു ജവാഹർ.

ജവാഹറിൻെറ പിതാവായ മോത്തിലാൽ അതിപ്രഗത്ഭനായ ഒരു നിയമജ്ഞനായിരുന്നു. ചെറുപ്രായത്തിൽ തന്നെ ഇംഗ്ലീഷ്, പെർഷ്യൻ, അറബിക് എന്നീ ഭാഷകളിൽ നല്ല പരിജ്ഞാനം സമ്പാദിച്ചിരുന്നു മോത്തിലാൽ. തൻെറ വംശപാരമ്പര്യത്തിൽ അഭിമാനം കൊണ്ടിരുന്ന അച്ഛൻെറ വീര്യവും ശൗര്യവും മകനിലേയ്ക്കും പകർന്നു. ആ ഗുണങ്ങളാണ് പില്ക്കാലത്ത് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു ത്യാഗവും യാതനയും സഹിക്കാൻ ജവാഹറിനെ പ്രാപ്തനാക്കിയത്

ജവാഹറിൻെറ മൂലകുടുംബം കാശ്മീരിലായിരുന്നു ഇന്ത്യയുടെ ദേശീയപ്രസ്ഥാനം ആരംഭിക്കുന്നതിനു് ഒരു നൂറുകൊല്ലംമുമ്പ് കാശ്മീരിൽനിന്നു് ആ ബ്രാഹ്മണ കുടുംബം ഡെൽഹിയിൽ കുടിയേറിപാർത്തു. നെഹ്റുമാരുടെ കുലകൂടസ്ഥൻ രാജ്കൗളായിരുന്നു. കൗൾകുടുംബക്കാർക്ക് നെഹ്റു എന്ന കുടുംബനാമം വന്നതു് യാദൃശ്ചികമായിട്ടായിരുന്നു. രാജ്കൗളിനു ഡൽഹിയിലെ ഒരു തോട്ടിൻ കരയിൽ പതിച്ചുകിട്ടിയ ജാഗീറിലാണ് അവരുടെ കുടുംബം സ്ഥിതിചെയ്തിരുന്നതു്. തോട്ട് എന്നർത്ഥമുള്ള നഹർ എന്ന പേർഷ്യൻവാക്കിൽ നിന്നാണ് നെഹ്റു എന്ന കുടുംബനാമത്തിൻെറ ഉത്ഭവം. തോട്ടിൻകരയിലെ ജാഗീറിൽ ഈ തറവാട്ടുകാർ പാർപ്പുറപ്പിക്കുന്നതുവരെ തലമുറ തലമുറയായി നിലനിന്നിരുന്ന കുടുംബപ്പേർ കൗൾ എന്നായിരുന്നു. തോട്ടിൻകര ജാഗീറിൽ താമസമുറപ്പിച്ചശേഷം കൗൾ എന്ന കുടുംബ

ല്പേരിനോട്ട് നെഹ്റുകൂടിച്ചേർന്നു. അങ്ങനെ കൗൽ–നെഹ്റു എന്നു സംയുക്തനാമം നിലവിൽവന്നു. ക്രമേണ കൗൽ തേഞ്ഞുമാഞ്ഞുപോയി. നെഹ്റു മാത്രം അവശേഷിച്ചു. അന്നുമുതൽ ഇന്നുവരെ ആ പേർ നിലനില്ക്കുകയും ചെയ്യുന്നു.

പണവും പ്രതാപവും നേടുവാനാണ് ആ കാശ്മീരി ബ്രാഹ്മണകുടുംബം യമുനയുടെ തീരത്തു കുടിയേറി പാർത്തത്. ഏറെ താമസിയാതെ ഭാഗ്യലക്ഷ്മി അവരെ കടാക്ഷിച്ചു. ആ കുടുംബത്തിലെ കാരണവരായ ലക്ഷ്മീനാരായൺനെഹ്റു മുഗൾചക്രവർത്തിയുടെ കൊട്ടാരത്തിൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ നിയമോപദേഷ്ടാവായി നിയമിതനായി. അദ്ദേഹത്തിൻെറ പുത്രൻ ഡൽഹിയിലെ കൊടപാളുമായി. അങ്ങനെ നെഹ്റു കുടുംബത്തിനു് പണവും പ്രതാപവും കൈവന്നു.

1857-ൽ ഇന്ത്യയിൽ ഒരു രാഷ്ട്രീയകൊടുങ്കാറ്റ് വീശുകയായിരുന്നു. ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടി മുഗൾഭരണകൂടം തകർന്നു. മുഗൾചക്രവർത്തിക്കു പിന്തുണ നൽകിയവർ നശിച്ചു നാമാവശേഷമായി. നെഹ്റുകുടുംബത്തിനും വലിയ നാശനഷ്ടങ്ങൾ സംഭവിച്ചു. അഭയാർത്ഥികളെന്ന നിലയിൽ മററു് അനവധി കുടുംബങ്ങളോടൊപ്പം നെഹ്റു കുടുംബവും ആഗ്രായിലേക്കു പലായനംചെയ്തു.

അങ്ങനെ ഈ കുടുംബം ആഗ്രായിൽ താമസിച്ചുവന്നപ്പോഴാണ് 1861 മേയ് 6-ാംനു മോത്തിലാൽനെഹ്റു ജനിച്ചതു്. അദ്ദേഹം ജനിക്കുന്നതിനു മൂന്നുമാസംമുമ്പ് അദ്ദേഹത്തിൻെറ അച്ഛൻ മരിച്ചുപോയി. അതുകൊണ്ടു് രണ്ടു ജ്യേഷ്ഠസഹോദരന്മാരുടെ സംരക്ഷണയിൽ ഈ കുമാരൻ വളർന്നു. ഏററവും ഇളയ മകനായതിനാൽ മോത്തിലാലിനോടായിരുന്നു അമ്മയ്ക്കു അധികം വാത്സല്യം. അവർ ഒരു നിർബ്ബന്ധബുദ്ധിയായിരുന്നു. ഏതുകാര്യത്തിലും തൻെറ ഇഷ്ടം നടത്തിയേ അവർ അടങ്ങൂ. കോപം വന്നാൽ ആ അമ്മ ഒരു ഭദ്രകാളിയായി മാറും. മാതാവിൻെറ നിർബ്ബന്ധശീലം മോത്തിലാലിലേയ്ക്കും പകർന്നു. കോപംവന്നാൽ അദ്ദേഹവും ഭയങ്കരനായി മാറുമായിരുന്നു. കുടുംബസഹജമായ ഈ മുൻകോപം ജവാഹർലാലിലേയ്ക്കും പകരുകതന്നെ ചെയ്തു.

കാളേജിൽ പഠിച്ചിരുന്ന കാലംമുതല്ക്കേ പാശ്ചാത്യസമ്പ്രദായങ്ങൾ മോത്തിലാലിനെ ആകർഷിച്ചു. ഇന്ത്യാക്കാർ അക്കാലത്തു

പാശ്ചാത്യസമ്പ്രദായം അനുകരിക്കുക അസാധാരണമായിരുന്നു. പ്രൊഫസറന്മാരുടെ കണ്ണിലുണ്ണിയായിരുന്ന ബുദ്ധിമാനായ ആ വിദ്യാൎത്ഥി; അതേസമയം ഒരു കുസൃതിക്കുട്ടനുമായിരുന്നു. ബി. ഏ. പരീക്ഷയ്ക്കു ഫസ്റ്റ്പേപ്പർ എഴുതിയശേഷം പിന്നെ പരീക്ഷയ്ക്കെഴുതിയില്ല, മോത്തിലാൽ. ഫസ്റ്റ്പേപ്പർ മോശമായിയെന്നു് ആ വിദ്യാർത്ഥി വിചാരിച്ചു. പരീക്ഷ നടക്കുമ്പോൾ ആ കാളേജുകുമാരൻ ആഗ്രായിലെ താജ്മഹൽ കണ്ടു രസിക്കുകയായിരുന്നു. അതോടെ മോത്തിലാലിന്റെ കാളേജുവിദ്യാഭ്യാസം നിലച്ചു.

നിയമപഠനത്തിനാണു് പിന്നീടു് മോത്തിലാൽ പോയതു്. അഭിഭാഷകവൃത്തി അക്കാലത്തു് വമ്പിച്ച സാദ്ധ്യതകളുള്ള ഒന്നായിരുന്നു. ജീവിതത്തിൽ വിജയം വരിച്ചേ മതിയാകൂ എന്നതായിരുന്നു മോത്തിലാലിന്റെ ലക്ഷ്യം. നിയമപഠനത്തിൽ അതുകൊണ്ടു് അതീവ ശ്രദ്ധ അദ്ദേഹം പതിപ്പിച്ചു. അതിൽ അദ്ദേഹം പ്രശംസനീയമാംവണ്ണം വിജയിയാവുകയും ചെയ്തു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആരംഭകാലമായിരുന്നു അതു്. ഒരു ഇംഗ്ലീഷ്കാരനാണു് ആ സംഘടനയ്ക്കു് അടിസ്ഥാനമിട്ടതു്. അതിനു് ബ്രിട്ടീഷ് ഭരണാധികാരികളുടെ അനുഗ്രഹാശ്ശിസ്സുകളുമുണ്ടായിരുന്നു. അഭിഭാഷകനായിത്തീർന്നിരുന്ന മോത്തിലാലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചില സമ്മേളനങ്ങളിൽ ആദ്യമാദ്യം പങ്കെടുത്തു. പിന്നീടു് വർഷത്തിൽ മുന്നൂററിയറുപത്തിയഞ്ചു ദിവസവും കേസും ഫീസുമായി കഴിയേണ്ടിവന്ന മോത്തിലാലിനു് ഏതെങ്കിലും സംഘടനയിൽ തുടർന്നു് സംബന്ധിക്കാൻ കഴിഞ്ഞില്ല. എന്നുതന്നെയല്ല രാഷ്ട്രീയക്കാരെ അദ്ദേഹത്തിനു് പുച്ഛവുമായിരുന്നു. പോക്കില്ലാതെ വയറുപിഴപ്പിനുവേണ്ടി നടക്കുന്നവരേ രാഷ്ട്രീയത്തിൽ കടക്കൂ എന്ന അഭിപ്രായക്കാരനുമായിരുന്നു അദ്ദേഹം. ഇംഗ്ലീഷുകാരും അവരുടെ ചിട്ടകളും മുറകളും അദ്ദേഹത്തെ അത്യധികം ആകർഷിച്ചു. അഭിഭാഷകവൃത്തിയിൽനിന്നു് ധാരാളമായി ലഭിച്ചുകൊണ്ടിരുന്ന പണവും പ്രതാപവും പാശ്ചാത്യരെ അനുകരിക്കുന്നതിനു് വഴി തെളിച്ചു.

മുഗൾചക്രവർത്തിമാരുടെ ആസ്ഥാനമണ്ഡപങ്ങളിൽ സേവനമർപ്പിച്ച കാശ്മീരി ബ്റാഹ്മണരാണു് നെഹ്റുകുടുംബക്കാർ.

അതേസമയം സനാതനധർമ്മം അവർ പാലിച്ചും പോന്നു. മുസ്ലീം സംസ്കാരവുമായി അടുത്തു പഴകുവാനിടയായ അവരുടെ ജീവിതവീക്ഷണത്തിൽ മതസഹിഷ്ണത സ്വാധീനം ചെലുത്തി. പാശ്ചാത്യ സമ്പ്രദായങ്ങളുമായി ഇണങ്ങിച്ചേരാൻ അവർക്കു കഴിഞ്ഞതും ഈ പാരമ്പര്യത്തിൻെറ ഫലമത്രെ.

ജവാഹർലാൽ നെഹ്റുവിൻെറ ബാല്യകാലം സംഭവരഹിതമായിരുന്നുവെന്നുതന്നെ പറയാം. ഒരു വലിയ കുടുംബത്തിലെ നല്ല കുട്ടിയായി നെഹ്റു വളർന്നു. അക്കാലത്തെ അനുഭവങ്ങൾ ഒരിക്കലും അദ്ദേഹം മറന്നിട്ടില്ല. മോത്തിലാലിൻെറ മുൻഷി മുബാറക് ആലി എന്ന ഒരു മുസ്ലീമായിരുന്നു. അദ്ദേഹം 1857-ലെ കലാപത്തെപ്പററി പല കഥകളും കൊച്ചു നെഹ്റുവിനോടു് പറയുമായിരുന്നു. മുബാറക് ആലിയുടെ കുടുംബം കലാപത്തിൻെറ ഫലമായി നശിച്ചു. എന്നിട്ടും ആരോടും ദേഷ്യമില്ലാതെ സൗമ്യനായി ആ കരളലിയിക്കുന്ന കഥകൾ അദ്ദേഹം നെഹ്റുവിനെ പറഞ്ഞുകേൾപ്പിക്കുമായിരുന്നു.

ജയിച്ചു കീഴടക്കപ്പെട്ട ജനങ്ങളോടു് അന്നത്തെ ഭരണാധികാരിവർഗ്ഗം അവജ്ഞയോടെ നിന്ദ്യമായാണ് പെരുമാറിയിരുന്നതു്. തീവണ്ടികളിൽ യൂറോപ്യന്മാർക്കുള്ള കംപാർട്ടുമെൻറുകളിൽ ഇന്ത്യക്കാരെ കയറാൻ അനുവദിച്ചിരുന്നില്ല. പാർക്കുകളിലും പൊതുസ്ഥലങ്ങളിലും വെള്ളക്കാർക്കു് പ്രത്യേകം ബഞ്ചും കസേരയും ഇട്ടിരുന്നു. ഇതൊന്നും കൊച്ചുനെഹ്റുവിനു് സഹിക്കാൻ കഴിഞ്ഞില്ല. തൻെറ നാട്ടുകാരോടു് അപമര്യാദയായി പെരുമാറുന്ന വെള്ളക്കാരോടു് കോപവും അമർഷവും ആ ബാലൻെറ മനസ്സിൽ വളർന്നു. എന്നാൽ ഈ കോപവും അമർഷവും വെള്ളക്കാരുടെ വർഗ്ഗമേധാവിത്വത്തോടായിരുന്നു. അവരോടു് വ്യക്തികൾ എന്ന നിലയിൽ ഒരു വിരോധവും ശത്രുതയും നെഹ്റുവിനു് ഒരിക്കലും ഉണ്ടായിട്ടില്ല. അനേകവർഷക്കാലം നെഹ്റുവിൻെറ ഗവർണ്ണസ്സായിരുന്നതു് ഒരു ഇംഗ്ലീഷ് വനിതയാണ് പിന്നീടു് ഗൃഹാദ്ധ്യാപകനായി നിയമിക്കപ്പെട്ട ഫെർഡിനാൻഡ് ബ്രൂക്ക്സും ഇംഗ്ലീഷുകാരൻ തന്നെയായിരുന്നു.

ഒരു കുബേരകുടുംബത്തിൽ എല്ലാവരുടേയും കണ്ണിലുണ്ണിയായിട്ടാണ് നെഹ്റു വളർന്നതു്. എങ്കിലും ആ കുമാരനു് അച്ഛനെ വളരെ ഭയമായിരുന്നു. കുട്ടിക്കാലത്തു ജവാഹർ അച്ഛൻെറ കോപ

ത്തിനിരയായ ഒരനുഭവം അദ്ദേഹം തന്റെ ആയുസ്സിൽ മറന്നില്ല. അന്ന് ആറുവയസ്സ് പ്രായമുണ്ടായിരുന്ന ജവാഹർ രണ്ടു ഫൗണ്ടൻ പേന അച്ഛന്റെ മേശപ്പുറത്തിരിക്കുന്നതു കണ്ടു. അച്ഛന് രണ്ടു പേന എന്തിന് ? ഒന്ന് എനിക്കിരിക്കട്ടെ എന്നു ആ ബാലൻ നിശ്ചയിച്ചു. അച്ഛനില്ലാത്ത തക്കംനോക്കി അതിലൊന്നു കൈക്കലാക്കുകയും ചെയ്തു. മോത്തിലാലിന്റെ വീട്ടിൽ പേന കാണാതായതിനെപ്പററി കൊണ്ടുപിടിച്ചു അന്വേഷണം തുടങ്ങി. കുററവാളിയെ തൊണ്ടിസഹിതം പിടിച്ചു. കൊച്ചുജവാഹറിന്റെ യുക്തിവാദം അച്ഛൻ അംഗീകരിച്ചില്ല. മോഷണക്കുററത്തിന് കള്ളനെ ശിക്ഷിക്കുകയും ചെയ്തു. അന്നാണ് അച്ഛന്റെ അടിയുടെ സ്വാദ് മകൻ അറിഞ്ഞതു്. തല്ലുകൊണ്ടു കൊച്ചുജവാഹറിന്റെ തൊലി പൊളിഞ്ഞു. പതുക്കെയാ ശരീരത്തിനു് പിന്നെ ചികിൽസയായി. മുറിവിനും ചതവിനും തൈലങ്ങളും കുഴമ്പുകളും പ്രയോഗിച്ചുള്ള ചികിൽസ അധികനാൾ നീണ്ടുനിന്നു. ഈ സംഭവം അച്ഛനു മകനോടുള്ള വാത്സല്യത്തിനോ, മകന് അച്ഛനോടുള്ള സ്നേഹബഹുമാനങ്ങൾക്കോ യാതൊരു കുറവും വരുത്തിയില്ല. നാൾതോറും അവ വളരുകയേ ചെയ്തുള്ളു. മകന്റെ ആരാദ്ധ്യപുരുഷൻ അച്ഛനായിരുന്നു. നടപ്പിലും പെരുമാററത്തിലുമെല്ലാം മകൻ അച്ഛനെ അനുകരിച്ചു. തനിക്കും അച്ഛനെപ്പോലെയാകണം-ഇതായിരുന്നു കൊച്ചു നെഹ്റുവിന്റെ അഭിലാഷം.

അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും മോത്തിലാൽ നെഹ്റു അങ്ങേയററം വെറുത്തിരുന്നു. പിതാവിന്റെ ഈ സ്വതന്ത്രബുദ്ധി മകനെ അത്യധികം ആകർഷിച്ചു. ബ്രാഹ്മണർ കപ്പൽ കയറുന്നതും കടൽതാണ്ടുന്നതും അന്ന് നിഷിദ്ധമായിരുന്നു. കടൽതാണ്ടി മറുനാട്ടിൽപോയി മടങ്ങിവന്നാൽ അവർ പ്രായശ്ചിത്തം ചെയ്യണം. ഈ മാമൂലിനെ ആദ്യം ലംഘിച്ചതു് മോത്തിലാലായിരുന്നു. യൂറോപ്യൻയാത്രകഴിഞ്ഞു് അദ്ദേഹം മടങ്ങിയെത്തിയപ്പോൾ പുരോഹിതന്മാർ പുണ്യാഹത്തിനു് വട്ടംകൂട്ടി. മോത്തിലാൽ അതിനൊന്നും വഴങ്ങിയില്ല. കാശ്മീരി ബ്രാഹ്മണരുടെ ഇത്തരം അനാചാരങ്ങളിൽ പലതിനേയും ലംഘിച്ചിട്ടുള്ള പാരമ്പര്യമാണ് നെഹ്റു കുടുംബത്തിനുള്ളതു്.

നെഹ്റുവിന്റെ മാതാവു് ഈശ്വരഭക്തയായിരുന്നു. ആ അമ്മ ജവാഹറിന്റെ സ്വഭാവസംസ്ക്കരണത്തിൽ സവിശേഷ ശ്രദ്ധ പതി

പ്പിച്ചിരുന്നു. രാമായണത്തിലെയും മഹാഭാരതത്തിലെയും കഥകൾ അമ്മ പുത്രനെ പറഞ്ഞു കേൾപ്പിക്കുമായിരുന്നു. അങ്ങനെ സ്വരൂപറാണിയുടെ ചെല്ലപ്പിള്ളയായി നെഹ്‌റു വളന്നു. വീട്ടിൽ പലതരത്തിലുള്ള പൂജകളും ആരാധനകളും അവർ നടത്തുമായിരുന്നു. ഇതെല്ലാം ഒരു തമാശമാത്രമായിട്ടാണ് മോത്തിലാൽ കരുതിയിരുന്നതു്. കൊച്ചുനെഹ്‌റുവിനു് ഇവയിലെല്ലാം ഒരു രസംതോന്നി. അമ്മ ഗംഗാസ്നാനത്തിനു പോകുമ്പോഴും പുരോഹിതന്മാരെ വന്ദിക്കുമ്പോഴും കൊച്ചുമകനുംകൂടി കാണും. ബാല്യകാലത്തു വീട്ടിൽനടന്ന മംഗളകർമ്മങ്ങളിൽ ഒന്നുമാത്രമേ നെഹ്‌റുവിനെ ആകഷിച്ചിരുന്നുള്ളു. അതു് അവന്റെ ജന്മദിനമായിരുന്നു. ജവാഹറിന്റെ ജന്മദിനം നെഹ്‌റുകുടുംബത്തിൽ ഒരുത്സവത്തിന്റെ പ്രതീതി ജനിപ്പിച്ചിരുന്നു. അന്നു് പ്രഭാതത്തിൽ കൊച്ചുനെഹ്‌റുവിനെ ഒരു തുലാസ്സിൽ ഇരുത്തി മറു തുലാസ്സിൽ അത്രയും ഭാരത്തിനു് സമമായ ഗോതമ്പും മററും ഇട്ടു തൂക്കി അവ പാവങ്ങൾക്കു് നൽകുമായിരുന്നു. അതിനുശേഷം വിശേഷവസ്ത്രങ്ങൾ അണിയിച്ചു് അച്ഛനിൽനിന്നും അമ്മയിൽനിന്നും സമ്മാനങ്ങൾ വാങ്ങുന്നതിനു് നെഹ്‌റുവിനെ ആനയിക്കുകയായി. ബന്ധുമിത്രാദികളുടെ മുഴുവൻ ശ്രദ്ധ അന്നു് തന്റെ നേക്കാകുന്നതിൽ ആ കുമാരൻ അഭിമാനംകൊള്ളുമായിരുന്നു. പിറന്നാൾ വരുന്നതു് ആണ്ടിൽ ഒരിക്കൽ മാത്രമാണല്ലോ എന്നായിരുന്നു നെഹ്‌റുവിന്റെ അന്നൊക്കെയുള്ള സങ്കടം.

മിക്കവാറും ഏകാന്തശിശുവായിട്ടാണ് ജവാഹർബാല്യകാലം കഴിച്ചുകൂട്ടിയതു്. പതിനൊന്നു വയസ്സുവരെ മാതാപിതാക്കളുടെ ഏകസന്താനമായിരുന്നു കൊച്ചു് ജവാഹർ. സഹോദരിമാരായ സ്വരൂപും (ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റ്) കൃഷ്ണയും (ശ്രീമതി കൃഷ്ണാഹത്തി സിംഗ്) ജവാഹറിനെക്കാൾ വളരെ പ്രായക്കുറവുള്ളവരാണു്. കിന്റർ ഗാർട്ടനിലോ പ്രൈമറി സ്കൂളിലോ പോയി മററു വിദ്യാർത്ഥികളുമായി സഹവസിക്കാനുള്ള സന്ദർഭവും കൊച്ചു ജവാഹറിനു ലഭിച്ചില്ല. മോത്തിലാലിന്റെ ജ്യേഷ്ഠൻ നന്ദലാലിന്റെ മക്കളും അക്കാലത്തു ഈ വീട്ടിൽ തന്നെയായിരുന്നു. പക്ഷെ, അവർ മുതിന്ന കുട്ടികളായിരുന്നതിനാൽ അവരുമായി കൂട്ടുകൂടാനും നെഹ്‌റുവിനു് കഴിഞ്ഞില്ല. ഗൃഹത്തിലിരുത്തിയാണു് നെഹ്‌റുവിനെ പഠിപ്പിച്ചതു്. ഗവർണ്ണസ്സിന്റെ ഉപദേശങ്ങൾ മുൻഷിയുടേയും അമ്മയുടേയും കഥകൾ എന്നിവ കേ-

ട്ടതും മാതാവിൻെറകൂടെ പോയി മതകർമ്മങ്ങൾ കൗതുകപൂർവ്വം കണ്ടതും എട്ടാം വയസ്സിൽ കുതിരസവാരി പഠിച്ചതും ആണ് ജവാഹറിന്റെ ബാല്യകാല ജീവിതത്തിലെ സ്മരണീയസംഭവങ്ങൾ.

ജവാഹറിന് പത്തു വയസ്സായപ്പോൾ കുടുംബം ആനന്ദഭവനിലേയ്ക്കു താമസം മാററി. നയനാനന്ദകരമായ പൂന്തോട്ടം, നീന്തിക്കളിക്കാൻ കൃത്രിമക്കുളം, വിശാലമായ നിരവധി മുറികൾ, തുറസ്സായ വരാന്തകൾ, വിസ്തൃതമായ പറമ്പ് ഇതെല്ലാം ആ ഭവനത്തിൻെറ പ്രത്യേകതകളായിരുന്നു. ചുരുക്കത്തിൽ ആനന്ദഭവനം എന്ന പേര് അന്വർത്ഥമായിരുന്നു. പിൽക്കാലത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ കാര്യാലയമായിത്തീർന്നു ഈ ഭവനം.

പതിനൊന്നാം വയസ്സിൽ ജവാഹറിനെ പഠിപ്പിക്കുവാൻ ഫെർഡിനാൻഡ് ബ്രൂക്ക്സ് എന്നൊരു വെള്ളക്കാരൻ വന്നു. അദ്ദേഹം ഒരു തിയോസഫിസ്റ്റ് ആയിരുന്നു. തിയോസഫിയെപ്പററിയുള്ള ബ്രൂക്സിൻെറ പ്രഭാഷണങ്ങൾ നെഹ്റു ശ്രദ്ധാപൂർവ്വം കേട്ടു. അക്കാലത്ത് ആനിബസൻറ് എന്ന ഒരു മദാമ്മ തിയോസഫിസ്റ്റ് പ്രവർത്തനത്തിനായി ഇന്ത്യയിൽ വന്നിരുന്നു. അവർ വലിയ ഒരു വാഗ്മി ആയിരുന്നു. ബ്രൂക്സിനെ ജവാഹറിൻെറ ട്യൂട്ടറായി നിയോഗിച്ചത് ആനിബസൻറായിരുന്നു. ബ്രിട്ടൻ ഇന്ത്യാക്കാർക്ക് സ്വാതന്ത്ര്യം നൽകണമെന്ന് ആ മദാമ്മ ശക്തിയായി വാദിച്ചു.

ബ്രൂക്ക്സ് മൂന്നു കൊല്ലക്കാലം നെഹ്റുവിനെ പഠിപ്പിച്ചു. ഇക്കാലത്താണ് പുസ്തകങ്ങൾ വായിക്കാനുള്ള താൽപ്പര്യം നെഹ്റുവിനു കൂടിയതു്. ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രസിദ്ധന്മാരായ സർ. വാൾട്ടർ സ്കോട്ട്, ഡിക്കൻസ്, താക്കറെ എന്നിവരുടെ നോവലുകൾ ആ ബാലവിദ്യാർത്ഥി വായിച്ചുതീർത്തു. മാർക്ക്ട്വയിൻ, ഷെർലാക്ക്ഹോംസ് തുടങ്ങിയവരുടെ കഥകളും അക്കാലത്ത് ആ കൊച്ചു കുട്ടി വായിച്ചു. കവിതാപാരായണത്തിന് ആ ബാലനു കൗതുകം വളർന്നു. ശാസ്ത്രത്തിൻെറ പഠനത്തിനു സ്വന്തമായ ഒരു ലാബറട്ടറിയും ഗുരുവും ശിഷ്യനും ചേർന്നു വീട്ടിൽ സംഘടിപ്പിക്കുകയും ചെയ്തു.

അക്കാലത്തുണ്ടായ രണ്ടു് സംഭവങ്ങൾ ജവാഹറിനെ ആവേശംകൊള്ളിച്ചു. ബോവർ യുദ്ധവും റുസ്സോ—ജപ്പാൻയുദ്ധവും. നെഹ്റു

വിൻെറ അനുഭാവം ബോവർമാരോടായിരുന്നു. ഏഷ്യൻ രാജ്യമായ ജപ്പാൻ പാശ്ചാത്യരാജ്യമായ റഷ്യയെ തോൽപ്പിക്കുന്ന വാർത്തകൾ ജവാഹറിനെ ആവേശം കൊള്ളിച്ചു. തൻെറ രാജ്യമായ ഇന്ത്യയും ഒരു ഏഷ്യൻ രാജ്യമല്ലേ? ബ്രിട്ടീഷുകാരുടെ അടിമയായി ഇന്ത്യ കഴിയുന്നതു് അഭിമാനകരമാണോ? ജപ്പാനെപ്പോലെ ഇന്ത്യയും സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടുകതന്നെ വേണം. ഇതായിരുന്നു ബാലനായ നെഹ്റുവിൻെറ അന്നത്തെ ചിന്താഗതി.

## ഹാരോയും കേംബ്രിഡ്ജും

ജവാഹർലാൽ നെഹ്റു 1905-ൽ ഇംഗ്ലണ്ടിലേയ്ക്കു് കപ്പൽ കയറി. ഉപരിവിദ്യാഭ്യാസത്തിനാണ് ഇംഗ്ലണ്ടിലേയ്ക്കു പോയതു്. പതിനഞ്ചു വയസ്സുണ്ടായിരുന്നു അന്നു നെഹ്റുവിനു്. അമ്മയും അച്ഛനും കൊച്ചനുജത്തിയും നെഹ്റുവിൻെറ കൂടെ പോയിരുന്നു.

ഇംഗ്ലണ്ടിലെ പ്രസിദ്ധമായ ഹാരോ സ്കൂളിൽ ജവാഹറിനു പ്രവേശനം കിട്ടി. പുതിയ അന്തരീക്ഷം, അപരിചിതരായ സുഹൃത്തുക്കൾ. ജീവിതത്തിലാദ്യമായിട്ടാണ് വീട്ടും നാട്ടുംവിട്ടു ഈ കുലീനകുമാരൻ മറുനാട്ടിൽ കഴിയേണ്ടിവന്നിരിക്കുന്നതു്. വീട്ടുവിട്ടു താമസിക്കുന്നതിൽ ഒരസുഖം നെഹ്റുവിനു് അനുഭവപ്പെട്ടു. പക്ഷെ അതധികനാൾ നീണ്ടുനിന്നില്ല. ഹാരോ പബ്ലിക് സ്കൂളിലെ ജീവിതവുമായി കഥാപുരുഷൻ വേഗം പൊരുത്തപ്പെട്ടു.

പാഠപുസ്തകങ്ങൾ പഠിക്കുന്നതിനു് പുറമേ സാമാന്യവിജ്ഞാനം നേടുന്നതിൽ നെഹ്റു പ്രത്യേകം ശ്രദ്ധിച്ചു. അതിനു വലിയ വാസനയും താൽപര്യവും ഉണ്ടായിരുന്നു നെഹറുവിനു്. അക്കാര്യത്തിൽ ആ ഇന്ത്യൻ ബാലൻ സഹപാഠികളെ പിന്നിലാക്കി. വിവിധ വിഷയങ്ങളെപ്പററി വിപുലമായ അറിവു് ആ ബാലനുണ്ടായിരുന്നു. ഇംഗ്ലീഷ് കുട്ടികൾ പ്രായേണ കളികളിൽ കൂടുതൽ ശ്രദ്ധാലുക്കളായിരുന്നു.

ഹാരോയിലെ ഹെഡ്മാസ്റ്റർ നെഹ്റുവിൻെറ അച്ഛനു് ഇപ്രകാരം എഴുതി: "നിങ്ങളുടെ കുട്ടിയെക്കുറിച്ചു് എല്ലാ അദ്ധ്യാപകർക്കും നല്ല അഭിപ്രായമാണുള്ളതു്. എനിക്കു അവനെക്കുറിച്ചു് പൂർണ്ണ സംതൃപ്തിയാണുള്ളതു്.

1905-ൽ ബ്രിട്ടനിൽ പൊതുതിരഞ്ഞെടുപ്പു് നടന്നു. ആ തിരഞ്ഞെടുപ്പിൽ ലിബറൽകക്ഷി വിജയിച്ചു് മന്ത്രിസഭയുണ്ടാക്കി. ആ മന്ത്രിസഭയിലെ അംഗങ്ങളുടെ സമ്പൂർണ്ണലിസ്റ്റു് തൻെറ അദ്ധ്യാപകനു്

കൊട്ടക്കാൻകഴിഞ്ഞ ഏകവിദ്യാൎത്ഥി നെഹ്റു ആയിരുന്നു. രാഷ്ട്രീയ കാര്യങ്ങളിലായിരുന്നു ഏറ്റെ താല്പര്യം ആ കുട്ടിക്ക്. പിന്നെ വ്യോമ യാനമാണു് നെഹ്റുവിനെ കൂടുതൽ ആകൎഷിച്ചതു്. വ്യോമയാന പരീക്ഷണങ്ങളുടെ കാലമായിരുന്നു അതു്. മനുഷ്യനു് ആകാശത്തു് പക്ഷിയെപ്പോലെ പറക്കാൻ കഴിയുമെന്നു് പരീക്ഷണങ്ങൾ തെളിയിച്ചു. താൻ വിമാനത്തിൽ വീട്ടിൽ വരുന്നകാലം ആസന്നമാണെന്നു് നെഹ്റു അച്ഛനു് എഴുതി.

ഹാരോ പബ്ലിക് സ്കൂളിൽ രണ്ടു് കൊല്ലം നെഹ്റു പഠിച്ചു. സ്കൂളിൽനിന്നു കഥാപുരുഷൻ പിരിഞ്ഞ സന്ദർഭം വിഷാദാകുലമായിരുന്നു. അവൻ വിമ്മി വിമ്മി കരഞ്ഞു. അവന്റെ കണ്ണുകളിൽ നിന്നു് കണ്ണുനീർ ധാരധാരയായി ഒഴുകി. ഗുരുനാഥന്മാരോടും സഹപാഠികളോടുമെല്ലാം പ്രത്യേകംപ്രത്യേകം അവൻ യാത്ര ചോദിച്ചു. ആ സ്കൂളും അതിന്റെ അന്തരീക്ഷവും നെഹ്റുവിന്റെ സ്മരണയിൽ എന്നും പച്ചയായി അവശേഷിച്ചിരുന്നു.

ജവാഹർ തന്റെ പതിനെട്ടാമത്തെ പിറന്നാളിനു് മുമ്പു് കേംബ്രിഡ്ജിലെ ട്രിനിററി കാളേജിൽ പ്രവേശിച്ചു. കേംബ്രിഡ്ജിൽ ഇന്ത്യൻ വിദ്യാർത്ഥികൾ മജ്‌ലിസ് എന്ന പേരിൽ ഒരു ക്ലബ്ബ് സ്ഥാപിച്ചിരുന്നു. രാഷ്ട്രീയ കാര്യങ്ങളാണു് അവിടെ ചർച്ചചെയ്തിരുന്നതു്. നെഹ്റുവും ക്ലബ്ബ് യോഗങ്ങളിൽ പോകുമായിരുന്നു. പക്ഷെ ഒരു മിണ്ടാപ്രാണിയായിട്ടാണു് നെഹ്റു അവിടെ കഴിഞ്ഞതു്. അന്നു് ഘോരഘോരം പ്രസംഗിച്ചവർ പിന്നീടു് സർക്കാർ ഉദ്യോഗങ്ങൾ കിട്ടിയപ്പോൾ മിണ്ടാപ്രാണികളായിത്തീർന്നു. കൊടുങ്കാററിനു് മുമ്പുള്ള ശാന്തതയായിരുന്നു നെഹ്റുവിന്റേതു്. ഒരു അഗ്നികുണ്ഡം നെഹ്റുവിൽ പുകഞ്ഞുകൊണ്ടിരുന്നു. അക്കാലത്തു് ജി. എം. ട്രെവലിയന്റെ ഗാരിബാൾഡി പുസ്തകങ്ങൾ നെഹ്റു വായിച്ചു. അതിന്റെ ഒന്നാംവാല്യം നെഹ്റുവിനു സമ്മാനമായി കിട്ടി. ഇററാലിയൻ വിപ്ളവ നേതാവായ ഗാരിബാൾഡിയുടെ കഥ വായിച്ചപ്പോൾ കൂടുതൽ വായിക്കാൻ കഥാപുരുഷനു് ഔൽസുക്യം ഉണ്ടായി. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലും ഇററലിയിൽ നടന്നതുപോലെയുള്ള ധീരകൃത്യങ്ങൾ നടത്തുന്നതു് നെഹ്റുവിന്റെ മനോദർപ്പണത്തിൽ നിഴലിച്ചു.

ഇന്ത്യയിലെ വൈസ്രായി അന്നു് കഴ്സൺ പ്രഭുവായിരുന്നു. അദ്ദേഹത്തിന്റെ നയങ്ങൾ ജനങ്ങളിൽ വെറുപ്പുണ്ടാക്കി. ബംഗാൾ വിഭജനം അവിടത്തെ ജനങ്ങളെ രോഷാകുലരാക്കിത്തീർത്തു. നാട്ടിലുടനീളം പ്രക്ഷോഭണങ്ങൾ നടന്നു. ജനങ്ങളുടെ ആവേശത്തെ അടിച്ചമർത്താനാണു് കഴ്സൺപ്രഭു മുതിർന്നതു്. ഒട്ടധികം യുവജനങ്ങളെ തടവിലാക്കി. പലരേയും തൂക്കിക്കൊന്നു. ഇന്ത്യയിലെ സംഭവഗതികൾ നെഹ്റു ഗാഢമായി ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഇന്ത്യൻ വാർത്തകളുമായി വരുന്ന പത്രങ്ങളെ നെഹ്റു ആർത്തിയോടെ കാത്തിരുന്നു.

കേംബ്റിഡ്ജിൽ നെഹ്റുവിന്റെ ശാന്തമായ ജീവിതത്തെ ഇന്ത്യയിലെ സംഭവങ്ങൾ അസ്വസ്ഥമാക്കി. ഇന്ത്യയിലെ അന്നത്തെ മുദ്രാവാക്യം സ്വരാജ് ആയിരുന്നു. ജവാഹർ ഇനി എന്തു ചെയ്യണമെന്ന പ്രശ്നം മോത്തിലാലിന്റെ കുടുംബത്തിൽ ചർച്ചാവിഷയമായതു് ഇക്കാലത്താണു്. ഇന്ത്യയിലെ സമ്പന്നന്മാരുടെ മക്കളുടെ താൽപ്പര്യം ഐ. സി. എസ്സ്. കാരാകണമെന്നായിരുന്നു അന്നു്. ജവാഹറിനു് അതിനു പ്രായമായിരുന്നില്ല. എന്നുതന്നെയല്ല അച്ഛനും മകനും അതത്ര ഇഷ്ടവുമായിരുന്നില്ല. അച്ഛനെപോലെ മകനും അഭിഭാഷകനാകട്ടെ എന്ന തീരുമാനം അവസാനം ഉണ്ടായി.

1910-ൽ ജവാഹർ ശാസ്ത്രവിഷയങ്ങൾക്കു് രണ്ടാം ക്ലാസ്സിൽ വിജയിയായി ഓണേഴ്സ് ബിരുദമെടുത്തു. അതിനുശേഷം കേംബ്റിഡ്ജ് വിട്ടു് നിയമപഠനത്തിനു് ഇന്നർ ടെമ്പിളിൽ ചേർന്നു. ബാരിസ്റ്ററാകുന്നതു് സ്വതന്ത്ര ജീവിതത്തിനു പററിയതാണല്ലോ. നിയമപഠനത്തിനു കുറച്ചുസമയം മാത്രമെ നെഹ്റു വിനിയോഗിച്ചിരുന്നുള്ളു. രാഷ്ട്രീയ കാര്യങ്ങളിലാണു് ഏററിയ സമയവും ചെലവഴിച്ചിരുന്നതു് എന്നാൽ നിയമപരീക്ഷകൾ അനായാസേന ജയിച്ചുകൊണ്ടിരുന്നു. ഏഴു് സംവൽസരക്കാലം ഇംഗ്ലണ്ടിൽ നെഹ്റു വിദ്യാഭ്യാസം നടത്തി; ഇംഗ്ലീഷ് സമുദായത്തോടു് ഗാഢബന്ധവും പുലർത്തി. സാഹസികവും ധീരവുമായ ഒരു ജീവിതത്തിനു് നെഹ്റുവിനു് പശ്ചാത്തലമൊരുക്കിയതു് ഇക്കാലമാണു്. 1912-ൽ നെഹ്രു ഒരു ബാരിസ്റ്ററായി. താമസിയാതെ ആ യുവബാരിസ്റ്റർ ഇന്ത്യയിലേക്കു് കപ്പൽ കയറി; ഒരു പുതിയ ലോകവും ഒരു പുതിയ അന്തരീക്ഷവും മനസ്സിൽ കണ്ടുകൊണ്ടു്.

# നെഹ്റു കണ്ട ഇന്ത്യ

ഹാരോ പബ്ലിക് സ്കൂളിൻെറയും കേംബ്റിഡ്ജ് സർവ്വകലാശാലയുടെയും അന്തരീക്ഷത്തിലാണ് ഏഴു കൊല്ലക്കാലം നെഹ്റു ഇംഗ്ലണ്ടിൽ വളർന്നതു്. അതുകൊണ്ടു് ഒരു പാശ്ചാത്യൻെറ വീക്ഷണഗതി ആ യുവാവിൽ വളർന്നു. ഇന്ത്യയെ അങ്ങനെയാണ് നെഹ്റു കണ്ടതു്. ഇന്ത്യയുടെ രൂപഭാവങ്ങളിൽ മാററംവരുത്താൻ നെഹ്റു ആഗ്രഹിച്ചു. ഇന്ത്യയെ പുതുവേഷം അണിയിക്കാനും ആ ആദർശശാലി അഭിലഷിച്ചു. അങ്ങനെ അദ്ദേഹം ഇന്ത്യയിൽ മടങ്ങിയെത്തി. പക്ഷെ തൻെറ ആശയവും ചിന്താഗതിയും നടപ്പിലാക്കാൻ പററിയ സാഹചര്യമല്ല അന്നു് ഇന്ത്യയിലുണ്ടായിരുന്നതു്. പണവും പ്രതാപവും ആഗ്രഹിച്ചിരുന്നവർക്കു് അഭിഭാഷകവൃത്തിയായിരുന്നു കാമ്യം. ജവാഹറും സന്നതെടുത്തു് അലഹബാദ് ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. അദ്ദേഹത്തിൻെറപിതാവു് ഇക്കാലത്തിനിടയ്ക്കു് അതിപ്രസിദ്ധനായ അഭിഭാഷകനായിത്തീർന്നിരുന്നു. പക്ഷെനെഹ്റുവിൻെറ ചിന്തയും പ്രവർത്തനവും മററു വഴിയിലേക്കാണു തിരിഞ്ഞതു്.

ഇന്ത്യയിലെ ബ്റിട്ടീഷ് ഭരണത്തെക്കുറിച്ചു് ഖണ്ഡിതമായ അഭിപ്രായത്തോടെയാണ് ജവാഹർ ഇന്ത്യയിൽമടങ്ങിയതു്. ബ്റിട്ടീഷുകാരെ അവരുടെ നാട്ടിൽവച്ചുതന്നെ നെഹ്റു മനസ്സിലാക്കിയിരുന്നു. അവരെപ്പററി അദ്ദേഹത്തിനു് ബഹുമാനവും ആദരവും ഉണ്ടായിരുന്നു. പക്ഷെ ഇന്ത്യയിലെ ബ്റിട്ടീഷ്ഭരണം നെഹ്റുവിനു് അഭിമാനകരമായി തോന്നിയില്ല. സ്വന്തം നാടിൻെറ സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്നവരാണ് ബ്റിട്ടീഷുകാർ. അവർ ഇന്ത്യയെ അടിമയാക്കിവച്ചിരിക്കുന്നതു് നിന്ദ്യമല്ലെ? നെഹ്റു സ്വയം ചോദിച്ചു. അദ്ദേഹം ഇന്ത്യയുടെ പൂർവ്വ ചരിത്രത്തിലേയ്ക്കു് കണ്ണോടിച്ചു. ഇന്ത്യയെ കണ്ടെത്തൽ എന്ന പുസ്തകത്തിൽ ജവാഹർ ഇങ്ങനെ എഴുതുന്നു "ഈ ഇന്ത്യ എന്താണ്? കഴിഞ്ഞകാലത്തു് ഇന്ത്യ എന്തിനെ പ്രതിനിധാനം ചെയ്തു? അന്നു് ഈ രാജ്യത്തിനു് ശക്തിനൽകിയതു്

എന്താണ്. ആ പഴയശക്തി എങ്ങനെ നഷ്ടപ്പെട്ടു? അതു് എങ്ങനെ വീണ്ടെടുക്കാം? ഇന്ത്യ ഒററപ്പെട്ടു നിൽക്കുന്നതു് ഞാൻ കണ്ടു. മററു രാജ്യങ്ങളുമായി സഹകരണം പുലർത്തുന്ന ഒരു ഭാവിയാണ് എൻെറ മനസ്സിൽ രൂപംകൊണ്ടതു്.''

''ഇന്ത്യ എൻെറ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നു. എന്നെ ആവേശം കൊള്ളിച്ച പലതും ഇന്ത്യയിലുണ്ടായിരുന്നു. എനിക്കു് വെറുപ്പുണ്ടാക്കിയവയും ഉണ്ടായിരുന്നു. ഞാൻ കണ്ട ഇന്ത്യയുടെ രൂപം എൻെറ മനസ്സിൽ തെളിഞ്ഞു. ഉയർച്ചകളും താഴ്ചകളും മാറിവന്ന ഇന്ത്യ. ജയവും തോൽവിയും കണ്ട ഇന്ത്യ. ഇതെല്ലാമായിട്ടും ആയിരമായിരം കൊല്ലങ്ങളായി തുടർന്നുവന്ന ഇന്ത്യൻ സംസ്കാരത്തിൽ വിശേഷമായി എന്തോ ഉണ്ടെന്നു എനിക്കു തോന്നി. ശോഭനമായ ഭൂതകാലം ഉണ്ടായിരുന്ന ഇന്ത്യ ഇന്നു് ഇതാ ബ്റിട്ടീഷ്കാരൻെറ അടിമ.''

ഇന്ത്യൻനാഷണൽ കാൺഗ്രസ്സ് അന്നു് ഒരു വലിയ ശക്തിയായി കഴിഞ്ഞിരുന്നില്ല. കാൺഗ്രസ്സ്യോഗങ്ങൾ വെറും തണുപ്പനായിരുന്നു. ബഹുജനങ്ങളെ ആവേശം കൊള്ളിക്കാനും അണിനിരത്താനും ആ സംഘടനയ്ക്കു് കഴിഞ്ഞിരുന്നില്ല. ഗാന്ധിജിയെ അന്നു് ഭാരതം കണ്ടെത്തിയിരുന്നുമില്ല. അഭിഭാഷകരും ജഡ്ജിമാരും മററുമാണ് കാൺഗ്രസ്സ് യോഗങ്ങളിൽ മുൻപന്തിയിലിരുന്നിരുന്നതു് മുറയ്ക്കു വാഷികയോഗംകൂടി പിരിയുകയല്ലാതെ കാര്യമായി ഒന്നും കാൺഗ്രസ്സ് ചെയ്തിരുന്നില്ല.

1912–ൽ കാൺഗ്രസ്സ് പതിവുപോലെ സമ്മേളിച്ചു. ബങ്കിപൂരില്ായിരുന്നു സമ്മേളനം. ജവാഹർലാലും ഒരു പ്രതിനിധിയെന്ന നിലയിൽ സമ്മേളനത്തിൽ പങ്കെടുത്തു. ആ സമ്മേളനംകൊണ്ടും ഒരു പ്രയോജനവുമുണ്ടായില്ല. നെഹ്റു പിന്നേയും അഭിഭാഷകവൃത്തി തുടർന്നു. എങ്കിലും മനസ്സിൽ ഒരു തീ ആളിക്കത്തിക്കൊണ്ടിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ. അതിനൊരു രംഗവും അന്നുണ്ടായിരുന്നില്ല.

തൻെറ ഊർജ്ജിതം നായാട്ടിലേയ്ക്കു നെഹ്റു തിരിച്ചുവിട്ടു. നായാട്ടിൽ അദ്ദേഹത്തിന്് വലിയ രസമൊന്നുമുണ്ടായിരുന്നില്ല. എ

ന്നാലും കാട്ടിൽ അലഞ്ഞുതിരിയാനും കാനനഭംഗി കാണാനും ഒരു രസം തോന്നി. ഇതും നീണ്ടുനിന്നില്ല. കാശ്മീരിൽവെച്ച് ഒരിക്കൽ ഒരു മാനിനെ വെടിവെച്ചു വീഴ്ത്തി. അതോടെ നെഹ്റു മൃഗയാവിനോദം നിർത്തി. ആ സംഭവത്തെപ്പററി നെഹ്റു ഇപ്രകാരം എഴുതിയിരിക്കുന്നു. "നിരുപദ്രവിയായ ആ കൊച്ചു മൃഗം വെടിയേററു് എൻെറ കാൽക്കൽ വീണു. മരണവെപ്രാളം കാണിക്കുന്നുണ്ടായിരുന്നു ആ മാൻ. അതിൻെറ ക്രൂരൻ കണ്ണുകൾകൊണ്ടു് അതെന്നെ നോക്കി. ആ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞിരുന്നു. ആ കണ്ണുകൾ പില്ക്കാലത്തു പലപ്പോഴും എന്നെ പീഢിപ്പിച്ചിട്ടുണ്ടു് ഇനിമേൽ വേട്ടയില്ല. ഞാൻ നിശ്ചയിച്ചു."

ഇരുപത്തിയേഴാമത്തെ വയസ്സിൽ നെഹ്റു വിവാഹിതനായി. വധുവിൻെറ പേർ കമലാകൗൾ എന്നായിരുന്നു. ലളിതകോമളയായ ഒരു കൃശാംഗി. ഡൽഹിയിൽ വെച്ചാണു് വിവാഹം നടന്നതു്. വസന്തപഞ്ചമി ദിവസം. പില്ക്കാലത്തു് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ അഭിമാനകരമായ ഒരു പങ്കു് കമല വഹിച്ചു.

നെഹ്റുവിൻെറ വിവാഹത്തിനു് മുമ്പു് ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടിരുന്നു. ഇന്ത്യയും യുദ്ധത്തിൽ പങ്കെടുത്തു. ഇന്ത്യ ആളും അർത്ഥവും യുദ്ധരംഗത്തേയ്ക്കു് ഒഴുക്കി. നാട്ടുരാജാക്കന്മാർ ചക്രവർത്തിയോടു് കൂറു പ്രഖ്യാപിച്ചു. ഹിന്ദുക്കളും സിക്കുകാരും മുസ്ലിമങ്ങളും തോളോടുതോൾ ചേർന്നു് പടക്കളത്തിൽ അണിനിരന്നു. ഇതൊക്കെയാണെങ്കിലും ഇന്ത്യയിലെ സാമാന്യ ജനങ്ങളുടെ അനുഭാവം ജർമ്മനിയോടായിരുന്നു. ഇന്ത്യയെ അടിമയാക്കി ഭരിക്കുന്ന ഇംഗ്ലണ്ടിനെ എതിർക്കുന്നതുകൊണ്ടായിരുന്നു ജർമ്മനിയോടുണ്ടായ അനുഭാവം. ഇക്കാലത്തു് ഇന്ത്യയിൽ ഒരു പുതിയ ഉണർവ്വുണ്ടായി.

ലോകമാന്യതിലകൻ ഹോംറൂൾലീഗ് ആരംഭിച്ചു. ഇന്ത്യയ്ക്കു് സ്വയംഭരണം നേടുകയായിരുന്നു ലക്ഷ്യം. ആനിബസൻറ് മദാമ്മ ഹോംറൂൾലീഗിനുവേണ്ടി ഉജ്ജ്വലപ്രസംഗങ്ങൾ നടത്തി. ഒരു ഐറിഷ് വനിത ഇന്ത്യൻ സ്വാതന്ത്ര്യത്തിനു് വേണ്ടി വാദിക്കുന്നതു് ഹൃദയസ്പൃക്കായ കാഴ്ചയായിരുന്നു. ജവാഹർലാലും ഹോംറൂൾലീഗിൽ ചേർന്നു. തൻെറ സർവ്വശക്തിയും ഇതിനുവേണ്ടി വിനിയോഗിക്കാൻ നെഹ്റു തയാറായി. ഏറെത്താമസിയാതെ ഗവൺമെൻറു് ആനി

ബസൻറിനെ ജയിലിലടച്ചു. ഈ കട്ടംകൈ ഇന്ത്യാക്കാരെ രോഷാകലരാക്കി. മോത്തിലാലിനും ഇതു പന്തിയല്ലെന്നു് തോന്നി.

ചരിത്രനായകൻ ഇക്കാലത്തു് പൊതുയോഗങ്ങളിൽ ഗണ്യമായ പങ്കുവഹിക്കുകയോ പ്രസംഗിക്കുകയോ ചെയ്തിരുന്നില്ല. നാട്ടുകാർക്കു് മനസ്സിലാകുന്ന മാതൃഭാഷയിൽ സംസാരിക്കാൻ ബുദ്ധിമുട്ടായിരുന്നു നെഹ്റുവിനു്. പത്രമാരണ നിയമത്തെ പ്രതിഷേധിക്കാൻ ആയിടയ്ക്കു് ഒരു യോഗം കൂടി. ആ യോഗത്തിൽ പ്രസംഗിക്കാൻ നെഹ്റു നിർബന്ധിതനായി. അദ്ദേഹം ഇംഗ്ലീഷിൽ ചില കാര്യങ്ങൾ പറഞ്ഞു. അത്രമാത്രം. ലിബറൽ പാർട്ടിനേതാവ്യ് സർ തേജ്ബഹദൂർ സപ്രൂ നെഹ്റുവിൻെറ പ്രസംഗം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. പ്രസംഗം കഴിഞ്ഞപ്പോൾ നെഹ്റുവിനെ സപ്രൂ കെട്ടിപ്പുണൎന്നു ചുംബിച്ചു. സ്വാതന്ത്ര്യസമരത്തിൽ ഒരു നല്ലപടയാളിയെ കിട്ടിയതിൽ സപ്രൂ ആഹ്ലാദംപൂണ്ടു.

നെഹ്റുവിൻെറ ജീവിതഗതിയിൽ ഈ സംഭവം ഒരു വഴിത്തിരിവായിരുന്നു. ഇന്ത്യ അടിമത്തത്തിൽ കിടന്നു് വലയുന്നു. ജനകോടികൾ സ്വാതന്ത്ര്യത്തിനു് വേണ്ടി കേഴുന്നു. ഈ സന്ദർഭത്തിൽ തൻകാര്യം മാത്രം നോക്കിക്കഴിഞ്ഞാൽ മതിയോ? നെഹ്റു ആലോചിച്ചു. അതോ പൊതുജീവിതത്തിൽ സജീവമായി പങ്കുവഹിക്കണോ? പക്ഷെ കാലം പക്വമായിരുന്നില്ല. അതുകൊണ്ടു് അഭിഭാഷകവൃത്തി തന്നെ പിന്നെയും തുടൎന്നു— മനസ്സില്ലാ മനസ്സോടെ.

യുദ്ധകാലത്തു് ഇന്ത്യ ഏറെക്കുറെ ചക്രവൎത്തിയോടു് കൂറുള്ള രാജ്യമായിത്തന്നെ നിലകൊണ്ടു. ബ്രിട്ടീഷ്ഭരണത്തെ ഭയപ്പെടുത്തത്തക്ക സംഭവമൊന്നും ഇന്ത്യയിൽ ഉണ്ടായതുമില്ല. ചില വ്യക്തികൾ ചില പ്രസ്ഥാനങ്ങൾ ആരംഭിച്ചിരുന്നു. ജനങ്ങളെമുഴുവൻ അണിനിരത്താൻ അവൎക്കകഴിഞ്ഞിരുന്നില്ല. സ്ഥിതി പാടെ മാറാൻ അധികകാലം വേണ്ടിവന്നില്ല. ഇന്ത്യ അടിമത്തത്തിനെതിരായി സടകുടഞ്ഞെഴുന്നേററു. തുടൎന്നു നടന്ന സംഘട്ടനത്തിൽ ജവാഹർലാൽ നെഹ്റു നാടകീയമായ പങ്കു വഹിക്കണമെന്നായിരുന്നു ചരിത്രവിധി.

## ഗാന്ധിജിയെ കണ്ടെത്തി

1918-ൽ യുദ്ധം അവസാനിച്ചു. സ്വേച്ഛാധിപത്യ രാജ്യങ്ങൾ യുദ്ധത്തിൽ തോററു നിലംപരിശായി. ജനാധിപത്യരാജ്യങ്ങൾ വിജയശ്രീലാളിതരുമായി. യുദ്ധത്തിലെ വിജയത്തിനു നൽകേണ്ടിവന്ന വില ദശലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനും ചോരയും ആയിരുന്നു. യുദ്ധത്തിന്റെ ഫലമായി അടിമരാജ്യങ്ങൾ സ്വാതന്ത്ര്യത്തിന്റെ അരുണോദയം ദർശിച്ചു. ഒരു പുതിയ പദവി ലഭിക്കുമെന്നു ഇന്ത്യൻജനതയും വിശ്വസിച്ചു. പക്ഷെ ബ്റിട്ടൻ ഇന്ത്യക്കു നൽകിയ സമ്മാനം മർദ്ദനനിയമങ്ങളുടെ ഒരു പരമ്പരയായിരുന്നു. റൗലററ് ആക്ട് അക്കൂട്ടത്തിലൊന്നായിരുന്നു. ഈ നിയമമനുസരിച്ച് ആരേയും വിചാരണകൂടാതെ തടവിൽ വെക്കാം. ഭാരതം ക്ഷോഭിച്ചിളകി. സമരം നയിക്കാൻ ഒരു നേതാവുവേണം. അതായിരുന്നു അന്നത്തെ ആവശ്യം.

ആ ആവശ്യം നിറവേററപ്പെട്ടു. ഇന്ത്യക്കു ഒരു കർമ്മയോഗിയെ ലഭിച്ചു. അദ്ദേഹമായിരുന്നു മഹാത്മാഗാന്ധി. മണ്ണിൽനിന്നു മനുഷ്യനെ വാർത്തെടുത്ത യുഗപ്രഭാവൻ. യുദ്ധത്തിനുമുമ്പ് ദക്ഷിണാഫ്രിക്കയിലായിരുന്നു അദ്ദേഹം. അവിടത്തെ ഇന്ത്യാക്കാർക്കുവേണ്ടി ഗാന്ധിജി സമരം നയിച്ചിരുന്നു. ഇന്ത്യ അതു് അഭിമാനപൂർവ്വം കേട്ടിരുന്നു. ആ സമരം വിജയിച്ചു. അക്രമരാഹിത്യമായിരുന്നു ഗാന്ധിജിയുടെ ആയുധം. ഇന്ത്യയിലെ മർദ്ദനം അദ്ദേഹത്തെ വേദനിപ്പിച്ചു ഈ മർദ്ദനനിയമങ്ങൾക്കു അനുമതി നൽകരുതെന്നു ഗാന്ധിജി വൈസ്രോയിയോട്ട് അപേക്ഷിച്ചു. ഗാന്ധിജിയുടെ അഭ്യർത്ഥന വൈസ്രോയി ചെവിക്കൊണ്ടില്ല. രാഷ്ട്രീയാന്തരീക്ഷം കലങ്ങിമറിഞ്ഞു. ഇന്ത്യ ഉണർന്നെഴുന്നേററു.

അഭിമാനമുണ്ടെങ്കിൽ ഈ നിയമങ്ങൾ അനുസരിക്കരുതെന്നു ഗാന്ധിജി ഭാരതീയരോട്ട് പറഞ്ഞു. അദ്ദേഹം ഒരു സത്യാഗ്രഹസഭ ആരംഭിച്ചു. കരിനിയമങ്ങളെ ലംഘിക്കും എന്നൊരു പ്രതിജ്ഞ അതിലെ അംഗങ്ങൾ ചെയ്യണമായിരുന്നു. വാക്കിലും പ്രവൃത്തിയിലും അവർ അക്രമരാഹിത്യം പാലിക്കുകയും വേണമായിരുന്നു.

ഈ വാർത്ത ജവാഹറിൽ ഉത്സാഹം വളർത്തി. ഇരുമ്പിനെ കാന്തംപോലെ സത്യാഗ്രഹസഭ നെഹ്റുവിനെ ആകർഷിച്ചു; ആ സഭയിൽ ചേരാൻ തീരുമാനിക്കുകയും ചെയ്തു. പക്ഷെ, ജവാഹർ മാത്രം തീരുമാനിച്ചാൽ മതിയോ? അച്ഛൻെറ അഭിപ്രായം അറിയണ്ടെ. അച്ഛനു സത്യത്തിൽ അതിഷ്ടമായിരുന്നില്ല. ജവാഹറിനു് മാന്യമായും സുഖമായും ജീവിക്കാൻ മാർഗ്ഗമുണ്ടു്. എന്തിനു് പൊലീസുകേസ്സുകളിലും മററും കുടുങ്ങുന്നു? എന്തിനു ജയിലിൽ പോയി തറയിലും മററും കിടക്കുന്നു? അതു് ലജ്ജാകരമല്ലെ? ഇതായിരുന്നു മോത്തിലാലിൻെറ ചിന്താഗതി. എന്തു ചെയ്യേണ്ടു എന്നറിയാതെ ജവാഹർ കുഴങ്ങി. കയ്ച്ചിട്ടു് ഇറക്കാനും മേലാ, മധുരിച്ചിട്ടു് തുപ്പാനും മേലാ, ഇതായിരുന്നു നെഹ്റുവിൻെറ സ്ഥിതി.

ഗാന്ധിജി ആയിടയ്ക്കു് അലഹബാദു് സന്ദർശിച്ചു. നെഹ്റുവിനോടു ഗാന്ധിജി പറഞ്ഞു: "നല്ലവണ്ണം ആലോചിച്ചിട്ടുവേണം സത്യാഗ്രഹസഭയിൽ ചേരണോ വേണ്ടയോ എന്നു തീരുമാനിക്കാൻ. എനിയ്ക്കു് ഒന്നേ പറയാനുള്ളു. അച്ഛനെ അസ്വസ്ഥനാക്കുന്ന കാൽ വെയ്പു് മകൻ എടുക്കുന്നതു സൂക്ഷിച്ചുവേണം."

ഗാന്ധിജിയെ ആദ്യമായിട്ടല്ല ജവാഹർ കാണുന്നതു്. ലക്നൗ കാൺഗ്രസ്സു് കാലത്തു് ഗാന്ധിജിയുമായി ആദ്യ കൂടിക്കാഴ്ച നടന്നു. നിർഭയത്വം കഥാനായകൻെറ വിശ്വാസപ്രമാണമാകാൻ ഈ സന്ദർശനം ഉപകരിച്ചു. ആദ്യദർശനത്തിൽ തന്നെ ആ കൊച്ചു മനുഷ്യൻ ജവാഹറിൻെറ മനം കവർന്നിരുന്നു. അദ്ദേഹത്തിൻെറ ഉപദേശം എങ്ങനെ അനുസരിക്കാതിരിക്കും?

## സമരത്തിലേയ്ക്ക്

നാടാകെ പ്രതിഷേധം അലയടിക്കവേ, 1919–മാർച്ചിൽ റൗലററ് ബിൽ പാസ്സാക്കപ്പെട്ടു. ഏപ്രിൽ ആറാം തീയതി നാടാകെ പ്രതിഷേധദിനം ആചരിക്കണമെന്ന് ഗാന്ധിജി ആഹ്വാനം ചെയ്തു. ഒരഖിലേന്ത്യാ പ്രകടനം ഇന്ത്യയിൽ അന്നാദ്യമായാണുണ്ടായതു്. കടകൾ അടച്ചു, തൊഴിലുകൾ മുടക്കി, അന്നു നഗരങ്ങളെല്ലാം ഹർത്താൽ ആചരിച്ചു. നാട്ടനീളെ ഘോഷയാത്രകൾ നടന്നു. ഭാരതമാതാ കീജേ വിളികൾ എങ്ങുമെങ്ങും മാറെറാലിക്കൊണ്ടു.

ഏപ്രിൽ പത്താം തീയതി സത്യാഗ്രഹസഭയിലെ രണ്ടു നേതാക്കന്മാരെ അറസ്റ്റുചെയ്തു. അവരെ വിട്ടുകിട്ടാൻ മാർച്ച് ചെയ്ത ഒരു ജനക്കൂട്ടത്തിൻെറ നേരെ പൊലീസ് വെടിവെച്ചു. ഏതാനും പേർ തൽക്ഷണം മരിച്ചുവീണു. ജനക്കൂട്ടം ഇളകി. അവർ അഞ്ചാറു് വെള്ളക്കാരെ കൊന്നു പകവീട്ടി. തുടന്ന് ബ്രിട്ടീഷ് ഗവമ്മെൻറു് ഭീകരമർദ്ദനമാണ് നാടാകെ അഴിച്ചുവിട്ടതു്. അമൃതസരസ്സിലും അഹമ്മദാബാദിലും കൂട്ട ലഹളകൾ നടന്നു.

ഏപ്രിൽ പതിനഞ്ചു്. മദ്ദന നടപടികളിൽ പ്രതിഷേധിക്കുവാൻ അന്നു വൈകുന്നേരം ജലിയൻവാലാ ബാഗിൽ ഒരു വലിയ യോഗംകൂടി. ഏററവും സമാധാനപരമായിരുന്ന ഒരു യോഗമായിരുന്നു അതു് ജലിയൻ വാലാബാഗ് അടച്ചുകെട്ടിയ ഒരു സ്ഥലമാണ് അവിടെയാണ് ബഹു സഹസ്രം ജനങ്ങൾ കൂടിയതു്. അവിടെനിന്നു പുറത്തുകടക്കാൻ ഒരേ ഒരു പഴുതേയുണ്ടായിരുന്നുള്ളു. ജനറൽ ഡയർ എന്ന പഞ്ചാബിലെ പട്ടാളത്തലവൻ അവിടെക്കൂടിയ ജനസഹസ്രങ്ങളുടെ നേക്ക് യന്ത്രത്തോക്ക് പ്രയോഗിക്കുവാൻ തൻെറ ഭടന്മാക്കു ആജ്ഞ നൽകി. ജനക്കൂട്ടത്തിൻെറ നേരെ പട്ടാളം തുരുതുരെ നിറയൊഴിക്കുകയും ചെയ്തു. കൂട്ടതൽ ആളുകൾ തിങ്ങിക്കൂടിയിരുന്ന സ്ഥലത്താണു് കൂട്ടതൽ വെടിയുണ്ടകൾ പായിച്ചതു് പരുക്കേററവർ 'വെള്ളം. വെള്ളം' എന്നു വിളിച്ചു. ഒട്ടധികംപേർ നിലത്തുവീണരുണ്ടു: കൈ

യും കാലുമിട്ടടിച്ചു; നാലുകാലിൽ ഇഴഞ്ഞു; പലരും വീണടത്തു
തന്നെ കിടന്നു പിടഞ്ഞുമരിച്ചു. ആക്കും ഇവരെ രക്ഷിക്കാൻ കഴിഞ്ഞി
ല്ല. ജനറൽ ഡയർ സാമ്രാജ്യത്തെ രക്ഷിച്ചുവെന്നു ഇംഗ്ലീഷുകാർ ക
രുതി. ഒരു കൂട്ടക്കൊലയിലൂടെ അയാൾ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ
ശവക്കുഴി തോണ്ടുകയാണു് ചെയ്തതു്.

ഈ നരബലിയ്ക്കു് സാക്ഷ്യംവഹിച്ച അമൃതസരസ്സിൽ 1919-ൽ
ചേൎന്ന കാൺഗ്രസ് വാർഷികസമ്മേളനത്തിൽ ജവാഹറിന്റെ പിതാ
വായ മോത്തിലാലാണു് ആദ്ധ്യക്ഷം വഹിച്ചതു്. അതോടെ അച്ഛനും
മകനും ഇന്ത്യയുടെ അക്രമരഹിതസേനയിലെ മുന്നണിപ്പടയാളി
കളായി.

---

## ആദ്യത്തെ അറസ്റ്റ്

ജലിയൻ വാലാബാഗിലെ കൂട്ടക്കൊലയെപ്പററി ഇന്ത്യൻ നാഷണൽ കാൺഗ്രസ്സ് അന്വേഷണം നടത്തി. ജവാഹർലാലും അതിൽ പങ്കെടുത്തു. ജനങ്ങളോടുചെയ്ത തെററ് തിരുത്തണമെന്നു ഗാന്ധിജി വൈസ്രോയിയോട്ട് അഭ്യർത്ഥിച്ചു. ചക്രവർത്തിയുടെ പ്രതിനിധി അതു് ചെവിക്കൊണ്ടില്ല. ഈ സന്ദർഭത്തിലാണ് ഗാന്ധിജി ചരിത്രപ്രസിദ്ധമായ നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചതു്. ആ പ്രക്ഷോഭണത്തിൽ ജവാഹർലാൽനെഹ്റു സജീവമായി പങ്കെടുത്തു. കഥാനായകൻെറ പ്രശസ്തി വളർന്നു. സമരത്തിൻെറ മുന്നണിയിൽ ആദ്യമായി നെഹ്റു വന്നതും അന്നാണ്.

ഒററക്കെട്ടായി ഇന്ത്യ ഉയർന്നു. ഭരണത്തോടു നിസ്സഹകരിക്കാനുള്ള ഗാന്ധിജിയുടെ ആഹ്വാനം ജവാഹറിനു് ഒരു കർമ്മപന്ഥാവ് തുറന്നുകൊടുത്തു. കൂട്ടയറസ്റ്റുകളും ദണ്ഡനങ്ങളും കൊണ്ടാണ് ഗവർമെൻറ് അധികാരത്തോടുള്ള ഈ വെല്ലുവിളിയെ നേരിട്ടതു്. ഗാന്ധിജിയുടെ അനുയായികൾ കീഴടങ്ങാൻ കൂട്ടാക്കിയില്ല. അവർക്കു ഭയവും ഉണ്ടായില്ല. അറസ്ററും ജയിൽവാസവും വരിക്കാൻ ആളുകൾ സ്വയം മുന്നോട്ടുവന്നു. ഗവർമെൻറ് പതറി.

1921 ഡിസംബറിൽ വെയിൽസ് രാജകുമാരൻ ഇന്ത്യ സന്ദർശിച്ചു രാജകുമാരൻെറ സന്ദർശനം സംബന്ധിച്ച പരിപാടികളെല്ലാം കാൺഗ്രസ്സ് ബഹിഷ്ക്കരിച്ചു തുടർന്നു ഗവർമെൻറ് കാൺഗ്രസ്സ് സന്നദ്ധസംഘടനകളെ നിയമവിരുദ്ധമാക്കി. യോഗങ്ങളും പ്രകടനങ്ങളും നിരോധിച്ചു. നിരോധനലംഘനങ്ങൾ സാർവ്വത്രികമായി. സ്വന്തം പ്രവിശ്യയിൽ ഗവർമെൻറിനെ എതിർത്തതു ജവാഹർലാൽ നെഹ്റുവാണ് അച്ഛൻ പ്രക്ഷോഭണം നയിച്ചു. മകൻ പിന്തുടർന്നു. രണ്ടുപേരും അറസ്ററു ചെയ്യപ്പെട്ടു മോത്തിലാലിനും ജവാഹർലാലിനും ആറുമാസംവീതം തടവുശിക്ഷ നൽകി. ചെറിയ തുക പിഴയുമിട്ടു. അവർ രണ്ടുപേരും പിഴ ഒടുക്കാൻ കൂട്ടാക്കി

യില്ല. അതിൻെറ പേരിൽ പൊലീസുകാർ ആനന്ദഭവൻ പരിശോധിച്ചു് ആയിരക്കണക്കിനു വിലപിടിപ്പുള്ള സാധനങ്ങൾ പിടിച്ചെടുത്തു കൊണ്ടുപോയി.

മൂന്നു മാസം കഴിഞ്ഞപ്പോൾ ജവാഹർലാൽ ജയിൽ വിമുക്തനായി. കഥാനായകൻെറ ആദ്യത്തെ അറസ്റ്റ് ഇതായിരുന്നു ബന്ധനമുക്തനായശേഷം നെഹ്റു വീണ്ടും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ മുഴുകി.

1922 മാർച്ചിൽ ഗാന്ധിജിയും അറസ്ററു ചെയ്യപ്പെട്ടു. ഒരു ഇംഗ്ലീഷ് ജഡ്ജി അദ്ദേഹത്തിനു് ആറു മാസത്തെ തടവുശിക്ഷ നൽകി. ഗാന്ധിജിയുടെ അറസ്റ്റിനേയും തടങ്കലിനേയും തുടർന്നു് രാജ്യത്തു് അങ്ങിങ്ങു് അക്രമങ്ങൾ പൊട്ടിപ്പുറപ്പെട്ടു. തൻെറ അനുയായികൾ അക്രമരാഹിത്യം പാലിക്കുന്നില്ലെന്നു് കണ്ടു് ഗാന്ധിജി സമരം പിൻവലിക്കുകയാണുണ്ടായതു്. അങ്ങനെ നിസ്സഹകരണ സമരത്തിൻെറ ഒന്നാംഘട്ടം അവസാനിച്ചു.

സമരം ഇങ്ങനെ അവസാനിപ്പിച്ചതു് നെഹ്റുവിനു തീരെ ഇഷ്ടപ്പെട്ടില്ല. ഇന്ത്യൻ നാട്ടുരാജ്യമായ നാഭായിൽ വിചിത്രമായ ഒരനുഭവം നെഹ്റുവിനുണ്ടായതു് ഇക്കാലത്താണു്. സിക്കുകാരുടെ മതപരമായ ഒരു ചടങ്ങിനെ അവിടത്തെ ഭരണാധികാരി തടസ്സപ്പെടുത്തി. അവരെ പൊലീസിനെക്കൊണ്ടു് തല്ലിക്കുകയും ചെയ്തു. ഈ മർദ്ദനത്തെപ്പററി അന്വേഷിക്കാൻ കഥാനായകൻ രണ്ടു് സഹപ്രവർത്തകരുമായി നാഭായിൽ എത്തി. അവർ അവിടെ അറസ്റ്റ്ചെയ്യപ്പെട്ടു. മൂന്നു പേരേയും വിലങ്ങുവെച്ചു് തുറുങ്കിൽ പാർപ്പിക്കയുണ്ടായി. ഒരു പകലും ഒരു രാത്രിയും ഒന്നനങ്ങാൻപോലും കഴിയാതെ അവർ അങ്ങനെ തുറുങ്കിൽ കഴിഞ്ഞു. ഒടുവിൽ അവരെ രണ്ടു് വർഷത്തെ തടവിനു് ശിക്ഷിച്ചു പിന്നെ ആ ശിക്ഷ നിർത്തിവെക്കയുംചെയ്തു.

അങ്ങനെയിരിക്കെ 1925—ൽ ജവാഹറിൻെറ പത്നി ദീനം പിടിപെട്ടു് കിടപ്പിലായി. അവരെ ചികിത്സിക്കാൻവേണ്ടി നെഹ്റുകുടുംബം മുഴുവൻ യൂറോപ്പിലേയ്ക്കു് പുറപ്പെട്ടു.

---

# യൂറോപ്പിൽ

പതിമ്മൂന്ന് വർഷങ്ങൾക്ക് ശേഷമാണ് ജവാഹർലാൽ നെഹ്റു വീണ്ടും യൂറോപ്പ് സന്ദർശിച്ചതു്. നിയമബിരുദം എടുത്ത് ഇന്ത്യയിൽ വന്നശേഷം ജവാഹർ ഒരു പ്രക്ഷുബ്ധജീവിതം നയിക്കുകയായിരുന്നു. ഈ പതിമ്മൂന്ന് വർഷങ്ങൾക്കിടയിൽ അദ്ദേഹം യഥാർത്ഥ ഇന്ത്യയെ കണ്ടെത്തി; ഇന്ത്യയുടെ അധ:പതനത്തിൻെറ കാരണം മനസ്സിലാക്കി. ഇന്ത്യൻ ജനതയുടെ ഹൃദയമിടിപ്പ് അദ്ദേഹം അറിയുകയും ചെയ്തു. ഗാന്ധിജിയെ അടുത്തറിയാനും ആ ബഹുജനനേതാവിൽനിന്ന് പ്രചോദനം ഉൾക്കൊള്ളാനും നെഹ്റുവിനു് സംഗതിയായി. ഗാന്ധിമാർഗ്ഗത്തിലേക്ക് ആകർഷിക്കപ്പെട്ടു കഥാനായകൻ. ആ മാർഗ്ഗം തന്നെ പിന്തുടരാനും അവസാനമായി തീരുമാനിക്കുകയും ചെയ്തു. ഈ പതിമ്മൂന്നു വർഷങ്ങൾക്കിടയിൽ മോത്തിലാലിൻെറ രാഷ്ട്രീയ വീക്ഷണത്തിലും മാററങ്ങൾ വന്നു കഴിഞ്ഞിരുന്നു. പിതാവിലുണ്ടായ മാററം മകനെയാണ് ഏററവും സന്തുഷ്ടനാക്കിയതു്. ഭാവിജീവിതം എങ്ങനെയായിരിക്കണമെന്ന് ജവാഹർ ഇതിനകം തീരുമാനിച്ചു കഴിഞ്ഞിരുന്നു. സ്വന്തം ഭാവി, രാഷ്ട്രീയ ഭാരതത്തിൻെറ ഭാവിയുമായി അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുകയാണെന്നും അദ്ദേഹം കണ്ടുകഴിഞ്ഞിരുന്നു.

ഈ പതിമ്മൂന്നു വഷങ്ങൾക്കിടയിൽ യൂറോപ്പും വളരെ മാറികഴിഞ്ഞിരുന്നു. ലോകമഹായുദ്ധം യൂറോപ്പിൻെറ ഭദ്രതയെ അടിയോടെ ഉലച്ചിരിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൻെറ ചിത്രം ഈ യൂറോപ്യൻ പര്യടനവേളയിൽ കഥാനായകൻ വീക്ഷിക്കുന്നതു ജനീവയിൽ നിന്നാണ്. അവിടെനിന്നു ഇന്ത്യയുടെ ചിത്രവും അദ്ദേഹം കണ്ടു. ഇന്ത്യയുടെ പ്രശ്നം ഇന്ത്യയുടേതു മാത്രമല്ല; ലേകത്തിൻേറതുകൂടിയാണ്: ഇതായിരുന്നു ആ ദശനം.

അടിമരാജ്യങ്ങളുടെ പ്രതിനിധികൾ ആയിടക്കു് ബ്രസ്സൽസിൽ സമ്മേളിക്കുകയായിരുന്നു. ചൈനയിൽ നിന്നും. ജാവായിൽനിന്നും,.

ക്യൂബയിൽനിന്നും. - കൊറിയായിൽനിന്നും. ആഫ്രിക്കയിൽനിന്നും മറ്റും വന്നവരായിരുന്ന അവർ കറുത്ത നിറക്കാരും മഞ്ഞനിറക്കാരും തവിട്ടുനിറക്കാരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഇവരെല്ലാംകൂടി സാമ്രാജ്യത്വത്തിനെതിരായി ലീഗ് എന്നൊരു സംഘടന രൂപീകരിച്ചു. ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിൻെറ പ്രതിനിധി ആയി നെഹ്റുവും ലീഗിൻെറ സമ്മേളനങ്ങളിൽ പങ്കുകൊണ്ടു. ലീഗിൽ സ്വാധീനം ചെലുത്തിയിരുന്ന ഒട്ടധികം കമ്മ്യൂണിസ്റ്റുകാരെ കഥാനായകൻ നേരിട്ടു പരിചയപ്പെടുന്നതു് അന്നാണു് പിൽക്കാലത്തു് ലീഗുമായുള്ള ബന്ധം അദ്ദേഹം വിട്ടു. എങ്കിലും ആ ബന്ധം ജവാഹറിനു പ്രയോജനകരമായ ഒരനുഭവമായിരുന്നു

1927-ൽ സോവിയററുകളുടെ പത്താം വാർഷികം നടന്നു. അന്നു് നെഹ്റു കുടുംബം മുഴുവൻ മോസ്കോയിലുണ്ടായിരുന്നു. ഇന്ത്യൻ കുടുംബം മോസ്കോനിവാസികളുടെ ശ്രദ്ധ അത്യധികം ആകർഷിച്ചു. കമലാനെഹ്റുവിൻെറ കമനീയമായ ഇന്ത്യൻ വേഷത്തിലായിരുന്നു സോവിയററു് വനിതകളുടെ നോട്ടം. വിപ്ളവത്തിനുശേഷം റഷ്യയുടെ നേട്ടങ്ങളും പുരോഗതിയും ജവാഹർ നേരിട്ടു മനസ്സിലാക്കി. റഷ്യയും ഇന്ത്യയും കാർഷിക രാജ്യങ്ങളാണു് എന്നാൽ വിപ്ളവത്തിനു് ശേഷം ചുരുങ്ങിയ കാലത്തിനിടയിൽ റഷ്യ പുരോഗമിച്ചു, ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ഇന്ത്യയുടെ സ്ഥിതി പരിതാപകരമായിരുന്നു. ഇതു രണ്ടുംകൂടി താരതമ്യപ്പെടുത്തിനോക്കിയപ്പോൾ ആ ദേശീയവാദിയുടെ ചിന്തകളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ കതിരിട്ടു.

## സമരത്തിൻെറ തീച്ചൂളയിൽ

ഇന്ത്യൻ രാഷ്ട്രീയ കാര്യങ്ങൾ നവീകരിക്കണമെന്ന ആശയത്തോടെയാണ് ജവാഹർലാൽ നാട്ടിൽ മടങ്ങിയെത്തിയത്. 1927—ൽ മദ്രാസിൽ സമ്മേളിച്ച കാൺഗ്രസ്സിൽ ഈ ആശയങ്ങൾ അദ്ദേഹം പ്രകടിപ്പിച്ചു. പൂർണ്ണസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രമേയം കഥാനായകനാണ് അവതരിപ്പിച്ചത്. കാൺഗ്രസ്സിനെ സോഷ്യലിസ്റ്റ് ആശയങ്ങളിലേയ്ക്കു തിരിച്ചുവിടാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ഈ പ്രമേയം കാൺഗ്രസ്സ്, അംഗീകരിച്ചു.

1928—ൽ രാഷ്ട്രീയ ഭാരതം കോൾകൊണ്ടു. യുവജനപ്രസ്ഥാനങ്ങൾ വളർന്നു. തൊഴിലാളി യൂണിയനുകൾ ശക്തിപ്പെട്ടു. കർഷക സമരങ്ങൾ ഭരണകൂടത്തെ കിടിലംകൊള്ളിച്ചു. ജനകീയാവേശം ആർത്തിരമ്പി. ഈ കാലഘട്ടത്തിലാണ് സർ ജോൺസൈമൺെറ നേതൃത്വത്തിൽ ഒരു കമ്മീഷൻ ഇന്ത്യ സന്ദർശിച്ചത്. ആ കമ്മീഷനിൽ ഒരൊററ ഇന്ത്യാക്കാരനും ഉണ്ടായിരുന്നില്ല. ഇന്ത്യയ്ക്കു് സ്വയംഭരണത്തിൻെറ ഒതുരുളകൊട്ടക്കാമോ എന്നറിയാനാണ് സൈമൺ കമ്മീഷനെ നിയോഗിച്ചത്. ഈ കമ്മീഷൻ ഇന്ത്യയിൽ ചെന്നിടത്തെല്ലാം ഗോബാക്ക് എന്ന വിളികളോടെയാണ് ജനങ്ങൾ അവരെ എതിരേററത്. എല്ലായിടത്തും കരിങ്കൊടികൾ ഉയർന്നു. രാജ്യത്തുടനീളം പ്രതിഷേധപ്രകടനങ്ങൾ നടന്നു. പ്രബുദ്ധഭാരതത്തിൻെറ ഉയർത്തെഴുന്നേൽപ്പാണ് അന്നു് ലോകം കണ്ടത്.

ഈ അവസരത്തിൽ കഥാനായകന് ഒരു പുതിയ അനുഭവം ഉണ്ടായി. ജയിലിൽ അദ്ദേഹം പോയിട്ടുണ്ട്. ജയിലറകളിലെ നരകയാതനകൾ അനുഭവിച്ചിട്ടുമുണ്ട്. വിലങ്ങുവെച്ചു് അനങ്ങാനാവാതെ ജയിലിൽ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇപ്പോഴത്തെ അനുഭവത്തിൻെറ വെളിച്ചത്തിൽ അതെല്ലാം നിഷ്പ്രഭങ്ങളായിപ്പോയി. സൈമൺ കമ്മീഷനെതിരായി ജവാഹർലാൽ ഒരു ഘോഷയാത്ര നയിച്ചു. അന്നാണ് ലാത്തിയടിയുടെ രസം നെഹ്റു അനുഭവിച്ചറി

ഞ്ഞതു് അദ്ദേഹം തന്നെ അതിനെപ്പററി പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്

“കുതിരപ്പുറത്തു കയറിയ പൊലീസുകാർ ഞങ്ങളുടെ വാളണ്ടിയറന്മാരെ ബാററൺവടികൊണ്ടും ചാട്ടകൊണ്ടും കണ്ടമാനം അടിച്ചു. കുതിരകൾ ഞങ്ങളുടെ നേർക്കു് കുതിച്ചുവന്നപ്പോൾ ഓടിക്കളയാൻ തോന്നി. അടുത്ത നിമിഷത്തിൽ ആ വിചാരഗതി മാറി. നിന്നിടത്തുതന്നെ ഉറച്ചുനില്ക്കാനുള്ള ഉൾക്കരുത്തുണ്ടായി. ആദ്യത്തെ അടികളിൽനിന്നു് ഞാൻ രക്ഷപെട്ടു. എൻെറ പുറകിൽ നിന്നിരുന്ന വാളണ്ടിയറന്മാർ ആ അടികൾ ചെറുത്തു. അങ്ങനെ നില്ക്കുമ്പോൾ പെട്ടെന്നു ഞാൻ തനിച്ചു റോഡിൻെറ മദ്ധ്യത്തിലായി. റോഡരികിലേയ്ക്കു മാറാൻ ഞാൻ ഒന്നു രണ്ടു് ചുവടുകൾ വെച്ചു. ഉടനെ അതു ശരിയാണോ എന്നു് ഞാൻ എന്നോടുതന്നെ ചോദിച്ചു. അങ്ങനെ മാറുന്നതു ശരിയല്ല. അശ്വാരൂഢനായ ഒരു പൊലീസുകാരൻ എൻെറ നേർക്കു പാഞ്ഞുവന്നു. ഞാൻ എൻെറ തലതിരിച്ചു. ഠ, ഠ എന്നു രണ്ടടി അയാൾ എൻെറ മുതുകത്തു പൊട്ടിച്ചു. ഞാൻ സ്തംഭിച്ചുനിന്നുപോയി എൻെറ ശരീരമാസകലം വിറച്ചു. അടുത്ത ദിവസവും അതുപോലെതന്നെ കൂടുതൽ കടുത്ത അടികിട്ടി. എൻെറ കണ്ണു് കലങ്ങിപ്പോയി. തുരുതുരെയുള്ള അടികളേററു ഞാൻ ഞെളിയുകയും പുളയുകയും ചെയ്തു. മുൻപിൽ കണ്ട ഒരു പൊലീസുകാരനെ കുതിരപ്പുറത്തുനിന്നു തള്ളി താഴെയിട്ടു് അയാളുടെ കുതിരപ്പുറത്തു ചാടിക്കയറിയാൽ എന്തെന്നു് എനിക്കു് തോന്നാതിരുന്നില്ല. അച്ചടക്കം ആ സാഹസത്തിൽനിന്നു് എന്നെ വിലക്കി. ഞാൻ കൈപൊക്കുകപോലും ചെയ്തില്ല. മുഖം പൊത്തിക്കൊണ്ടു് നിന്നിടത്തുതന്നെ നിന്നു. എൻെറ നേർക്കുവന്ന തല്ലുമുഴുവൻ കൊള്ളുകയുംചെയ്തു.”

മർദ്ദനങ്ങൾ പ്രശ്നമൊന്നും പരിഹരിച്ചില്ല. സ്വാതന്ത്ര്യപ്രസ്ഥാനത്തിനു് ഒരു പുതുജീവൻ വന്നു. 1928-ഡിസംബറിൽ കാൺഗ്രസ്സ് കൽക്കട്ടായിൽ സമ്മേളിച്ചപ്പോൾ നെഹ്റുവിൻെറ പിതാവാണു് ആദ്ധ്യക്ഷംവഹിച്ചതു്. പൂർണ്ണ സ്വാതന്ത്ര്യപ്രമേയത്തിൻെറ സ്വരം മയപ്പെടുത്തിക്കൊണ്ടു് ഒരു പ്രമേയം ആ സമ്മേളനം അംഗീകരിച്ചു. ഗാന്ധിജിയുടെ ഉപദേശം അതായിരുന്നു ഒരു കൊല്ലത്തിനകം പുത്രികാരാജ്യപദവി അനുവദിക്കണമെന്നു് പ്രമേയം ആവശ്യപ്പെട്ടു. ഇന്ത്യ

ങ്കിൽ പൂർണ്ണ സ്വാതന്ത്ര്യത്തിന് വേണ്ടി ഇന്ത്യ പടവെട്ടുമെന്ന് പ്രമേയത്തിൽ മുന്നറിയിപ്പ് നൽകിയിരുന്നു.

കാൺഗ്രസ്സിൻെറ പ്രമേയം അവഗണിക്കപ്പെട്ടു. ഒരു ഭരണ പരിഷ്ക്കാരത്തിന് വേണ്ടി ദേശീയവാദികളെ ലണ്ടനിലേയ്ക്ക് ക്ഷണിക്കാൻ ബ്രിട്ടീഷ് ഗവർമ്മെൻറ് ഒരുങ്ങുകയായിരുന്നു. അങ്ങനെ ആ വർഷം കഴിഞ്ഞു. ഇന്ത്യ ഒരു പ്രതിസന്ധിയെ സമീപിക്കുകയായിരുന്നു. സർവ്വത്ര തൊഴിലാളി പണിമുടക്ക്; കർഷകജാഥകൾ രാഷ്ട്രീയാന്തരീക്ഷം ഇളകിമറിഞ്ഞു. ഈ ഘട്ടത്തിൽ ഇന്ത്യ നേതൃത്വത്തിന് ഉററുനോക്കിയതു് നെഹ്റുവിനെയായിരുന്നു.

1929-ൽ ലാഹോറിൽ സമ്മേളിച്ച കാൺഗ്രസ്സിലെ അദ്ധ്യക്ഷൻ കഥാനായകനായിരുന്നു. അച്ഛനെ പിൻതുടൎന്നു മകൻ കാൺഗ്രസ്സ് അദ്ധ്യക്ഷനായി. നെഹ്റുവിനു് അന്നു നാല്പതു് വയസ്സ് പ്രായമുണ്ടായിരുന്നു. നെഹ്റു കീജെ എന്ന വിളികൾകൊണ്ടു സമ്മേളനാന്തരീക്ഷം മുഖരിതമായി. അദ്ധ്യക്ഷഘോഷയാത്രയിൽ ജവാഹർലാൽ ഒരു വെള്ളക്കുതിരയുടെ പുറത്തുകയറി സവാരിചെയ്തിരുന്നു. ആ കാഴ്ച മോത്തിലാലിനെ പുളകംകൊള്ളിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ നെഹ്റു ഇങ്ങനെ പറഞ്ഞു. "സഖാക്കളെ! ഈ രാജ്യത്തെ വിദേശീയ ഭരണത്തിൽനിന്നു് വിമോചിപ്പിക്കാൻ പരസ്യമായ ആലോചന നടത്തുകയാണു് നാമിപ്പോൾ. ഈ പ്രസ്ഥാനത്തിൽ നാട്ടുകാരായ എല്ലാ സ്ത്രീപുരുഷന്മാരും പങ്കുചേരുകതന്നെ വേണം. മാതൃഭൂമിയുടെ ആഹ്വാനമാണിതു്. ഇതിനു നിങ്ങൾക്കു കിട്ടുന്ന സമ്മാനം യാതനയും ജയിലുമായിരിക്കും. ഒരു പക്ഷെ, മരണവുമായേക്കാം."

ജവാഹർലാൽനെഹ്റുവിൻെറ പ്രശസ്തിയും ജനസമ്മതിയും ഉച്ചകോടിയിലായി. അദ്ദേഹം സ്വാതന്ത്ര്യസമരത്തിൻെറ അനിഷേദ്ധ്യനേതാവായി. രാജ്യത്തിനുവേണ്ടി സർവ്വസ്വവും ബലിയർപ്പിച്ച ത്യാഗത്തിൻെറ നിറകുടമെന്നു് പ്രകീർത്തിതനായി. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവിനു ഭാരതരത്നം എന്ന അത്യുന്നത ബഹുമതി രാഷ്ട്രപതി സമ്മാനിക്കുകയും ചെയ്തു.

## വേദന നിറഞ്ഞ വർഷങ്ങൾ

1930-മുതൽ 939-വരെയുള്ള പത്തുവർഷക്കാലം ലോകത്തിനു പൊതുവെ ഒരു കഷ്ടദശയായിരുന്നു. ജവാഹർലാൽനെഹ്റുവിനെ സംബന്ധിച്ചിടത്തോളവും ഈ പത്തുകൊല്ലം വേദനകളും യാതനകളും നിറഞ്ഞ പട്ടുകാലം തന്നെയായിരുന്നു. അദ്ദേഹത്തിൻെറ അച്ഛനും, അമ്മയും, ഭാര്യയും ഒന്നിനുപുറകെ ഒന്നായി കാലധർമ്മം പ്രാപിച്ചതു ഈ കാലഘട്ടത്തിലാണു്. ജയിൽ ശിക്ഷകളും മററു പീഢാനുഭവങ്ങളും കാട്ടുതീപോലെ കഥാനായകൻെറ ഉള്ളും പുറവും നീററുകയായിരുന്നു.

ഇന്ത്യയ്ക്കു് സ്വീകാര്യമായ ഭരണഘടന വാർത്തെടുക്കാനുള്ള വട്ടമേശ ചർച്ചകൾ അലസിപ്പിരിഞ്ഞു. ദേശാഭിമാനികൾ നിരാശരായി. അവരുടെ നൈരാശ്യം ജവാഹർലാലിനെ അങ്ങേയററം വ്യാകുലനാക്കി. ആശാഭംഗങ്ങൾ ആ ധീരചിത്തനെ അധീരനാക്കിയില്ല. ഈ വിഷമം നിറഞ്ഞ ദശാബ്ദത്തിലെ അത്യന്തം വിഷാദാത്മകമായ ഘട്ടത്തിൽ നെഹ്റു ഇങ്ങനെ പറഞ്ഞു:- "ലക്ഷ്യം വിദൂരമായിരിക്കാം നാമിനിയും മരുഭൂമികളിലൂടെ വേച്ചു് വേച്ചു് നീങ്ങേണ്ടതായിരിക്കും. എന്നാൽ കഴമരത്തിനു് പോലും നശിപ്പിക്കാൻ കഴിയാത്ത പ്രത്യാശ നമ്മിൽനിന്നു് ചോർത്തിയെടുക്കാൻ ആർക്കു് സാധിക്കും? എത്രയോപ്രാവശ്യം ക്രൂശിക്കപ്പെട്ടിട്ടും വീണ്ടും വീണ്ടും ഉയർത്തെണീററ ഇന്ത്യയുടെ നിത്യചൈതന്യം തകർക്കാൻ ആരു് ധൈര്യപ്പെടും? ദൂരെനിന്നു് നോക്കുമ്പോൾ അപകടം ഭയാനകമായി തോന്നിയേക്കാം. എന്നാൽ അടുത്തു ചെന്നു നോക്കിയാൽ ആ അപകടമെന്നു് പറയുന്നതു് അത്ര ചീത്തയല്ലെന്നു് കാണാം. ജീവിതയാത്രയിൽ ഉത്സാഹവും സന്തോഷവും തരുന്ന ആപത്തു് പലപ്പോഴും നല്ല കൂട്ടുകാരനാണു്".

ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങൾക്കു ഏററവും നല്ല പ്രതിവിധി സോഷ്യലിസമാണെന്നു് നെഹ്റു വിശ്വസിച്ചു. ഗാന്ധിജി പോലും നെഹ്റുവിന്റെ അഭിപ്രായങ്ങളോടു യോജിച്ചിരുന്നില്ല. വ്യ

ക്തിപരമായി അവർ ഉററബന്ധം പുലർത്തിയിരുന്നുവെങ്കിലും അഭി
പ്രായവ്യത്യാസങ്ങൾ ശക്തിയായി ഉണ്ടായതു് ഇക്കാലത്താണു്

യൂറോപ്പിൽ സർവ്വാധിപത്യം തലപൊക്കുകയാണു്. യുദ്ധ ഭീതി രാഷ്ട്രങ്ങളെ വിറകൊള്ളിക്കുന്നു. ഫാസിസത്തിൻെറയും നാസി സത്തിൻെറയും ഇരയായി, പല രാഷ്ട്രങ്ങളും. ഇതിനെതിരായി ആദ്യ ശബ്ദം ഉയർത്തിയതു് കഥാനായകനാണു്. യൂറോപ്പിലെ യുദ്ധനില ഇംഗ്ലണ്ടിനു് അസൗകര്യമായി വികസിച്ചു. അക്കാരണത്താൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി മുൻപോട്ടു് വച്ചകാൽ പിമ്പോട്ടു് എടുക്കയില്ലെന്നു് നെഹ്റു നിശ്ചയിച്ചുറച്ചിരുന്നു. സർവ്വാധിപത്യംപോലെ സാമ്രാജ്യത്വവും വിപത്താണു്; അതുകൊണ്ടു് രണ്ടിനെയും എതിർക്കണമെന്ന നിലപാടു് കാൺഗ്രസ്സിനെക്കൊണ്ടു് സ്വീകരിപ്പിച്ചതും നെഹ്റു തന്നെ.

1929 ഡിസംബർ 31–ാം തീയതി അർദ്ധരാത്രി ജവാഹർലാൽ നെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ കൂടിയ ലാഹോർ കോൺഗ്രസ്സ് സമ്മേളനം പൂർണ്ണസ്വരാജ് അംഗീകരിച്ചിരുന്നു. അതോടൊപ്പം ജനുവരി 26–സ്വാതന്ത്ര്യദിനമായി ആചരിക്കണമെന്നും നിശ്ചയിച്ചിരുന്നു. 1930–ലെ ആദ്യത്തെ സ്വാതന്ത്ര്യദിനത്തിൽ രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ ജനങ്ങൾ കൂട്ടംകൂടി പൂർണ്ണ സ്വരാജ് പ്രതിജ്ഞ എടുത്തു. അന്നു് ജനങ്ങൾ പ്രകടിപ്പിച്ച ആവേശവും അച്ചടക്കവും അസാധാരണമായിരുന്നു. സിവിലാജ്ഞാലംഘനം ആരംഭിക്കാൻ ഗാന്ധിജി തീരുമാനിച്ചതു് ഈ പശ്ചാത്തലത്തിലാണു്. സിവിലാജ്ഞാലംഘനപ്രസ്ഥാനം കാട്ടുതീപോലെ നാടാകെ പടന്നുപിടിച്ചു. ധർമ്മഭടസംഘങ്ങൾ ജീവൻ ബലി കഴിക്കാനും സന്നദ്ധമായി മുന്നോട്ടു വന്നു. ഇതിൻെറ സാമ്പത്തികവശത്തെപ്പററി ജവാഹർലാൽനെഹ്റു പ്രചണ്ഡമായ പ്രചരണം നടത്തി. അദ്ദേഹം കർഷകർക്കു് ഉണർവ്വും ഉണർവ്വും പകന്നു. പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും കുട്ടികളുംകൂടി മാതൃഭൂമിക്കുവേണ്ടി ചോരയും നീരും നൽകാൻ തയ്യാറായി. 1930 മുതൽ 1934 വരെ സിവിലാജ്ഞാലംഘനം തുടന്നു. ഇന്ത്യൻ ജനതയുടെ സംഘടിത ചൈതന്യം ഇക്കാലത്താണു് ആത്തിരമ്പിയതു്.

ഇന്ത്യയിലെ നിരായുധരായ ജനതയെഅടിച്ചമത്താൻ ബ്രിട്ടീഷ് ഗവമ്മെൻറു് രാക്ഷസീയബലം പ്രയോഗിച്ചു. അക്രമരാഹിത്യം

മഹാശക്തിയാണെന്ന് ലോകം അന്നാണ് കണ്ടത്. ഫ്രഞ്ച് വിപ്ലവവും അമേരിക്കൻ സ്വാതന്ത്ര്യസമരവും സ്വാതന്ത്ര്യം, സമത്വം സാഹോദര്യം എന്നിവയ്ക്കുവേണ്ടി നടത്തിയ കട്ടത്ത പോരാട്ടങ്ങളായിരുന്നു. അക്രമരാഹിത്യം എന്ന വജ്രായുധം പ്രയോഗിച്ച് സായുധശക്തിയെ നേരിട്ട സമരം ചരിത്രത്തിൽ ഇതു് ആദ്യത്തേതാണ്. ബ്രിട്ടീഷ് ഗവമ്മെൻറ് വിറണ്ടു. ബ്രിട്ടീഷ് നിയമങ്ങൾ ലംഘിക്കപ്പെട്ടു. സിവിലാജ്ഞാലംഘന പ്രസ്ഥാനത്തിൽ അഹിംസാസേനയുടെ മുദ്രാവാക്യം ഉപ്പിനുവേണ്ടി സമരം എന്നായിരുന്നു. ഇന്ത്യയിൽ ഉപ്പ് ഗവമ്മെൻറിൻെറ കുത്തകയായിരുന്നു. ഭരണകൂടത്തിൻെറ ഈ മമ്മം ലക്ഷ്യമാക്കിയാണ് ഗാന്ധിജി ആദ്യം അമ്പുതൊടുത്തതു്. ഉപ്പുനികുതിയുടെ കനത്ത ഭാരം താങ്ങേണ്ടിവന്നതു് ഏഴകളാണ്. ഗാന്ധിജിയുടെ നീക്കം ദരിദ്രകോടികളെ ആവേശഭരിതരാക്കി. ഉപ്പുനിയമം ലംഘിക്കുന്നതിനു് ജനങ്ങൾ തയ്യാറായി.

1930 ഏപ്രിൽമാസം. ജലിയൻവാലാബാഗ് കൂട്ടക്കൊലയുടെ സ്മരണയെ മുൻനിത്തി ആചരിക്കുന്ന വാരത്തിൻെറ ഒന്നാം ദിവസമായിരുന്നു അന്നു്. ഗാന്ധിജി ഒരു സംഘവുമായി ദണ്ഡി കടൽതീരത്തേക്കു് യാത്രയായി. കടലിൽനിന്നു് ഒരുതൊട്ടി ഉപ്പുവെള്ളം കോരിയെടുത്തു. അതു് കാച്ചി ഉപ്പാക്കി. അങ്ങനെ ഗവമ്മെൻറിൻെറ ഉപ്പുനിയമം ലംഘിക്കപ്പെട്ടു.

1930 ഏപ്രിൽ പതിനാലാം തീയതി കാൺഗ്രസ്സ് പ്രസിഡൻറ് ജവാഹർലാൽ ഒരു തീവണ്ടിയിൽ യാത്രചെയ്യുകയായിരുന്നു. അദ്ദേഹത്തെ അറസ്റ്റ് ചെയ്തു് അന്നുതന്നെ ആറുമാസത്തെ തടവിനു് ശിക്ഷിക്കുകയും ഉണ്ടായി. നൈനി സെൻട്രൽജയിലിലെ പട്ടിപ്പുര എന്നുപറയപ്പെടുന്ന അറയിലാണ് നെഹ്റുവിനെ പാർപ്പിച്ചതു്. തൻെറ പിൻഗാമിയായി നെഹ്റു അച്ഛനെ കാൺഗ്രസ്സ് പ്രസിഡൻറായി നാമനിദ്ദേശം ചെയ്തു. അങ്ങനെ അച്ഛൻ മകൻെറ പിൻഗാമിയായി.

1930 മേ മാസത്തിൽ ഗാന്ധിജിയെ അറസ്റ്റ് ചെയ്തു. ഇതിനെ തുടന്നു് വ്യാപകമായ അക്രമങ്ങൾ നടന്നു. പൊലീസ് അതിക്രൂരമായ മദ്ദനവും അഴിച്ചുവിട്ടു. ഘോഷയാത്രകൾ, ലാത്തിച്ചാജ്ജുകൾ, വെടി

വെയ്പ്പ്, ഹർത്താൽ എന്നിവ ആയിടയ്ക്ക് ഇന്ത്യയിലെ നിത്യസംഭവങ്ങളായിരുന്നു.

ജയിലിൽ കഴിയുന്ന മകനു് മോത്തിലാൽ പഴങ്ങളും ഐസും മററും കൊടുത്തയയ്ക്കുമായിരുന്നു. "നാടാകെ മർദ്ദനവും വെടിവെയ്പ്പും നടക്കുമ്പോൾ ജയിലിൽ ഉത്സവമാഘോഷിക്കാൻ എനിക്കു് സാദ്ധ്യമല്ല. അച്ഛൻ മേലാൽ എനിക്കു് ഈ സാധനങ്ങൾ അയയ്ക്കരുതു്" എന്നു ജവാഹർലാൽ അച്ഛനെ അറിയിയ്ക്കുകയുണ്ടായി. മേയ് മാസത്തിൽ തന്നെ മോത്തിലാൽ നെഹ്റുവും അറസ്റ്റ് ചെയ്യപ്പെട്ടു. മകൻെറ ജയിലറയിൽ തന്നെയാണു് അച്ഛനും കഴിയേണ്ടിവന്നതു്

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നെഹ്റു കുടുംബത്തിൻെറ ത്യാഗം വീരോചിതമായിരുന്നു. ജവാഹറിൻെറ അച്ഛനും, അമ്മയും, ഭാര്യയും, സഹോദരിമാരുമെല്ലാം മുന്നണിരംഗങ്ങളിൽ അണിനിരന്നു. അവർ ജയിൽവാസം വരിച്ചു; ലാത്തിച്ചാർജ്ജുകളെ നേരിട്ടു. അവരുടെ സ്വത്തുക്കൾ നഷ്ടപ്പെട്ടു.

ആറുമാസത്തെ തടവുശിക്ഷ പൂർത്തിയായപ്പോൾ ജവാഹർലാൽ വിമോചിതനായി. ഒരു പ്രസംഗം ചെയ്തതിനു് പിറെറ ദിവസം തന്നെ അദ്ദേഹത്തെ അറസ്ററുചെയ്തു. അഞ്ചാമത്തെ ജയിൽവാസം. അതും നൈനിജയിലിൽ തന്നെ. അനാരോഗ്യംമൂലം മോത്തിലാൽ നേരത്തെ വിമോചിതനായിരുന്നു. രോഗാതുരനായി കിടപ്പിലായിരുന്ന അദ്ദേഹം മകൻെറ വീണ്ടുമുള്ള അറസ്റ്റിൽ രോഷാകുലനായി.

നവംബർ പതിനാലാം തീയതി സ്വപുത്രൻെറ നാല്പത്തിയൊന്നാം ജന്മദിനം ജവാഹർദിനമായി ആചരിക്കാൻ മോത്തിലാൽ ആഹ്വാനം നൽകി. അറസ്റ്റിനു് കാരണമായ ജവാഹറിൻെറ പ്രസംഗം യോഗങ്ങളിൽ വായിക്കാനും ഏർപ്പാടുചെയ്തു. ഈ ജന്മദിനാഘോഷങ്ങളിൽ പങ്കെടുത്തതിനു് അയ്യായിരംപേരാണു് അറസ്റ്റ് ചെയ്യപ്പെട്ടതു്.

ഭർത്താവിനെ പിൻതുടൎന്നു് സമരരംഗത്തേയ്ക്കു് പോകാൻ കമലയും സമയം പാർത്തിരിക്കുകയായിരുന്നു, ജവാഹർദിനം അതിനു് സൗകര്യമുണ്ടാക്കി. ആ ദിനം ഭാരതീയസ്ത്രീകളുടേയും സമരദിനമായിത്തീൎന്നു

കൂട്ടയറസ്ററുകൾ നടന്നു. സ്ത്രീകളെക്കൊണ്ടു് ജയിലറകൾ നിറഞ്ഞു നെഹ്റുവിൻെറ പത്നിയും അറസ്ററുചെയ്യപ്പെട്ടു. അങ്ങനെ കമലയുടെ ചിരാഭിലാഷം അന്നു നിറവേറി.

ആയിരക്കണക്കിനു് രാജ്യാഭിമാനികൾ ഇരുമ്പഴികൾക്കുള്ളിലായിരുന്നു. ആ സന്ദർഭത്തിൽ മററൊരുകൂട്ടർ ലണ്ടനിൽ ഒരു വട്ടമേശക്കുചുററും ഇരുന്നു ചർച്ചചെയ്യുകയായിരുന്നു. ഇന്ത്യയ്ക്കു് ഒരു ഭരണഘടന വാർത്തെടുക്കാൻ. ഇന്ത്യയുടെ യഥാർത്ഥ നേതാക്കന്മാരാകട്ടെ ജയിലറകൾക്കുള്ളിൽ കിടക്കുന്നു. ഒന്നാം വട്ടമേശ സമ്മേളനം കഥയില്ലാത്തതായിത്തീർന്നു. ഗവമ്മെൻറിനു അതു ബോദ്ധ്യമായി. ദേശീയ നേതാക്കന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള രണ്ടാം വട്ടമേശസമ്മേളനത്തിനു് ഗവമ്മെൻറു ശ്രമിച്ചുതുടങ്ങി. ഇതിനുവേണ്ടി ഗാന്ധിജിയെയും നെഹ്റു ഉൾപ്പടെയുള്ള കാൺഗ്രസ്സ് പ്രവത്തകസമിതിയംഗങ്ങളെയും ഗവർമ്മെന്റ് ജയിലിൽനിന്നു് വിട്ടയച്ചു. ഇരുപത്തിയാറു ദിവസത്തെ ജയിൽവാസത്തിനുശേഷം കമലയും ജയിൽ വിമുക്തയായി.

1931-ജനുവരി 26. സ്വാതന്ത്ര്യദിനത്തിൻെറ ഒന്നാം വാർഷികം. അന്നാണു് ഗാന്ധിജിയും നെഹ്റുവും ജയിലിനു പുറത്തുവന്നതു്. അപ്പോഴേയ്ക്കും ഒരു അത്യാഹിതം ജവാഹറിനെ കാത്തിരിക്കുകയായിരുന്നു. അച്ഛൻെറ ആരോഗ്യനില അപകടത്തോടടുത്തിരിക്കയാണു്

ഗാന്ധിജി ജയിൽ വിമുക്തനായ ഉടനെ തൻെറ ആത്മസുഹൃത്തിനെ കാണാൻ അലഹബാദിലേയ്ക്കു് പോയി. രാജ്യമൊട്ടാകെയുള്ള പ്രമുഖനേതാക്കന്മാർ മോത്തിലാലിനെ സന്ദർശിച്ചു. ഗാന്ധിജിയെ കണ്ടപ്പോൾ ആ രോഗാതുരൻ ആശ്വാസപൂർവ്വം ഒന്നു നിശ്വസിച്ചു. രണ്ടു് വാക്കുകൾ മാത്രമെ പറയാൻ കഴിഞ്ഞുള്ളു. "അച്ഛൻ മരണക്കിടക്കയിൽ ഇരിക്കുകയായിരുന്നു." മകൻ എഴുതുകയാണു്. "മാരകമായ മുറിവു് പററിയ വൃദ്ധസിംഹത്തെപ്പോലെ. ശരീരശക്തി അങ്ങേയററം ക്ഷയിച്ചിരുന്നു. എങ്കിലും രാജകീയമായ ഒരു ഗാംഭീര്യം അച്ഛൻെറ ആ ഇരിപ്പിൽ തെളിഞ്ഞു് കാണാമായിരുന്നു."

ഗാന്ധിജിയുടെ നേരെ മുഖംതിരിച്ചിട്ട് മോത്തിലാൽ പറഞ്ഞു "മഹാത്മജി! ഞാനിതാ പോകുകയാണു് സ്വരാജ്യം കാണാൻ ഞാനിവിടെ ഉണ്ടാവില്ല. എന്നാൽ നിങ്ങൾ കാര്യം നേടുമെന്നു് എനിക്കു

റിയാം. നിങ്ങൾക്കതു് അനുഭവിക്കാറാവും.'' ഫെബ്രുവരി ആറാം തീയതി നിറഞ്ഞ കണ്ണുകളോടെ മകൻ അച്ഛന്റെ മരണശയ്യക്കരികിൽ നോക്കിനില്ക്കവേ, ആ ധീരദേശാഭിമാനി അന്ത്യശ്വാസം വലിച്ചു.

''മോത്തിലാലിന്റെ ഏററവും ഉൽകൃഷ്ടമായ ഗുണം എന്തായിരുന്നു?'' ഒരു സുഹൃത്തു ഗാന്ധിജിയോടു പിന്നീടു് ചോദിക്കുകയുണ്ടായി ''പുത്രനോടുള്ള സ്നേഹം'' ഗാന്ധിജി മറുപടി പറഞ്ഞു. ''ഇന്ത്യയോടുള്ള സ്നേഹമായിരുന്നില്ലേ?'' വീണ്ടും സുഹൃത്തു ചോദിച്ചു: ഗാന്ധിജി പ്രതിവചിച്ചു. ''മോത്തിലാലിനു് ജവാഹറിനോടുണ്ടായിരുന്ന സ്നേഹത്തിൽ നിന്നാണു് ഇന്ത്യയോടു് സ്നേഹമുദിച്ചതു്.''

---

അദ്ധ്യായം പത്ത്

# സർവ്വത്ര ഭീകരമർദ്ദനം

ഒന്നാം വട്ടമേശാസമ്മേളനം പരാജയമടഞ്ഞിരുന്നു. അടുത്ത വർഷം വൈസ്രോയി ഇർവിൻപ്രഭു ഗാന്ധിജിയുമായി കൂടിയാലോചന നടത്തി. ഇതിന്റെ ഫലമായി ഒരു കരാർ ഉണ്ടായി. ഗാന്ധി-ഇർവിൻ കരാർ എന്നാണതറിയപ്പെടുന്നത്. സിവിൽ നിയമലംഘന പ്രസ്ഥാനം കാൺഗ്രസ്സ് പിൻവലിക്കും. രാഷ്ട്രീയ തടവുകാരെ ഗവർമ്മെൻറ് മോചിപ്പിക്കും. കടൽതീരത്ത് ഉപ്പുനിർമ്മാണം അനുവദിക്കും. അടുത്തകൊല്ലം വട്ടമേശസമ്മേളനം കൂടുമ്പോൾ കാൺഗ്രസ്സ് അതിൽ പങ്കെടുക്കും. എന്നിവയായിരുന്നു കരാറിലെ വ്യവസ്ഥകൾ.

രംഗം ലണ്ടനിലേക്ക് മാറുകയാണ്. രണ്ടാം വട്ടമേശ സമ്മേളനം. നാഷണൽ കാൺഗ്രസ്സിന്റെ ഏകപ്രതിനിധി ആയി ഗാന്ധിജി ഭരണപരിഷ്കാര ചർച്ചകളിൽ പങ്കുകൊണ്ടു. അർദ്ധനഗ്നനായ ഗാന്ധിജിയെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രാർത്ഥനായോഗങ്ങളെക്കുറിച്ചും മറ്റും ഇന്ത്യയിലേയ്ക്കു വാർത്തകൾ വന്നു. ഇന്ത്യയുടെ ഭാവിയെപ്പറ്റിയുള്ള ആലോചനകളുടെ ഒരു സൂചനപോലും പത്രവാർത്തകളിലില്ലായിരുന്നു.

ഈ അവസരത്തിൽ ഇന്ത്യക്കകത്ത് വിപ്ലവത്തിന്റെ തീനാമ്പുകൾ ഉയരുകയായിരുന്നു. കർഷകരുടെ പ്രക്ഷോഭണം, പശ്ചിമബംഗാളിൽ പ്രക്ഷോഭണം വടക്കുപടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിൽ പ്രക്ഷോഭണം. ഇങ്ങനെ എല്ലായിടത്തും പ്രക്ഷോഭണം കൊടുമ്പിരിക്കൊണ്ടു. അതേസമയം ബ്രിട്ടീഷ് ഗവർമ്മെൻറ് വ്യാപകമായ തോതിൽ മർദ്ദനം അഴിച്ചുവിടുകയും ചെയ്തു. അന്ന് ഇന്ത്യയുടെ വൈസ്രോയി വെല്ലിംഗ്ടണായിരുന്നു. ഗാന്ധി-ഇർവിൻ കരാർ ഗവമ്മെൻറ് ലംഘിച്ചു. മർദ്ദനം കൊടുമ്പിരിക്കൊണ്ടു. ഇതിനെതിരെ ജനശക്തി കൊടുങ്കാറ്റുപോലെ ഉയർന്നു. മർദ്ദനശക്തിയുടെ മുമ്പിൽ തലകുനിക്കരുതെന്ന് നെഹ്റു ജനങ്ങളെ ആഹ്വാനംചെയ്തു. നാടാകെ ചുറ്റി അദ്ദേഹം ജനങ്ങളിൽ ആവേശവും ഉത്സാഹവും പകർന്നു.

ആയിടയ്ക്കു് ജവാഹർലാൽ വീണ്ടും അറസ്റ്റുചെയ്യപ്പെട്ടു. അദ്ദേഹം അലഹബാദ് മുനിസിപ്പൽ അതിർത്തി കടക്കരുതെന്നു് നിരോധനം ഉണ്ടായിരുന്നു. ലണ്ടനിൽനിന്നു് മടങ്ങിവരുന്ന ഗാന്ധിജിയെ ബോംബെയിൽവച്ചു് കാണാൻ കഥാനായകൻ തീവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു. അപ്പോഴാണു് നിരോധനം ലംഘിച്ചതിനു നെഹ്റുവിനെ പൊലീസ് ഉദ്യോഗസ്ഥന്മാർ അറസ്റ്റു ചെയ്തതു്. കേസ് വിചാരണചെയ്തു് രണ്ടുവർഷത്തെ കഠിനതടവിനു് പ്രതിയെ മജിസ്ട്രേട്ട് ശിക്ഷിച്ചു. കൂടാതെ ഒരു പിഴയും. പിഴ ഒടുക്കിയില്ലെങ്കിൽ ആറുമാസംകൂടി കഠിനതടവു്. ഇതായിരുന്നു വിധി. നെഹ്റു പിഴ ഒടുക്കിയില്ല. പിഴ ഈടാക്കാൻ പ്രതിയുടെ കുടുംബത്തിലെ കാറും മററും ഗവൺമെൻറ് ജപ്തിചെയ്തു. കഥാനായകൻ വീണ്ടും ജയിലിലായി. നെഹ്റുവിൻെറ ആറാമത്തെ ജയിൽവാസമായിരുന്നു അതു്

രണ്ടു് ദിവസങ്ങൾകഴിഞ്ഞു് ഗാന്ധിജി ബോംബെയിലെത്തി. അദ്ദേഹത്തിൻെറ സഹപ്രവർത്തകൻ ജയിലിലായിരുന്നു. വൈസ്രോയിയെ സന്ദർശിക്കാൻ ഗാന്ധിജി അനുവാദം ആവശ്യപ്പെട്ടു. അതിനു് ഗാന്ധിജിയെ അറസ്ററുചെയ്യുകയാണു് ഗവൺമെൻറു് ചെയ്തതു്. തുടന്നു് നാടാകെ പ്രതിഷേധമായി. കൂട്ടയറസ്റ്റുകളും ഭീകരമർദ്ദനങ്ങളും നടന്നു. സിവിലാജ്ഞാലംഘനം വീണ്ടും ജനങ്ങളുടെ പരിപാടിയായി. രാഷ്ട്രീയാന്തരീക്ഷം പ്രക്ഷുബ്ധമാവുകയും ചെയ്തു.

കഥാനായകൻ ജയിലിലടക്കപ്പെട്ടപ്പോൾ അദ്ദേഹത്തിൻെറ പ്രിയപത്നി രോഗശയ്യയിലായിരുന്നു. സമരത്തിൽ പങ്കെടുക്കാൻ വയ്യാതായിപ്പോയല്ലോ എന്നാണു് കമല സങ്കടപ്പെട്ടതു്. ജവാഹറിൻെറ മാതാവും; സഹോദരിമാരും സമരത്തിൻെറ മുന്നണിയിൽ പടപൊരുതുകയായിരുന്നു. രണ്ടു് സഹോദരിമാക്കും ഓരോവർഷത്തെ തടവുശിക്ഷ നൽകപ്പെട്ടു. ജനുവരി 26-ാം തീയതി ഒരു ഘോഷയാത്ര നയിച്ചതിനു് സ്വരൂപറാണിയെ ലാത്തിയും ചൂരലും കൊണ്ടു് പൊലീസ് അടിച്ചു ബോധംകെടുത്തി. അടികളേററു ആ വൃദ്ധമാതാവിൻെറ തലപൊട്ടി. രക്തമൊലിപ്പിച്ചുകൊണ്ടു് റോഡിൽ പൂഴിമണ്ണിൽ കിടന്ന സ്വരൂപറാണിയെ ഒന്നുരണ്ടുമണിക്കൂർ കഴിഞ്ഞാണു് പൊലീസുകാർ വീട്ടിലെത്തിച്ചതു്. ജവാഹറിൻെറ മാതാവിനെ

പൊലീസുകാർ അടിച്ചുകൊന്നു എന്നുപോലും കിംവദന്തി പരന്നു. ജനങ്ങൾ ഇളകിവശായി. അവർ പൊലീസിനെ ആക്രമിച്ചു. പൊലീസ് വെടിവച്ചു. ഒട്ടധികംപേക്കു പരുക്കേററു. കുറെപ്പേർ കൊല്ലപ്പെട്ടുകയും ചെയ്തു.

ദുഃഖകരമായ ഈവാത്ത ജയിലിലുമെത്തി. "എൻെറ അമ്മ രക്തമൊലിപ്പിച്ചു് പൂഴിമണ്ണിൽ കിടന്ന ആ സ്ഥലത്തു് ഞാനുണ്ടായിരുന്നുവെങ്കിൽ എന്തു ചെയ്യുമായിരുന്നെന്നോ? ഒരു വ്യാഴവട്ടത്തിലധികമായി ഞാൻ പഠിച്ച അക്രമരാഹിത്യം ഇതു കണ്ടുകൊണ്ടു് കൈകെട്ടിനിൽക്കാൻ എന്നെ നിർബന്ധിയ്ക്കുമായിരുന്നില്ല. ഭവിഷ്യത്തു് എന്തുമാകട്ടെ. അക്രമരാഹിത്യം ഈ പ്രകൃതത്തിൽ എന്നെ നിഷ്ക്രിയനാക്കുമായിരുന്നില്ല." ഇതായിരുന്നു നെഹ്റുവിൻെറ പ്രതികരണം.

ഏതാനും ദിവസം കഴിഞ്ഞു് ആ അമ്മ മകനെ ജയിലിൽവച്ചു കണ്ടു. "ചെറുപ്പക്കാരോടൊപ്പം പൊലീസുകാരുടെ അടി ഏല്ക്കാൻ എനിക്കും ഭാഗ്യമുണ്ടായല്ലോ" എന്നാണു് ആ വീരജനനി മകനോടു് പറഞ്ഞതു്. അടിയേററു് തലപൊട്ടിയ സ്വരൂപറാണി പിന്നീടൊരിക്കലും പൂർണ്ണസുഖം പ്രാപിക്കുകയുണ്ടായില്ല. ഒരുവർഷം കൂടി കഴിഞ്ഞപ്പോൾ അവരുടെ ആരോഗ്യനില അങ്ങേയററം ക്ഷയിച്ചു. സ്ഥിരപ്രജ്ഞക്കും കോട്ടംതട്ടി.

ഇതിനിടയിൽ ജവാഹർലാൽ ഒരു തികഞ്ഞ ജയിൽപ്പുള്ളിയായിക്കഴിഞ്ഞിരുന്നു. ആ ഏകാന്തജീവിതവുമായി കഥാനായകൻ അതിവേഗം പൊരുത്തപ്പെട്ടു. അദ്ദേഹം എഴുത്തും വായനയുമായിട്ടാണു് ജയിലിൽ കഴിച്ചുകൂട്ടിയതു്. ജവാഹർലാൽ തൻെറ ആത്മകഥ രചിച്ചതും സ്വപുത്രി ഇന്ദിരാപ്രിയദർശിനിക്കു് ആയിരക്കണക്കിനു് കത്തുകൾ എഴുതിയതും ജയിലിൽവച്ചാണു്

ഇതിനിടയിൽ ആനന്ദഭവനം സർക്കാർ പിടിച്ചടക്കി. ബഹുജനസംഘടനകൾ നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടു. നൈനിജയിലിൽ പാർപ്പിച്ചിരുന്ന ജവാഹർലാലിൻെറ ആരോഗ്യം ഒന്നരമാസംകൊണ്ടു് പകുതി ക്ഷയിക്കുകയുണ്ടായി. അധികാരികൾ അദ്ദേഹത്തെ ബെറിലിജില്ലാ ജയിലിലേക്കു് മാററി. അവിടത്തെ ശീതോഷ്ണാവസ്ഥ നെഹ്റുവിനെ കൂടുതൽ ക്ഷീണിതനാക്കി. ഒടുവിൽ

ഹിമാലയപ്രാന്തത്തിലുള്ള ഡെറാഡൂൺ ജയിലിലാണ് കഥാനായകനെ പാർപ്പിച്ചത്.

1932 ആഗസ്റ്റിൽ ബ്രിട്ടീഷുകാർ ഒരു ഭരണപരിഷ്ക്കാരം നടപ്പിലാക്കി. കമ്മ്യൂണൽ അവാർഡ് എന്നായിരുന്നു അതിന് പേര്. ഹരിജനങ്ങൾക്കു പ്രത്യേക നിയോജകമണ്ഡലം ഏർപ്പെടുത്തിയതായിരുന്നു പരിഷ്ക്കാരങ്ങളിലൊന്ന്. ഹരിജനങ്ങളെ ഉദ്ധരിക്കാൻവേണ്ടി ജീവാർപ്പണം ചെയ്ത ഗാന്ധിജിക്ക് ഈ വ്യവസ്ഥ വേദനാജനകമായിരുന്നു. ഇതിൽ പ്രതിഷേധിച്ച് അദ്ദേഹം ഇരുപത്തിയൊന്നു ദിവസം നീണ്ടുനിന്ന ഒരുപവാസം നടത്തി. നെഹ്റു ഈ ഉപവാസത്തിനെതിരായിരുന്നു. ഏതായാലും ബ്രിട്ടീഷ് ഗവർമ്മെൻറ് ഈ വ്യവസ്ഥയിൽ മാററംവരുത്തി. ഗാന്ധിജി ഉപവാസം നിറുത്തി. ജയിൽമുക്തനായ ശേഷം സിവിലാജ്ഞാലംഘനം ആറാഴ്ച്ക്കാലത്തേക്കു ഗാന്ധിജി നിർത്തിവെച്ചു.

1933 ആഗസ്റ്റിൽ ജവാഹർലാൽനെഹ്റു ജയിൽ വിമോചിതനായി. അദ്ദേഹത്തിൻെറ മാതാവ് കലശലായ ദീനംപിടിപെട്ട് ആശുപത്രിയിൽ കിടക്കുകയായിരുന്നു. നെഹ്റു ഏതാനും ദിവസം മാതൃശുശ്രൂഷയിൽ വ്യാപൃതനായി ആശുപത്രിയിൽ കഴിച്ചുകൂട്ടി. അച്ഛൻെറ മരണശേഷം കുടുംബകാര്യങ്ങളിലും കഥാനായകൻ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. ഏതു് നിമിഷവും അറസ്റ്റ് ചെയ്യപ്പെട്ടേക്കാവുന്ന സ്ഥിതിവിശേഷമാണ് നെഹ്റുവിനെ അഭിമുഖീകരിച്ചിരുന്നതു്.

അദ്ധ്യായം പതിനൊന്നു്

## കമലയുടെ മരണം

1934 ജനുവരി പതിനഞ്ചു് ഭാരതത്തിനു ഒരു ദുർദ്ദിനമായിരുന്നു. ബീഹാറിൽ ഭയങ്കരമായ ഭൂകമ്പം ഉണ്ടായതു് അന്നാണു്. അതിന്റെ പ്രത്യാഘാതം അലഹബാദിലും അനുഭവപ്പെട്ടു. ആ സമയം ആനന്ദഭവനത്തിന്റെ വരാന്തയിൽ ഒരു സംഘം കർഷകരോടു് പ്രസംഗിക്കുകയായിരുന്നു നെഹ്റു. അദ്ദേഹത്തിന്റെ കാൽ പതറി. നെഹ്റു നിലത്തു വീണുപോകുമായിരുന്നു. അടുത്തുണ്ടായിരുന്ന ഒരു തൂണിൽ ചാരി അദ്ദേഹം രക്ഷപ്പെട്ടു. ഈ പുതിയ അനുഭവത്തിൽ നെഹ്റുവിനു് രസം തോന്നി. അദ്ദേഹം അത്ര കാര്യമായി എടുത്തുമില്ല. പക്ഷെ ബീഹാറിലെ പരസഹസ്രം ജനങ്ങൾക്കു് എന്തു സംഭവിച്ചുവെന്നു് അദ്ദേഹം അറിഞ്ഞില്ല. അതെപ്പററി ഊഹിക്കാനും കഴിഞ്ഞില്ല.

ഏതാനും ദിവസങ്ങൾക്കുള്ളിൽ നെഹ്റു ബീഹാറിൽ എത്തി. ബീഹാർ ജനതയുടെ കണ്ണിലുണ്ണിയായിരുന്ന ബാബു രാജേന്ദ്രപ്രസാദിനെ കണ്ടു. രണ്ടുപേരുമൊരുമിച്ചു് ഭൂകമ്പത്തിന്റെ കെടുതികൾ മനസ്സിലാക്കി; വേദനകളുടെ കഥകൾ കേട്ടു; ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു് നേതൃത്വം നൽകി.

ആയിടക്കൊരു ദിവസം ജവാഹർ ആനന്ദഭവനിൽ വന്നപ്പോൾ അദ്ദേഹത്തെ അറസ്റ്റു് ചെയ്യാൻ പൊലീസ് എത്തിയിരുന്നു. ജവാഹർ ജയിലിൽനിന്നു് ഇറങ്ങിയിട്ടു് അഞ്ചുമാസവും പതിമൂന്നു് ദിവസവുമായിരുന്നതേയുള്ളു. കഥാനായകൻ കൽക്കട്ടായിൽവെച്ചു് ചെയ്ത പ്രസംഗങ്ങളാണു് അറസ്റ്റിനു് കാരണം. ഏഴാമത്തെ ജയിൽ വാസം; ശിക്ഷ രണ്ടു വർഷത്തേയ്ക്കായിരുന്നു. ആലിപ്പൂർ ജയിലിൽ ആണു് അദ്ദേഹത്തെ ഇത്തവണ പാർപ്പിച്ചതു്. പിന്നീടു് ഡെറാഡൂണിലും.

ആറുമാസം കഴിഞ്ഞു് ഒരു ദിവസം വീട്ടിലേയ്ക്കു പോകാൻ ഒരുങ്ങിക്കൊള്ളുന്നതിനു് ജയിലധികൃതർ ഈ തടവുപുള്ളിയോടു് പറ

ഞ്ഞു. കമലാനെഹ്റുവിൻെറ ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ അധികൃതർ അന്നന്നു് ജവാഹറിനെ ധരിപ്പിച്ചുവന്നിരുന്നു. അങ്ങനെ ഇരിക്കെ പെട്ടെന്നു ജയിലിൽനിന്നു് പോകാനുള്ള നിർദ്ദേശം ഭാര്യയുടെ നില അപകടമാണെന്നതിൻെറ സൂചനയാണെന്നു കഥാനായകനു തോന്നി. അദ്ദേഹം ജയിൽ വിട്ടു.

ജവാഹർലാൽ ആനന്ദഭവനിലെത്തി. ക്ഷീണിച്ചു തളർന്നു കിടന്നിരുന്ന ആ കൃശഗാത്രി രോഗത്തോട്ട് പടവെട്ടുകയായിരുന്നു. കമല അവരുടെ ഒരു നിഴൽ മാത്രമായി അവശേഷിച്ചിരുന്നു. സ്വപത്നിയെനോക്കി ആ ചിരവിരഹി വികാരാധീനനായി നിശ്ശബ്ദനായി നിന്നുപോയി. കമലാനെഹ്റുവാകട്ടെ സ്വഭർത്താവിൻെറ ദർശനത്തിൽ അവാച്യമായി ആശ്വസിക്കുകയാണു് ചെയ്തതു്. ജവാഹർലാൽനെഹ്റു ആനന്ദഭവനിൽ ചെന്നതുമുതൽ കമലാനെഹ്റുവിൻെറ ആരോഗ്യനിലയിൽ ശ്രദ്ധേയമായ മാററം ഉണ്ടായതുപോലെ കാണപ്പെട്ടു.

കമലയുടെ രോഗശയ്യക്കരികിൽ കഴിഞ്ഞുകൂടാൻ പതിനൊന്നു് ദിവസം മാത്രമെ ആ തടവുപുള്ളിക്കു് അധികൃതർ അനുവാദം നൽകിയിരുന്നുള്ളു. അപ്പോഴേയ്ക്കും പൊലീസ് വന്നുകഴിഞ്ഞു. വീണ്ടും അവർ അദ്ദേഹത്തെ ജയിലിലേക്കു് കൊണ്ടുപോയി. രോഗിണിയായ വൃദ്ധമാതാവു് മകനെ കെട്ടിപ്പുണരാൻ രണ്ടുകയ്യും നീട്ടിക്കൊണ്ടു് കാറിൻെറ മുമ്പിൽ പാഞ്ഞെത്തി. അമ്മയുടെ ആ വരവു് മകൻ ഒരിക്കലും മറന്നില്ല. അലഹബാദിലെ ജയിലിലേയ്ക്കാണു് ഇത്തവണ നെഹ്റുവിനെ കൊണ്ടുപോയതു്. എന്തും സംഭവിക്കാവുന്ന ഒരു സ്ഥിതിയിലായിരുന്നു കമല. അതുകൊണ്ടാണു് അലഹബാദിൽ തന്നെ നെഹ്റുവിനെ താമസിപ്പിക്കുവാൻ ഗവമ്മെൻറ് നിശ്ചയിച്ചതു്. കമലയുടെ രോഗനിലയെക്കുറിച്ചു് അന്നന്നു് വിവരം നെഹ്റുവിനു് നൽകാനും ഏർപ്പാടുണ്ടായിരുന്നു.

ഭർത്തൃവിരഹം കമലയെ കൂടുതൽ സന്താപപരവശയാക്കി. അവരുടെ ആരോഗ്യനില അപകടത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. ഒരുമാസംകൂടി കഴിഞ്ഞു് അധികൃതർ വീണ്ടും ജവാഹറിനെ ഭാര്യയുടെ അടുക്കലെത്തിച്ചു. ഈ ഒരുമാസം അറുവഷളായ മുപ്പതു ദിവസങ്ങളായിരുന്നുവെന്നാണു് നെഹ്റു പറഞ്ഞതു് രാഷ്ട്രീയകാര്യങ്ങ

ളിൽനിന്ന് ഒഴിഞ്ഞുമാറിനിൽക്കുമെന്ന് ഉറപ്പുനൽകിയാൽ അദ്ദേഹത്തെവിമോചിപ്പിക്കുമെന്ന് അധികൃതർ അറിയിച്ചു. അത്തരമൊരു റപ്പ് വഞ്ചനയാണെന്നു നെഹ്റുവിനു തോന്നി. അതേസമയം ഭാര്യയോടുള്ള കൂറുമറക്കാമോ? അതിനുവേണ്ടി അധികൃതർ ആവശ്യപ്പെട്ട ഉറപ്പ് നൽകേണ്ടതല്ലെ? നെഹ്റു ധർമ്മസങ്കടത്തിലായി. കമലയാണ് ആ പ്രശ്നം പരിഹരിച്ചതു്. ആ രംഗം നെഹ്റുതന്നെ വർണ്ണിക്കുന്നു. "എന്നെ എപ്പോഴും കണ്ടുകൊണ്ടിരിക്കാൻ അവൾ അത്യധികം ആഗ്രഹിച്ചു. ജയിലിലേയ്ക്കു് പോകാൻ ഞാൻ യാത്രചോദിക്കവേ ഒന്നു കുനിഞ്ഞുനിൽക്കാൻ അവളെന്നോടു പറഞ്ഞു. ഞാൻ കുനിഞ്ഞു നിന്നു. ഒരു മന്ദഹാസം അവളുടെ മുഖത്തുതെളിഞ്ഞു. എന്റെ ചെവിയിൽ കമല മന്ത്രിച്ചു. "ഗവർമ്മെൻറിനു് ഉറപ്പു നൽകണമെന്നൊക്കെ പറയുന്നതിനെന്തർത്ഥം? യാതൊരുറപ്പും കൊടുക്കരുതു്." അങ്ങനെപറഞ്ഞാണു് ആ വീരപത്നി ഭർത്താവിനെ യാത്രയാക്കിയതു്.

1935 സെപ്റ്റംബർ നാലാം തീയതി നെഹ്റു ജയിൽ വിമോചിതനായി: തടവ് കാലാവധി അവസാനിക്കുന്നതിനു് അഞ്ചരമാസം മുമ്പായിരുന്നു ആ മോചനം. കമലാനെഹ്റു അത്യാസന്ന നിലയിലായതാണു് അതിനു കാരണം. കഥാനായകൻ ജയലിൽനിന്നു് നേരെ ജർമ്മനിയിലേയ്ക്കു് പോയി. അവിടെയായിരുന്നു അപ്പോൾ കമലാനെഹ്റു. അവിടത്തെ ചികിത്സകൊണ്ടു് പ്രയോജനമില്ലെന്നു് കണ്ടു് അദ്ദേഹം പ്രിയപത്നിയെ സ്വിററ്സർലൻറിലേയ്ക്കു് കൊണ്ടുപോയി. സ്വിററ്സർലൻറ് രണ്ടുപേക്ഷം ഹിതകരമായിരുന്നു. അവിടേയ്ക്കുള്ള മാററം ആശ്വാസകരമായി തോന്നി.

പുതുവർഷം പിറന്നു. ഏപ്രിൽമാസത്തിൽ നടക്കുവാൻപോകുന്ന അഖിലേന്ത്യാകാൺഗ്രസ്സിൻെറ അദ്ധ്യക്ഷനായി നെഹ്റു തെരഞ്ഞെടുക്കപ്പെട്ടു. തൻെറ പത്നിയുടെ ആരോഗ്യസ്ഥിതികാരണം ആ സ്ഥാനം നിരസിക്കുവാൻ നെഹ്റു ഒരുങ്ങി. രാഷ്ട്രം അർപ്പിക്കുന്ന ആ മഹനീയ സ്ഥാനത്തെ നിരസിക്കുന്നതിനോടു് കമലാനെഹ്റു വിയോജിച്ചു.

ഫെബ്രുവരിമാസം വന്നു. കമല കൂടുതൽ ഉന്മേഷവതിയായി കാണപ്പെട്ടു. അതുകൊണ്ടു് നെഹ്റു സന്തോഷിച്ചു. അദ്ദേഹം പാ

രീസിലും ലണ്ടനിലും ഒരു ഹ്രസ്വകാല സന്ദർശനം നടത്തി. ആ മാസം അവസാനിക്കുന്നതിനു് മുമ്പ് ഇന്ത്യയിലേയ്ക്കു് തിരിക്കുവാൻ നെഹ്റു തീരുമാനിച്ചു. പത്നിയും അവരെ ചികിത്സിക്കുന്ന ഡാക്ടറന്മാരും അതിനു് അനുമതിയും നൽകി. പോകാനുള്ള സമയം അടുത്തുവന്നു. യാത്ര മാററിവെക്കുവാനായിരുന്നു ഡാക്ടറന്മാർ പിന്നെ ചരിത്രനായകനെ ഉപദേശിച്ചതു്.

ഫെബ്രുവരി 28-ാനു നേരം പുലർച്ചയായി. നെഹ്റു പത്നിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു പുത്രി ഇന്ദിരാപ്രിയദർശിനി മാതാവിനെ നോക്കിക്കൊണ്ടു് അരികിൽ നിന്നിരുന്നു. കമലാ നെഹ്റു ഇഹലോകവാസം വെടിഞ്ഞു.

പിതാവിന്റെ മരണത്തെത്തുടർന്നു സഹധർമ്മിണിയും ആകാലമൃത്യുവിന്നിരയായി. രണ്ടു പേരുമായിരുന്നു ചരിത്രനായകന്റെ താങ്ങും തണലും. സന്തപ്തനിമിഷങ്ങളിൽ സാന്ത്വനത്തിന്റെ അമൃതം പകർന്നിരുന്ന അമ്മ അവശനിലയിൽ കഴിയുന്നു. ജീവിതം ഇരുളടഞ്ഞതുപോലെ നെഹ്റുവിനു തോന്നി

## വീണ്ടും ബന്ധനം

പത്നിയുടെ ചരമംമൂലമുണ്ടായ ദുസ്സഹദുഃഖഭാരം അടക്കി വെച്ചുകൊണ്ടു ജവാഹർലാൽ നെഹ്റു ഇന്ത്യയിൽ മടങ്ങിയെത്തി. ആ കർമ്മധീരൻ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അടിപതറാതെ പിന്നേയും തൻെറ സമരം തുടർന്നു.

യൂറോപ്പ് ഒരു വിപൽഘട്ടത്തെ നേരിട്ടുകൊണ്ടിരുന്ന കാലമായിരുന്നു അതു്. അന്നത്തെ സ്ഥിതി നെഹ്റു ഇങ്ങനെ വിവരിക്കുന്നു. "യൂറോപ്പ് കലങ്ങിമറിഞ്ഞിരിക്കുകയാണ്. എല്ലായിടത്തും യുദ്ധഭീതി നടമാടുന്നു. സാമ്പത്തിക കുഴപ്പം സർവ്വത്ര. അബിസീനിയാ ആക്രമിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടു് അടിമജനതയെ അടിച്ചമർത്തുന്നു."

യൂറോപ്യൻ രാഷ്ട്രീയകാര്യങ്ങളുടെ അടിയൊഴുക്ക് മനസ്സിലാക്കിക്കൊണ്ടാണ് കഥാനായകൻ 1936 ഏപ്രിൽ മാസത്തിൽ നാട്ടിൽ മടങ്ങിയെത്തിയതു്. ഇന്ത്യയിലേക്കുള്ള യാത്രാമദ്ധ്യേ മുസ്സോളിനിയെ സന്ദർശിക്കാൻ നെഹ്റുവിന് ക്ഷണം ലഭിച്ചു. ഇററലിയിലെ ഫാസിസ്റ്റ് നേതാവായിരുന്നു മുസ്സോളിനി. ആ ക്ഷണം കഥാനായകൻ നിരസിച്ചു.

ഇന്ത്യയിൽ മടങ്ങിയെത്തിയയുടനെ അബിസീനിയാദിനം ആചരിക്കാൻ നെഹ്റു ജനതയെ ആഹ്വാനംചെയ്തു. ഇതിനിടയിൽ 1936-ൽ ഇന്ത്യാ ആക്ടനുസരിച്ചു് തിരഞ്ഞെടുപ്പു നടന്നു. അടിമകളുടെ ഭരണഘടന എന്നാണ് ഇന്ത്യാ ആക്ടിനു് നെഹ്റു നൽകിയ പേർ. കാൺഗ്രസ്സ് സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ചുമതല നെഹ്റുവിനായിരുന്നു. അതൊരു ഭഗീരഥപ്രയത്നമായിരുന്നു. അതിനുമുമ്പ് ഒരു നേതാവും അത്രവലിയ തിരഞ്ഞെടുപ്പ് പ്രചരണത്തിനിറങ്ങിയിട്ടില്ല. ആരും അത്രയധികം പൊതുയോഗങ്ങളിൽ പ്രസംഗിച്ചിട്ടുമില്ല. തീവണ്ടിയിലും മോട്ടാർ കാറിലും സൈക്കിളിലും തിരഞ്ഞെടുപ്പ് പ്രചരണത്തിനുവേണ്ടി ആ സമരനായകൻ

യാത്രചെയ്തു. ആന, കുതിര, ഒട്ടകം, കോവർകഴുത തുടങ്ങിയ ജന്തുക്ക
ളുടെ പുറത്തുകയറിയും കാൽനടയായും അദ്ദേഹം കാൺഗ്രസ്സിൻെറ
സന്ദേശം നാട്ടിൻെറ മുക്കിലും മൂലയിലും എത്തിച്ചു. ആ പ്രചരണ
യാത്രകളെപ്പററി ആത്മകഥയിൽ നെഹ്റു ഇങ്ങനെ രേഖപ്പെടുത്തി.
“എന്നെ സംബന്ധിച്ചിടത്തോളം ഇന്ത്യയേയും ഇന്ത്യൻ ജനതയേയും
കണ്ടെത്തുന്നതിനുള്ള ഒരു യാത്രയായിരുന്നു അതു്.”

തിരഞ്ഞെടുപ്പുകഴിഞ്ഞു. ദേശീയകക്ഷി വമ്പിച്ച വിജയം
നേടി; നിയമസഭകളിലേയ്ക്കു് ഒട്ടാകെ എഴുനൂററി പതിനഞ്ചു് കാൺ
ഗ്രസ്സ് സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു. ബഹുജനങ്ങളുമായുള്ള
കാൺഗ്രസ്സിൻെറ സമ്പർക്കം ദൃഢമായി. ഏഴു് പ്രോവിൻസുകളിൽ
കാൺഗ്രസ്സ് മന്ത്രിസഭകൾ നിലവിൽവന്നു; ഇന്ത്യൻ രാഷ്ട്രീയരംഗ
ത്തു് അതൊരു പുതിയ സംഭവമായിരുന്നു. കാൺഗ്രസ്സിൻെറ ജനസ്വാ
ധീനത്തെപ്പററി ബ്രിട്ടീഷുകാർക്കുണ്ടായിരുന്ന സംശയം ഇതോടെ
നീങ്ങി.

കമലയുടെ മരണശേഷം നെഹ്റു ആനന്ദഭവനത്തിലേയ്ക്കു്
അപൂർവ്വമായിമാത്രമെ പോകാറുണ്ടായിരുന്നുള്ളു. അതുതന്നെ അമ്മയുടെ
ആരോഗ്യസ്ഥിതിയെക്കുറിച്ചു് അറിയാൻവേണ്ടി മാത്രമായിരുന്നു.
1938-ൽ ആ വീരജനനിയും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. അതിനു
ശേഷം ആനന്ദഭവനം ഏകാന്തവും ശൂന്യവുമായ വനാന്തരംപോലെ
യാണു് നെഹ്റുവിനു തോന്നിയിരുന്നതു്. ഈ അവസരത്തിൽ നെ
ഹ്റുവിൻെറ പുത്രി ഇന്ദിരാപ്രിയദർശിനി ഓക്സ്ഫോർഡിൽ പഠിക്കു
കയായിരുന്നു.

1937-ലും കാൺഗ്രസ്സ് അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെ
ട്ടതു് ജവാഹർലാൽനെഹ്റുതന്നെയായിരുന്നു. കാൺഗ്രസ്സുകാർ അധി
കാരത്തിലാണു്. അതുകൊണ്ടു് സമരപരിപാടികളിൽ ശ്രദ്ധിക്കേണ്ട
ആവശ്യം ഇല്ലായിരുന്നു. കാൺഗ്രസ്സ് മന്ത്രിസഭകളുടെ ഭരണം ജന
ങ്ങൾക്കു ചില നന്മകൾ കൈവരുത്തി. പക്ഷെ, അതുകൊണ്ടു് സ്വാ
തന്ത്ര്യമായില്ല. സ്വരാജ്യം കൈവന്നില്ല. ജനങ്ങളുടെ കഷ്ടപ്പാടുകൾ
ക്കും ദാരിദ്ര്യത്തിനും അറുതിവരണം വന്നേ മതിയാകൂ. തിരഞ്ഞെടു
പ്പുകാലത്തു ജനങ്ങളോടു സ്വാതന്ത്ര്യത്തെപ്പററി നെഹ്റു സംസാരി
ച്ചു. സോഷ്യലിസത്തെക്കുറിച്ചു പ്രസംഗിച്ചു. കർഷകനും തൊഴിലാ

ളിയും ഇടത്തരക്കാരനുമെല്ലാം ആ പ്രസംഗം ശ്രദ്ധിച്ചു. ഒരു നല്ല നാളയെപ്പററി അവർ സ്വപ്നം കണ്ടു. ഇന്ത്യയുടെ രക്ഷയും മോക്ഷവും നെഹ്റുവിലാണെന്ന് അവർ വിശ്വസിച്ചു. ഭരണംകൊണ്ടുമാത്രം ലക്ഷ്യം നേടുകയില്ലെന്നു നെഹ്റുവിന് ബോദ്ധ്യമായി. കാൺഗ്രസ്സ് സമരസ്വഭാവത്തിൽനിന്ന് വ്യതിചലിച്ചാൽ ലക്ഷ്യം വിദൂരതയിലേക്ക് പോകുമെന്നും അദ്ദേഹം കണ്ടു. ഈ വസ്തുതയിലേക്ക് മഹാത്മജിയുടെ ശ്രദ്ധ നെഹ്റു ക്ഷണിച്ചു. മുഹമ്മദാലിജിന്നയുടെ നേതൃത്വത്തിൽ വർഗ്ഗീയ സംഘടനയായ മുസ്ലീംലീഗ് ശക്തിപ്രാപിച്ചുവരുന്നതും ചരിത്രപുരുഷനെ ആശങ്കാകുലനാക്കി.

ഇന്ത്യയിലെ സ്ഥിതിഗതികൾ ഇങ്ങനെയിരിക്കെ യൂറോപ്പിന്റെ അന്തരീക്ഷത്തിൽ യുദ്ധത്തിന്റെ കാർമേഘപടലങ്ങൾ ഉരുണ്ടുകൂടുകയായിരുന്നു. ഇററലി അബിസീനിയായെ ആക്രമിച്ചു. സ്പെയിനിൽ ഫ്രാങ്കോ ആഭ്യന്തരയുദ്ധം തുടങ്ങി. സർവ്വരാജ്യസഖ്യസഭ ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും എന്ന മട്ടിലായി. ഒരു മഹായുദ്ധം ആസന്നമാവുകയാണ്. ആ യുദ്ധത്തിൽ ഇന്ത്യൻ ജനത എന്ത് നില സ്വീകരിക്കണമെന്ന് നെഹ്റു മാഞ്ചസ്റ്റർഗാർഡിയൻ എന്ന ലണ്ടൻ പത്രത്തിൽ വിശദീകരിക്കുകയുണ്ടായി. അതിങ്ങനെയാണ്. "വിദേശത്ത് നിന്നുമുള്ള യാതൊരു തീരുമാനത്തിനും ഇന്ത്യ വഴിപ്പെടുകയില്ല. ബ്രിട്ടീഷ്കാരിൽ ഇന്ത്യക്ക് വിശ്വാസമില്ല. അതുകൊണ്ട് അവരുടെ ശാസനം ഇന്ത്യ അംഗീകരിക്കുകയുമില്ല."

1939 സെപ്ററംബർ മൂന്നാംതീയതി യൂറോപ്പിൽ യുദ്ധത്തിന്റെ വെടിപൊട്ടി. അഞ്ചുകൊല്ലം നീണ്ടുനിന്ന ഒരു സംഹാരനാടകത്തിന്റെ നാന്ദിയായിരുന്നു അത്.

യൂറോപ്പിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ചരിത്രനായകൻ ചൈനയിലായിരുന്നു. മറെറാരു യുദ്ധം ഏഷ്യയിൽ നടക്കുകയാണ്. ഏഷ്യ ഏഷ്യക്കാർക്ക് എന്ന ആകർഷകമായ മുദ്രാവാക്യം ജപ്പാൻ മുഴക്കി. അതിന്റെ മറവിൽ ജപ്പാൻ ദേശീയ ചൈനയിലെ ജനങ്ങളെ ചോരയിൽ മുക്കിയും പട്ടിണിക്കിട്ടും കീഴടക്കിക്കൊണ്ടിരിക്കുകയായിരുന്നു. ചൈനക്ക് അക്കാലത്ത് ഇന്ത്യയുടെ സംഭാവനയായ ആഹാരങ്ങളും ഔഷധങ്ങളും കൊണ്ടുപോയത് ജവാഹർലാൽനെഹ്റു

ആയിരുന്നു. രണ്ടു ദശവർഷങ്ങൾക്കുശേഷം ഇന്ത്യയെ ആക്രമിച്ച ജനകീയ ചൈനയുടെ തലവൻ മാവോസെതുങ്ങ് അന്ന് ഇന്ത്യയുടെ സേവനങ്ങളെ വാഴ്ത്തിയ നേതാവാണ്. ചൈനയിൽവച്ചാണ് യുദ്ധത്തിൻെറ ആദ്യവാർത്തകൾ കഥാനായകൻ കേട്ടതു്. ചൈനാസന്ദർശനത്തിനു് പെട്ടെന്നു് വിരാമമിട്ടുകൊണ്ടു് അദ്ദേഹം ഇന്ത്യയിലെത്തി.

ജർമ്മനിക്കെതിരായ യുദ്ധത്തിൽ ബ്രിട്ടൻ ഇന്ത്യയേയും പങ്കാളിയാക്കി പ്രഖ്യാപനം നടത്തി. ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള യുദ്ധമാണിതെന്നാണ് അവർ ഉൽഘോഷിച്ചതു്. ഇതിൻെറ പൊള്ളത്തരം നെഹ്റു തുറന്നുകാട്ടി. അദ്ദേഹം ചോദിച്ചു. ''ആരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ?''

കാൺഗ്രസ്സ് പ്രവർത്തകസമിതി സമ്മേളിച്ചു. വൈസ്രോയിയുടെ പ്രഖ്യാപനത്തെപ്പററി ചർച്ച നടത്തി. നാസിസത്തിനും ഫാസിസത്തിനും എതിരായി സഹായം നൽകേണ്ടതു് ആവശ്യമാണ്. ജനാധിപത്യവും സ്വാതന്ത്ര്യവും സംരക്ഷിക്കേണ്ടതും അത്യാവശ്യം തന്നെ. പക്ഷെ അതിന് സഹായം നൽകേണ്ടതു് സ്വതന്ത്രഭാരതമാണ്. ഇതായിരുന്നു കഥാനായകൻെറ വാദം. ഈ അടിസ്ഥാനത്തിൽ ഇന്ത്യൻ ജനതയുടെ സഹായം ബ്രിട്ടൻ പ്രതീക്ഷിക്കുന്നുവെങ്കിൽ ഇന്ത്യക്കു പൂർണ്ണ സ്വാതന്ത്ര്യം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതേയവസരത്തിൽ. ഫാസിസ്റ്റ് ശക്തികൾക്കു് സഹായകമാകുന്ന യാതൊന്നും ഇന്ത്യ ചെയ്യരുതെന്നും അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി.

കാൺഗ്രസ്സിൽ ഈ അഭിപ്രായഗതിയോടു് യോജിക്കാത്തവർ ഉണ്ടായിരുന്നു. അക്രമരാഹിത്യത്തിൽ അടിയുറച്ചു നിന്നുകൊണ്ടു് ബ്രിട്ടനെ സഹായിക്കണമെന്ന നിലപാടാണ് ഗാന്ധിജി എടുത്തതു്. യുദ്ധത്തിൽ അക്രമരാഹിത്യത്തിനെന്തു് കാര്യം എന്നാണ് കഥാനായകൻ ചോദിച്ചതു്. അക്രമരാഹിത്യത്തിൻെറ ഉരകല്ലിൽ നെഹ്റുവിൻെറ സമീപനത്തെ ഗാന്ധിജി പരീക്ഷിക്കുകയായിരുന്നു.

കാൺഗ്രസ്സ് വൈസ്രോയിയുമായി കാര്യങ്ങൾ ചർച്ചചെയ്യാൻ ആഗ്രഹിച്ചു. പക്ഷെ വൈസ്രോയി അതിനു് തയ്യാറായില്ല. കാൺഗ്ര

സ്സിന് പൂർണ്ണസ്വാതന്ത്ര്യം വേണമെന്നായിരുന്നു അതിനു തടസ്സം. ഇന്ത്യയിലെ നാട്ടുരാജാക്കന്മാരും മുസ്ലീംലീഗും കാൺഗ്രസ്സിന്റെ സ്വാതന്ത്ര്യവാദത്തിനെതിരാണെന്നും ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടം പ്രഖ്യാപിച്ചു.

യുദ്ധം യൂറോപ്പിൽ ഭയങ്കരമായിത്തീർന്നു. ബ്റിട്ടീഷ് ഭരണത്തിന്റെ മനോഭാവത്തിൽ മാററമൊന്നും വന്നില്ല. ഭിന്നിപ്പിച്ച് ഭരിക്കാം എന്നുതന്നെ അവർ നിശ്ചയിച്ചു. ഇന്ത്യാക്കാരുടെ സഹകരണം നേടാൻ അവർ ഒന്നും ചെയ്യുന്നതിന് കൂട്ടാക്കിയില്ല.

സമരമല്ലാതെ കാൺഗ്രസ്സിന് പോംവഴിയൊന്നുമുണ്ടായിരുന്നില്ല. നിസ്സഹകരണപ്രസ്ഥാനത്തിന് മഹാത്മജി ജനതയെ ആഹ്വാനം ചെയ്തു. മർദ്ദനങ്ങളും അറസ്റ്റുകളും ഗവണ്മെൻറു ഭാഗത്തുനിന്നും ആരംഭിച്ചു. യുദ്ധത്തിനെതിരായ പ്രചരണം നാട്ടിലെങ്ങും അലയടിച്ചു 1940 നവംബർ ഏഴാംതീയതി ജവാഹർലാലിനെ അലഹബാദിൽ വച്ച് അറസ്റ്റുചെയ്തു. ഇത്തവണത്തെ ശിക്ഷ നാലുകൊല്ലത്തെ കഠിനതടവായിരുന്നു.

---

അദ്ധ്യായം പതിമൂന്ന്

## ആഗസ്റ്റ് പ്രക്ഷോഭണം

1930–നു ശേഷം മുഹമ്മദ് ഇഖ്ബാൽ എന്ന പ്രസിദ്ധനായ മുസ്ലീംകവി ഒരു സ്വയംഭരണ മുസ്ലീം പ്രദേശത്തിനു വേണ്ടി വ്യക്തമായ വാദം ഉന്നയിച്ചു. അതുമുതൽക്കാണ് പാകിസ്ഥാൻ തങ്ങളുടെ ജന്മാവകാശം എന്ന മുദ്രാവാക്യം മുസ്ലീംലീഗ് മുഴക്കിയത്. ഇന്ത്യക്കുള്ളിൽ ഒരു മുസ്ലീംരാഷ്ട്രം സ്ഥാപിക്കുകയാണ് മുസ്ലീംലീഗിന്റെ ലക്ഷ്യമെന്ന് 1940–ൽ മുഹമ്മദ് ആലി ജിന്ന പ്രഖ്യാപിച്ചു. ലാഹോറിൽ കൂടിയ ഒരു ലീഗ് സമ്മേളനത്തിലാണ് ഈ പ്രഖ്യാപനമുണ്ടായത്. കാൺഗ്രസ്സിന്റെ സ്വാതന്ത്ര്യവാദത്തിനെതിരായുള്ള ഈ പ്രഖ്യാപനത്തിന് ബ്റിട്ടീഷ് ഗവമ്മെൻറിന്റെ മൗനാനുവാദവുമുണ്ടായിരുന്നു.

1942 മാർച്ച് മാസമായപ്പോഴേക്കും യൂറോപ്പിൽ ആരംഭിച്ച മഹായുദ്ധം ഏഷ്യയേയും ആഫ്രിക്കയേയും ഗ്രസിച്ചുകഴിഞ്ഞു. പൂർവ്വേഷ്യയെ മുഴുവൻ പോർക്കളമാക്കി മാററിക്കൊണ്ട് ജപ്പാൻ ബർമ്മയും കടന്ന് ഇന്ത്യയുടെ കിഴക്കൻ പ്രദേശത്തെ ആക്രമിക്കാൻ കോപ്പു കൂട്ടുകയായിരുന്നു. ബ്റിട്ടീഷ് രാജ്യതന്ത്രജ്ഞന്മാർ വിരണ്ടു. ഇന്ത്യ കൈവിട്ടുപോകുമെന്ന ഭീതി അവക്കുണ്ടായി. ദേശീയനേതാക്കന്മാരുമായി ഒത്തുതീർപ്പിനെത്താനായിരുന്നു ബ്റിട്ടന്റെ ശ്രമം. അനുരഞ്ജനത്തിന് കളമൊരുക്കാൻ രാഷ്ട്രീയതടവുകാരെ മോചിപ്പിച്ചു. ഇക്കൂട്ടത്തിൽ കഥാനായകനെയും ജയിലിൽനിന്ന് വിട്ടു. ഒരു പൊതുമാപ്പായും രാഷ്ട്രീയ തടവുകാരോടുള്ള ദയാദാക്ഷിണ്യമായും ഗവർമ്മെണ്ട് വക്താക്കൾ ഈ നടപടിയെ ചിത്രീകരിച്ചു. യുദ്ധഗതി ബ്റിട്ടന് പ്രതികൂലമായിരുന്നു. ഭീതി പൂണ്ടാണ് ബ്റിട്ടീഷ് ഗവർമ്മെൻറ് ഇങ്ങനെ ചെയ്തത്.

ബ്രിട്ടനു ബർമ്മാ നഷ്ടപ്പെട്ടതിന്റെ മൂന്നാംനാൾ ബ്റിട്ടീഷ് പ്രധാനമന്ത്രിയുടെ ഒരു പ്രഖ്യാപനമുണ്ടായി. വിൻസ്റ്റൻ ചർച്ചിലായിരുന്നു ബ്റിട്ടനിലെ യുദ്ധകാല പ്രധാനമന്ത്രി. എത്രയുംവേഗം

ഇന്ത്യക്കു് ഒരു പുത്രികാരാജ്യപദവി അനുവദിക്കുന്നതാണെന്നുള്ള സന്ദേശവുമായി ഒരു ദൗത്യസംഘം ഇന്ത്യ സന്ദർശിക്കുമെന്നായിരുന്നു ചർച്ചിലിന്റെ പ്രഖ്യാപനം. സർ സ്റ്റാഫോർഡ് ക്രിപ്സിന്റെ നേതൃത്വത്തിലുള്ള ആ ദൗത്യസംഘം ഇന്ത്യയിലെത്തി. അവരുടെ സന്ദേശം ദേശീയ ഭാരതം തിരസ്കരിക്കുകയാണുണ്ടായതു്.

ശാന്തസമുദ്രവും തീരങ്ങളും കയ്യടക്കി ബർമ്മയെ ചുട്ടുകരിച്ചു് ഇന്ത്യയിലേക്കു് കടക്കാൻ നോക്കുകയായിരുന്നു ജപ്പാൻ. നെഹ്റുവിന്റെ രാജ്യതന്ത്രജ്ഞത പ്രകടമായതു് ഈ സന്ദർഭത്തിലാണു്. ഫാസിസ്റ്റ് ജപ്പാനെ സർവ്വശക്തിയുമുപയോഗിച്ചെതിർക്കാൻ അദ്ദേഹം ജനതയ്ക്കു് ആഹ്വാനം നൽകി. മാതൃഭൂമിയുടെ അതിർത്തികളിൽ ഒരു ഫാസിസ്റ്റ് ശക്തി താവളമുറപ്പിക്കുന്നതു് വിനാശകരമാണെന്നു് അദ്ദേഹം ജനങ്ങൾക്കു് മുന്നറിയിപ്പു് നൽകി. സാമ്രാജ്യത്വം എതിർക്കപ്പെടേണ്ടതാണെന്നുള്ള ദൃഢമായ അഭിപ്രായമാണു് നെഹ്റു എന്നും പുലർത്തിയിട്ടുള്ളതു്. അതിന്റെ നിറവും തരവും നോക്കേണ്ടതില്ല. ബ്റിട്ടനെ സഹായിക്കാനായിരുന്നില്ല നെഹ്റുവിന്റെ ആഹ്വാനം. പക്ഷെ അതു് ബ്റിട്ടനു് സഹായമായിത്തീർന്നു. ഉള്ളിലുള്ള സന്തോഷം അവർ പുറത്തുകാട്ടിയില്ല. ഇന്ത്യയിലെ നേതാക്കളോടുള്ള അവരുടെ പകയും വിദ്വേഷവും തെല്ലും കുറഞ്ഞതുമില്ല.

1942 ആഗസ്റ്റിൽ ഇന്ത്യൻ നാഷണൽ കാൺഗ്രസ്സ് 'ക്വിറ്റ് ഇന്ത്യ' പ്രമേയം പാസ്സാക്കി. ഇന്ത്യ വിടുക എന്ന മുദ്രാവാക്യം രാജ്യമൊട്ടുക്കു് മുഴങ്ങി. ഈ സമരത്തിനു് വേണ്ട പരിപാടികൾ കാൺഗ്രസ്സ് ആവിഷ്ക്കരിച്ചിരുന്നില്ല. സമരത്തിന്റെ നേതൃത്വം മഹാത്മജി നേരിട്ടു് ഏറ്റെടുത്തു. ഇന്ത്യ ഒരഗ്നിപർവ്വതത്തിന്റെ മുകളിലായിരുന്നു. എപ്പോൾ വേണമെങ്കിലും ഒരു പൊട്ടിത്തെറിയുണ്ടാകാം. എങ്കിലും ബ്റിട്ടീഷ് ഗവർമ്മെന്റ് അനങ്ങിയില്ല.

ആഗസ്റ്റ് ഒൻപതു്. ഗാന്ധിജിയെ അറസ്റ്റ്ചെയ്തു. കാൺഗ്രസ്സ് പ്രവർത്തകസമിതിയംഗങ്ങളും എല്ലാം അറസ്റ്റിലായി. കാൺഗ്രസ്സ് സംഘടനയെ നിരോധിക്കുകയും ചെയ്തു. ജനങ്ങൾ ഇളകിവശായി. അക്രമരാഹിത്യമെല്ലാം അവർ മറന്നു. പൊലീസിനോടും പട്ടാളത്തോടും അവർ നേരിട്ടു. വാർത്താവിതരണത്തിനുള്ള കമ്പി

കൾ വിച്ഛേദിച്ചു; തീവണ്ടിപ്പാതകൾ നശിപ്പിച്ചു; ഭീകരപ്രവർത്തനങ്ങളിൽ ജനങ്ങൾ പങ്കെടുത്തു. ഇന്ത്യ മുഴുവൻ സമരം വ്യാപിച്ചു. ആക്രമം അക്രമത്തെ വിളിച്ചുവരുത്തി. പ്രക്ഷോഭണത്തെ ശക്തിയായി അടിച്ചമർത്താൻ തന്നെ ഗവമ്മെൻറ് തീരുമാനിച്ചു. എല്ലാവിധ മർദ്ദനമുറകളും അവർ സ്വീകരിച്ചു. ലാത്തിയടിയും കണ്ണുനീർവാതകപ്രയോഗവും വെടിവെയ്പും ദൈനംദിന സംഭവങ്ങളായി മാറി. 1857-ലെ ശിപായിലഹളയ്ക്കു ശേഷമുണ്ടായ ഏററവും ഉജ്ജ്വലവും വ്യാപകവുമായ സ്വാതന്ത്ര്യസമരമായിരുന്നു അതു്. ബ്റിട്ടീഷ്കാരുടെ കണക്കനുസരിച്ചുതന്നെ 1028 പേർ മരിക്കുകയും 3215 പേക്കു് ഗുരുതരമായ ക്ഷതമേല്ക്കുകയും പതിനായിരത്തിൽപ്പരം പേർ ജയിലിൽ ആകുകയും ചെയ്തു.

ബ്റിട്ടീഷ്കാർക്കെതിരായ ഒരു സമരമനോഭാവം ജനങ്ങളിൽ സർവ്വത്ര വളർന്നു. അറസ്ററുകൾ തുടർന്നുകൊണ്ടിരുന്നു. നേതാക്കന്മാരുടെ അഭാവം രാഷ്ട്രീയമായ അനിശ്ചിതത്വത്തിനു് കളമൊരുക്കി. ഈ കാലഘട്ടം മുതലെടുത്തതു് മുസ്ലിംലീഗായിരുന്നു. ഗവർമെൻറിൻെറ സഹായത്തോടെ ആ വർഗ്ഗീയ സംഘടന വളരാൻ തുടങ്ങി. പാകിസ്ഥാൻ വാദം ശക്തമായി.

കാലാവധി ഇല്ലാതെയാണു് ക്വിററ് ഇന്ത്യാ പ്രക്ഷോഭണം സംബന്ധിച്ചു് അറസ്റ്റ്ചെയ്തിരുന്ന നേതാക്കന്മാരെ ജയിലിൽ വെച്ചതു്. യുദ്ധം അവസാനിക്കുന്നതുവരെ എന്നായിരുന്നു ഗവമ്മെൻറിൻെറ നിശ്ചയം. ഇപ്രാവശ്യം കഥാനായകൻ ജയിലിൽ ഏകനായിരുന്നില്ല. കാൺഗ്രസ്സ് പ്രവർത്തകസമിതിയംഗങ്ങൾ എല്ലാവരുമുണ്ടായിരുന്നു. അവരെല്ലാംതന്നെ ഇന്ത്യയിലെ പ്രബുദ്ധമതികളും ആയിരുന്നു. അഹമ്മദുനഗർ കോട്ടക്കുള്ളിലാണു് അവർ തടങ്കലിൽ കഴിഞ്ഞിരുന്നതു്. സംവാദത്തിനും ചർച്ചയ്ക്കുമുള്ള സമയം അവർക്കു വേണ്ടുവോളം ലഭിക്കുമായിരുന്നു. എഴുത്തിനും വായനയ്ക്കുമുള്ള സൗകര്യവും നെഹ്റുവിനു ലഭിച്ചിരുന്നു. അഹമ്മദ്നഗർകോട്ടയിൽ കഴിയുമ്പോൾ അഞ്ചുമാസക്കാലം കൊണ്ടാണു് നെഹ്റു ഒരു പുതിയ ഗ്രന്ഥം രചിച്ചതു്. പ്രസിദ്ധമായ ''ഇന്ത്യയെ കണ്ടെത്തൽ'' എന്ന മഹാഗ്രന്ഥം. ഈ ഗ്രന്ഥരചനയ്ക്കു കാൺഗ്രസ്സ് സഹപ്രവർത്തകരായ തടവുപുള്ളികളുടെ ലോഭമില്ലാത്ത സഹകരണം ജവാഹർലാൽ നെഹ്റുവിനു ലഭിച്ചിരുന്നു.

യുദ്ധത്തിൽ വിജയിക്കുക എന്നതായിരുന്നു ബ്രിട്ടീഷ് ഗവർമ്മെൻറിൻെറ ലക്ഷ്യം. ഇന്ത്യയിലെ ഗവർമ്മെൻറും അതിനുവേണ്ടി എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തുകൊണ്ടിരുന്നു. ഭരണം യുദ്ധത്തിനുവേണ്ടി മാത്രമായി; അതിനു് ആളും അർത്ഥവും ശേഖരിക്കുക. ജനങ്ങളുടെ കാര്യത്തിൽ ഗവമ്മെൻറിനു് ഒരു ശ്രദ്ധയുമില്ലായിരുന്നു. ഇതിൻെറ ഫലമായിട്ടാണു് ബംഗാൾ കൊടിയ ദുരിതമനുഭവിച്ചതു്. ബംഗാൾ എന്നും ദേശാഭിമാനികളുടെ കേന്ദ്രമായിരുന്നു. ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിൻെറ ഒരു ശക്തികേന്ദ്രവും ബംഗാൾ തന്നെയായിരുന്നു. അനവധി വിപ്ലവകാരികൾക്കു് ജന്മം നൽകിയതും ബംഗാൾ തന്നെ. ആ ബംഗാൾ കൊടുംക്ഷാമത്തിൻെറ പിടിയിൽ അകപ്പെട്ടു. ഇന്ത്യയിലെ ബ്രിട്ടീഷ് ഗവമ്മെൻറ് അനങ്ങിയില്ല. ബീഹാറിൽ ഭൂകമ്പമുണ്ടായപ്പോൾ ദുരിതാശ്വാസത്തിനു് നേതൃത്വം നൽകാൻ ദേശാഭിമാനികളായ നേതാക്കന്മാരുണ്ടായിരുന്നു. ഇപ്പോൾ അവരെല്ലാം കാരിരുമ്പഴികൾക്കുള്ളിലാണു്. ആ ദുരിതത്തേക്കാൾ എത്രയോ ഭയാനകമായിരുന്നു ബംഗാളിലെ പട്ടിണി. അത്തരത്തിലൊരു ദുരിതം ഇന്ത്യ അനുഭവിച്ചിട്ടില്ല. പുരുഷന്മാരും സ്ത്രീകളും കുട്ടികളും വിശപ്പുമൂലം തെരുവുകളിൽ മരിച്ചുവീണു. പതിനഞ്ചു ലക്ഷത്തോളം പേരാണു് ഇങ്ങനെ ചത്തൊടുങ്ങിയതു്. നാൽപ്പത്തിയഞ്ചു ലക്ഷം പേർ ജീവിതത്തിൻേറയും മരണത്തിൻേറയും ഇടയിൽ പെട്ടു് ഞെരുങ്ങി.

ഇത്രയൊക്കെ ആയിട്ടും ബംഗാളിൽ ക്ഷാമമില്ലെന്നാണു് ഗവമ്മെൻറ് പറഞ്ഞതു്. പട്ടിണിമരണവാർത്ത ഗവർമ്മെൻറ് നിഷേധിച്ചു. തടങ്കലിൽ കിടക്കുന്ന നേതാക്കന്മാർക്കു ബംഗാളിലെ ക്ഷാമത്തെപ്പററിയുള്ള വാർത്തകൾ ഹൃദയഭേദകമായിരുന്നു. അവർക്കു എന്തു ചെയ്യാൻ കഴിയും? ഹൃദയംതകരുന്ന വേദന നെഹ്റു അനുഭവിച്ചു. ബംഗാളിൽ ക്ഷാമം ഇല്ലാ; പട്ടിണിമരണം ഇല്ലാ എന്നു നിർദ്ദയം പറഞ്ഞ ഗവമ്മെൻറിനോടു നെഹ്റു ചോദിച്ചു "കൽക്കത്താ തെരുവുകളിൽ വിശന്നു മരിച്ചുവീഴുന്നവരുടെ പ്രേതങ്ങൾ കണ്ടില്ലെന്നു പറയുവാൻ തയ്യാറുണ്ടോ?" എന്നു്. സമരവീരരായ, ദേശാഭിമാനികളായ ബംഗാളികളെ ഒരു പാഠം പഠിപ്പിക്കുവാൻ കരുതിക്കൂട്ടി ഗവമ്മെൻറ് സ്വീകരിച്ചതായിരുന്നു ഈ അനങ്ങാപ്പാറ നയം.

---

## സ്വാതന്ത്ര്യത്തിലേക്ക്

യുദ്ധത്തിന്റെ ഗതിയിൽ മാററമുണ്ടായിത്തുടങ്ങി. ബ്റിട്ടൻ ഉൾപ്പെടുന്ന ഐക്യകക്ഷികൾക്ക് അനുകൂലമായി കാററ് വീശി. ഹിററ്ലറുടെ നാസി ജർമ്മനി യുദ്ധത്തിൽ പരാജയപ്പെടുമെന്ന കാര്യം ഏതാണ്ട് തീർച്ചയായിക്കഴിഞ്ഞിരുന്നു. 1945-മാണ്ടാണ് ചരിത്രത്തിലെ ഈ വഴിത്തിരിവ്.

മഹാത്മജിയെ ഗവമ്മെൻറ് തടവിൽനിന്നു് മോചിപ്പിച്ചു. ഇരുപത്തിയൊന്നു ദിവസത്തെ ഉപവാസംമൂലം ഗാന്ധിജിയുടെ ആരോഗ്യം നന്നേ ക്ഷയിച്ചിരുന്നു. ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് നീങ്ങുകയായിരുന്നു. അതിനു് വിലങ്ങുതടിയായി നിന്നതു് മുസ്ലിംലീഗിന്റെ പാകിസ്ഥാൻ വാദമായിരുന്നു. മുഹമ്മദാലിജിന്നയായിരുന്നു മുസ്ലിം ലീഗിന്റെ അനിഷേധ്യ നേതാവ്. ഇന്ത്യൻ ജനത സ്വാതന്ത്ര്യത്തിനുവേണ്ടി കഠിനയാതനകളും ത്യാഗങ്ങളും സഹിച്ചുകൊണ്ടിരിക്കുമ്പോൾ പാകിസ്ഥാൻ നേടിയെടുക്കുന്നതിനായിരുന്നു ജിന്നയുടെ ശ്രമം. കാൺഗ്രസ്സിനു് സഹിക്കാനോ സമ്മതിക്കാനോ വയ്യാത്ത ഒരു കാര്യമായിരുന്നു ഇന്ത്യയുടെ വിഭജനം. അതുകൊണ്ടു് മഹാത്മജി മുസ്ലിം ലീഗിന്റെ മുടിചൂടാമന്നനുമായി എഴുത്തുകുത്തുകൾ നടത്തി; സംഭാഷണങ്ങൾ നടത്തി; ചർച്ചകൾ നടത്തി. അവകൊണ്ടൊന്നും ഒരു ഫലവുമുണ്ടായില്ല. പാകിസ്ഥാൻ വാദത്തിൽനിന്നു് കടുകിട മാറാൻ മുസ്ലിംലീഗ് തയ്യാറല്ലായിരുന്നു. ആ വാദം അവർ ദിവസേന ശക്തിപ്പെടുത്തുകയും ചെയ്തു.

യുദ്ധത്തിന്റെ അന്ത്യം കണ്ടുതുടങ്ങി. 1945 മാർച്ച്-ഏപ്രിൽ മാസങ്ങളായി. ബ്റിട്ടീഷ് ഗവമ്മെൻറ് ഒന്നു് നിശ്വസിച്ചു. അഹമ്മദ്നഗർ കോട്ടയിൽ തടങ്കലിൽ പാർപ്പിച്ചിരുന്ന കാൺഗ്രസ്സ് നേതാക്കന്മാരെ അവരവരുടെ പ്രവിശ്യാജയിലുകളിലേക്കു മാററി. അങ്ങനെ ജവാഹർലാൽ നെഹ്റു അലഹബാദിലെ നൈനിജയിലിലേക്കും പിന്നെ അൽമോറാ ജയിലിലേക്കും മാററപ്പെട്ടു.

അധികം താമസിയാതെ യൂറോപ്പിൽ യുദ്ധം അവസാനിച്ചു-നാസി ജർമ്മനി കീഴടങ്ങി. പക്ഷെ, യൂറോപ്പിൽ മാത്രമെ യുദ്ധം അവസാനിച്ചിരുന്നുള്ളു. പൂർവ്വമേഖലയിൽ ജപ്പാൻെറ പോർമദം അവസാനിച്ചിരുന്നില്ല. നീണ്ടുനിൽക്കുന്ന ഒരു യുദ്ധംകൊണ്ടല്ലാതെ ജപ്പാനെ തോൽപ്പിക്കുക സാദ്ധ്യമല്ലെന്നു ഐക്യകക്ഷികൾക്കു ബോദ്ധ്യമായി. ഇന്ത്യാക്കാരുടെ സഹകരണം അതിനു് അപരിത്യാജ്യമാണു്. ഇന്ത്യയുടെ മഹാന്മാരായ നേതാക്കന്മാരെ ജയിലറകൾക്കുള്ളിൽ വച്ചുകൊണ്ടു് ആ സഹകരണം തേടുക സാദ്ധ്യമല്ല. അതുകൊണ്ടു ബ്റിട്ടനിലെ ചർച്ചിലിൻെറ യുദ്ധകാല ഗവമ്മെൻറ് ഇന്ത്യൻ കാര്യത്തിൽ ഒന്നയഞ്ഞു. വൈസ്രായിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ പുനസ്സംഘടിപ്പാക്കാൻ ഗവമ്മെൻറ് സന്നദ്ധത പ്രകടിപ്പിച്ചു. അതിൽ സർവ്വസൈന്യാധിപൻ ഒഴികെ ബാക്കിയുള്ള അംഗങ്ങളെല്ലാം ഇന്ത്യക്കാരായിരിക്കുമെന്നും സമ്മതിക്കപ്പെട്ടു. അതനുസരിച്ചു് ഒരു ഭരണപരിഷ്കാരപദ്ധതിക്കു് രൂപം കൊടുത്തു. ഇന്ത്യയിൽ അനുകൂലമായ അന്തരീക്ഷം സംജാതമാകുന്നതിനു് നേതാക്കന്മാരെ ജയിലുകളിൽനിന്നു് വിട്ടയയ്ക്കുകയും ചെയ്തു. തുടർന്നു് ബ്റിട്ടീഷ് ഗവമ്മെൻറ് കാൺഗ്രസ്സ് നേതാക്കന്മാരുമായി ഭരണപരിഷ്കാര നിർദ്ദേശങ്ങളെപ്പററി ആലോചനകൾ തുടങ്ങി.

ഈ ഘട്ടത്തിലാണു് ഐക്യകക്ഷികളിലെ മഹാശക്തികളിലൊന്നായ അമേരിക്ക ജപ്പാനിലെ ഹിരോഷിമായിലും നാഗസാക്കിയിലും ആററംബോംബ് വർഷിച്ചതു്. ആ രണ്ടു് പ്രദേശങ്ങളും വെന്തു് ചാമ്പലായി. ഗതിമുട്ടിയ ജപ്പാൻ ഐക്യകക്ഷികൾക്കു് കീഴടങ്ങി യുദ്ധം അതോടെ പൂർണ്ണമായും അവസാനിച്ചു.

യുദ്ധത്തിൽ ഐക്യകക്ഷികൾ പരിപൂർണ്ണ വിജയം നേടിയെങ്കിലും ബ്റിട്ടൻ മുന്നോട്ടുവെച്ചകാൽ പിന്നോട്ടു് എടുത്തില്ല. ഇന്ത്യയിലെ നിർദ്ദിഷ്ടഭരണപരിഷ്കാരങ്ങളെപ്പററി ഇന്ത്യൻ നേതാക്കന്മാരുമായുള്ള ചർച്ചകൾ അവർ മുന്നോട്ടുനീക്കി.

ഇയ്യിടയ്ക്കു് ബ്റിട്ടനിൽ പൊതുതിരഞ്ഞെടുപ്പുവന്നു. യുദ്ധകാലഗവമ്മെൻറ് തിരഞ്ഞെടുപ്പിൽ തോററു. യുദ്ധകാലമത്രയും ബ്രിട്ടീഷ് ഗവമ്മെൻറിനെ നയിച്ചു് ബ്റിട്ടനെ വിജയത്തിലെത്തിച്ച ചർച്ചിൽ

സമാധാനകാലത്തേക്ക് പററിയ ആളല്ലെന്നു ബ്റിട്ടീഷ് ജനത വിധിയെഴുതി. ചർച്ചിൽ ഗവമ്മെൻറ് പോയി. ലേബർപാർട്ടി അധികാരത്തിൽവന്നു. ക്ലെമൻറ് ആററ്ലി ബ്റിട്ടീഷ് പ്രധാന മന്ത്രിയായി. ഇന്ത്യയോടും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തോടും കുറെ കൂടി അനുഭാവമുണ്ടായിരുന്ന കക്ഷിയായിരുന്നു ലേബർ പാർട്ടി. അതു കൊണ്ട് ആ കക്ഷിയുടെ ഗവമ്മെൻറ് ഇന്ത്യൻകാര്യം അൽപ്പംകൂടി ഉദാരമായി കൈകാര്യം ചെയ്തു. കേന്ദ്ര—പ്രവിശ്യാ നിയമസഭകളി ലേക്ക് തിരഞ്ഞെടുപ്പു നടത്തുന്നതാണെന്നും പ്രവിശ്യകളിൽ സ്വയം ഭരണാധികാരമുള്ള ഗവമ്മെൻറ് നിലവിൽ വരുന്നതാണെന്നും വൈ സ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ നേതാക്കന്മാരുമായി ആലോ ചിച്ചു പുന:സംഘടിപ്പിക്കുമെന്നും തൊഴിലാളിഗവമ്മെൻറ് പ്രഖ്യാ പിച്ചു. കൂടാതെ ഇന്ത്യയ്ക്കു ഒരു ഭരണഘടന എഴുതിയുണ്ടാക്കാൻ കാൺ സ്റ്റിററ്യൂവൻറ് അസംബ്ളി വിളിച്ചുകൂട്ടുന്നതാണെന്നും പ്രഖ്യാപിക്ക പ്പെട്ടു.

തെരഞ്ഞെടുപ്പ് വന്നു. സ്വയംഭരണാവകാശമുള്ള പ്രവിശ്യ കളുടെ കേന്ദ്രീകൃതഫെഡറേഷനായി രൂപം പ്രാപിക്കുന്ന ഒരു ഇന്ത്യ യ്ക്ക് വേണ്ടി വോട്ടുചെയ്യാൻ കാൺഗ്രസ്സ് നേതാക്കന്മാർ ജനങ്ങ ളോട്ട് അഭ്യർത്ഥിച്ചു. മുസ്ലിം ഭൂരിപക്ഷ പ്രവിശ്യകളിൽ അവക്ക് അധികാരത്തിൽ വരാം കേന്ദ്രത്തിൽ അധികാരം വഹിക്കുന്നതു് ഹിന്ദുമുസ്ലീം സംയുക്തസമിതിയായിരിക്കും. അതുകൊണ്ടു് ഇരുകൂട്ടക്കും ഭയത്തിനവകാശമില്ല. ഇന്ത്യ വെട്ടിമുറിക്കേണ്ടതുമില്ല. ഇതായിരുന്നു കാൺഗ്രസ്സിൻെറ സങ്കൽപ്പം. ഇക്കാര്യം കാൺഗ്രസ്സുകാർ ജനങ്ങളെ മനസ്സിലാക്കി. മുസ്ലിംലീഗ് പഴയനിലപാടിൽ തന്നെ ഉറച്ചുനിന്നു. മുസ്ലീംങ്ങൾക്ക് പാകിസ്ഥാൻ കൂടിയേ തീരൂ എന്ന വാദത്തിൽ നിന്നു് ഒട്ടും പിന്നോട്ടു പോകാൻ അവർ തയാറായില്ല. ഇന്ത്യയുടെ ഐക്യം എന്നു പറഞ്ഞാൽ മുസ്ലിങ്ങളുടെ അടിമത്തമാണെന്നും അതുകൊണ്ടു് മുസ്ലിങ്ങൾക്ക് പ്രത്യേകരാജ്യം കൂടിയേ കഴിയൂ എന്നും മുസ്ലിംലീഗ് മുസ്ലിം സാമാന്യജനതയുടെ ഇടയിൽ പ്രചരണംനടത്തി. അങ്ങനെ മുസ്ലിം ഭൂരിപക്ഷമുള്ള പ്രവിശ്യകളിൽ മുസ്ലിംലീഗ് വോട്ടുകൾ കര സ്ഥമാക്കി.

1946-ലെ തെരഞ്ഞെടുപ്പിൻെറ ഫലമായി ആകെയുള്ള പതി നൊന്നു് പ്രവിശ്യകളിൽ എട്ടെണ്ണത്തിലും കാൺഗ്രസ്സ് അധികാര

ത്തിൽ വന്നു; സിന്ധ് പ്രവിശ്യയിലും ബംഗാളിലും മുസ്ലിംലീഗും. പഞ്ചാബിൽ യൂണിയനിസ്റ്റ് കക്ഷിയാണ് അധികാരത്തിൽ വന്നത്. അടുത്തപടി വൈസ്രോയിയുടെ കൗൺസിൽ പുനഃസംഘടിപ്പിക്കുന്നതും കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി വിളിച്ചുകൂട്ടുന്നതുമായിരുന്നു. ഇക്കാര്യങ്ങൾ ചിന്താവിഷയമായിരുന്നപ്പോൾ മുസ്ലിംലീഗ് തികഞ്ഞ നിസ്സഹകരണനയമാണ് സ്വീകരിച്ചിട്ടുള്ളത്. അന്ന് ഇന്ത്യൻ വൈസ്രോയി വേവൽ പ്രഭുവായിരുന്നു. അദ്ദേഹം ഭരണപരമായ കാര്യങ്ങളിൽ വേണ്ടുവോളം പ്രാപ്തിയില്ലാത്ത ഒരാളായിരുന്നു. വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും തുല്യ പ്രാതിനിധ്യം വേണമെന്ന മുസ്ലിംലീഗിന്റെ വാദത്തെ അനുകൂലിക്കുവാൻ പോലും അദ്ദേഹം സന്നദ്ധനായിരുന്നു.

തിരഞ്ഞെടുപ്പിനെത്തുടന്നു ബോംബെയിൽ ചരിത്രപ്രധാനമായ ഒരു സംഭവമുണ്ടായി. ശിപായിലഹളയെ അനുസ്മരിപ്പിക്കുന്ന ഒരു സംഭവമായിരുന്നു അത്. ബോംബെയിലെ ഇന്ത്യൻ നാവികസേനയിൽ ഒരു വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. 1946 ഫെബ്രുവരിയിലായിരുന്നു ഇത്. വിപ്ലവകാരികൾ ബോംബെയിൽ ഒരു രണാങ്കണം സൃഷ്ടിച്ചു. ബ്രിട്ടീഷ് അധീനതയിലുള്ള ഇരുപതു കപ്പലുകൾ വിപ്ലവകാരികളായ നാവികസൈനികർ തങ്ങളുടെ അധീനതയിലാക്കി. അവയിലൊന്നു ഇന്ത്യയിലെ ബ്രിട്ടീഷ് നാവിക സൈന്യാധിപൻ നേരിട്ടു നിയമിക്കുന്ന പതാകകപ്പലായിരുന്നു. ലഹള രാജ്യത്തിനുള്ളിലേക്കും വ്യാപിച്ചു. കൊലയും കൊള്ളയും കൊള്ളിവയ്പും നടമാടി. ബോംബെനഗരം വിപ്ലവാഗ്നിയിൽ ജ്വലിച്ചു. എന്തു ചെയ്യേണ്ടു എന്നറിയാതെ ബ്രിട്ടീഷ് ഭരണാധികാരികൾ പകച്ചുനിന്നുപോയി. ബ്രിട്ടീഷ് ആധിപത്യത്തിന്റെ അടിസ്ഥാനശില ഇളകിയതായി എല്ലാവർക്കും ബോദ്ധ്യപ്പെട്ടു. കാൺഗ്രസ്സ് നേതാവായ പട്ടേൽ നാവികരോടു ലഹള അവസാനിപ്പിക്കാൻ അഭ്യർത്ഥിച്ചു. അവർ അതനുസരിച്ചു. പില്ക്കാലത്തു് ഇന്ത്യയുടെ ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമായിത്തീർന്ന ഉരുക്കുമനുഷ്യനായിരുന്നു സർദാർ പട്ടേൽ.

ബോംബെയിലെ നാവികവിപ്ലവം കെട്ടടങ്ങി. സർദാർ പട്ടേൽ ഇടപെട്ടതിന്റെ ഫലമായിരുന്നു അത്. ഒരു മഹായുദ്ധം തീർന്നതേയുള്ളു. പട്ടേലിന്റെ ഇടപെടൽ ഉണ്ടായിരുന്നില്ലെങ്കിൽ

വിപ്ലവം രാജ്യത്താകമാനം പടർന്നുപിടിക്കുമായിരുന്നു. അതു് രക്തരൂഷിത വിപ്ലവമാകുകയും ചെയ്യുമായിരുന്നു.

ഇന്ത്യ ഒരു അഗ്നിപർവ്വതമായി മാറിയിരിക്കുകയാണെന്നു് ലേബർ മന്ത്രിസഭയ്ക്കു് ബോദ്ധ്യമായി. ഇന്ത്യയുടെ സുഹൃത്തുക്കളുടെ നേതൃത്വത്തിൽ പ്രവർത്തിച്ച പ്രസ്തുത ഗവർമ്മെൻറ് ഇന്ത്യൻ പ്രശ്നപരിഹാരത്തിനു് ധീരമായ തീരുമാനങ്ങളെടുത്തു. പരിപൂർണ്ണ സ്വാതന്ത്ര്യം എന്ന ഇന്ത്യയുടെ വാദത്തെ ആദ്യം അവർ അംഗീകരിച്ചു. ഭൂരിപക്ഷ സമുദായത്തിൻെറ രാഷ്ട്രീയ പുരോഗതി തടയാൻ ന്യൂനപക്ഷസമുദായത്തെ അനുവദിക്കുകയില്ലെന്നും അവർ വ്യക്തമാക്കി. 1946–ൽ ബ്റിട്ടീഷ് ഗവർമ്മെൻറ് ഒരു ക്യാബിനററ് മിഷനെ ഇന്ത്യയിലേക്കു് നിയോഗിച്ചു. ആ ദൗത്യസംഘം ഇന്ത്യയിലെത്തി. കാൺഗ്രസ്സിൻെറയും ലീഗിൻെറയും നേതാക്കന്മാരുമായി പല പ്രാവശ്യം അവർ ചർച്ച നടത്തുകയും ചെയ്തു. രണ്ടു് കക്ഷികളുടേയും പ്രതിനിധികളടങ്ങുന്ന ഒരു ഇടക്കാല ഗവർമ്മെൻറ് രൂപീകരിക്കുന്നതിനും പുതിയ ഭരണഘടന എഴുതിയുണ്ടാക്കാൻ ഭരണഘടനാസമിതി വിളിച്ചുകൂട്ടുന്നതിനും ക്യാബിനററ് മിഷൻ നിർദ്ദേശിച്ചു.

കാൺഗ്രസ്സ് പ്രസിഡൻറ് ഈ സമയത്തു് ജവാഹർലാൽ നെഹ്റു ആയിരുന്നു. കേന്ദ്രത്തിൽ ഒരിടക്കാല ഗവർമ്മെൻറ് രൂപീകരിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. മുസ്ലിംലീഗിനും പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള ഒരു മന്ത്രിസഭയ്ക്കു് നെഹ്റു രൂപം നൽകി. പക്ഷെ, ബ്റിട്ടീഷ് ദൗത്യസംഘത്തോടു് സമ്മതിച്ച വ്യവസ്ഥകളിൽനിന്നു് ലീഗ് പിന്മാറുകയാണു ചെയ്തതു്.

1946 ജൂലൈ മാസം ഇരുപത്തിയൊൻപതാം തീയതി മുസ്ലിംലീഗിൻെറ അനിഷേധ്യ നേതാവു് മുഹമ്മദാലിജിന്ന പ്രത്യക്ഷസമരത്തിനു് ആഹ്വാനം നൽകി. ഇതിൻെറ ഫലം ഭയാനകമായിരുന്നു. ബംഗാളിലും, ബീഹാറിലും, പഞ്ചാബിലും വർഗ്ഗീയലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ഹിന്ദുക്കളും മുസ്ലിമങ്ങളും തമ്മിൽ ഘോരമായ തെരുവുയുദ്ധം നടന്നു. മനുഷ്യരക്തം കാട്ടാറുപോലെ ഒഴുകി. പരസഹസ്രം ജനങ്ങൾ അകാലമൃത്യുവിനിരയായി. ദശലക്ഷക്കണക്കിനു അഭയാർത്ഥികളുടെ പ്രവാഹവുമുണ്ടായി.

ബ്റിട്ടീഷ് മന്ത്രിസഭ അടിയന്തരമായി കൂടി; ഇന്ത്യയിലെ സ്ഥിതിഗതികളെപ്പററി ചർച്ച നടത്തി. 1947 ഫെബ്റുവരി ഇരുപതാം തീയതി ബ്റിട്ടീഷ് പ്രധാനമന്ത്രി ആററ്ലിപ്രഭു പാർലമെൻററിൽ അതിപ്രധാനമായ ഒരു വിളംബരം പ്രഖ്യാപനം ചെയ്തു. 1948 ജൂൺ മാസത്തിനുള്ളിൽ ഇന്ത്യയുടെ ഭരണാധികാരം ഭാരതീയർക്ക് കൈമാററം ചെയ്യുന്നതാണെന്ന് അതിൽ പ്രസ്താവിച്ചിരുന്നു. ഇന്ത്യയിലെ വൈസ്രായി ആയിരുന്ന വേവൽപ്രഭുവിനെ തിരിച്ചു വിളിച്ചു. പകരം ലൂയി മൗണ്ട്ബാററനെ വൈസ്രായിയായി നിയമിക്കുകയും ചെയ്തു. അപ്പോഴേക്ക് ഇന്ത്യയിലെ വർഗ്ഗീയലഹള ഭീകരമായ രൂപം പ്രാപിച്ചുകഴിഞ്ഞിരുന്നു. ഇന്ത്യയുടെ വിഭജനം അനിവാര്യമായിത്തീർന്നു.

പുതിയ വൈസ്രായി മൗണ്ട്ബാററൻപ്രഭു ഇന്ത്യയിലെത്തി. ജനങ്ങളോട് സമാധാനം പാലിക്കാൻ ഒരഭ്യർത്ഥന പുറപ്പെടുവിക്കണമെന്ന് ഗാന്ധിജിയോടും ജിന്നയോടും ആവശ്യപ്പെടുകയാണ് ആദ്യം അദ്ദേഹം ചെയ്തത്. അവർ അത് ചെയ്യുകയും ചെയ്തു. പക്ഷെ വർഗ്ഗീയഭ്രാന്ത് അതിൻെറ എല്ലാ രൂപങ്ങളോടും ഭാവങ്ങളോടും പടർന്ന് പിടിച്ചു കഴിഞ്ഞിരുന്നു. ഗാന്ധിജിയുടേയോ ജിന്നയുടേയോ അഭ്യർത്ഥന കേൾക്കാനുള്ള ക്ഷമ അപ്പോഴേക്കും മനുഷ്യർക്ക് നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു.

കലാപം ആർത്തിരമ്പി. കാൺഗ്രസ്സുകാർ ഒരിക്കലും ആശിക്കാത്തതും ആഗ്രഹിക്കാത്തതുമായിരുന്നു വിഭജനം. പക്ഷേ, രാജ്യം വിഭജിക്കുകയല്ലാതെ മറെറാരു മാർഗ്ഗവും ഇല്ലാതായി. നെഹ്റുവും പട്ടേലും രാജേന്ദ്രപ്രസാദും കൂടിയാലോചന നടത്തി. രാജ്യം ചോരപ്പുഴയിൽ ആറാടുന്നു. എത്രനാൾ ഇതു കാണും? എങ്ങനെ ഇതു സഹിക്കും? വിഭജനത്തിന് സമ്മതം മൂളാൻ തന്നെ അവർ തീരുമാനമെടുത്തു. തലവെട്ടിക്കളഞ്ഞുതന്നെ നമുക്കു തലവേദന ഒഴിവാക്കാം എന്നു നെഹ്റു പറഞ്ഞു.

1947 ആഗസ്റ്റ് പതിന്നാലാം തീയതി ഇന്ത്യയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടു. ഇന്ത്യയുടെ വിഭജനവും നടന്നു. ഇന്ത്യ, പാകിസ്ഥാൻ എന്നീ രണ്ടു രാജ്യങ്ങൾ ഉദയം ചെയ്തു.

യൂണിയൻ ജാക്കു് താഴ്ത്തിറക്കി. അതിൻെറ സ്ഥാനത്തു സ്വാതന്ത്ര്യസമരനായകനായ നെഹ്റു ഉയർത്തിയ ത്രിവർണ്ണപതാക പാറിപ്പറന്നു. ആഗസ്റ്റ് പതിനഞ്ചു് ഇന്ത്യയിലെങ്ങും ആഹ്ലാദം തിരതല്ലിയ ദിനമായിരുന്നു. ഭാരതജനതയോടായി അന്നു വൈകുന്നേരം ഒരു പ്രക്ഷേപിണി പ്രസംഗത്തിൽ നെഹ്റു പറഞ്ഞു: "ചരിത്രത്തിൽ ഒരത്ഭുതപൂർവ്വമായ നിമിഷം വരികയാണു്. പഴമയുടെ പിടിയിൽ നിന്നും പുതുമയിലേക്കു് നാം നീങ്ങുന്ന നിമിഷം. ഒരു യുഗം അവസാനിക്കുന്നു......മറ്റുള്ളവരോടു് പകവീട്ടാനുള്ള അവസരമല്ലിതു്. ഭാരതത്തിൻെറ എല്ലാ സന്താനങ്ങൾക്കും വസിക്കാനുള്ള സ്വാതന്ത്ര്യത്തിൻെറ മണിമന്ദിരം നമുക്കു പണിതുയർത്തേണ്ടിയിരിക്കുന്നു......ഒരു പുതുനക്ഷത്രം......പ്രാചിയിലെ സ്വാതന്ത്ര്യനക്ഷത്രം ഉയരുന്നു. ഒരിക്കലും ഈ നക്ഷത്രം അണയാതിരിക്കട്ടെ."

---

### അദ്ധ്യായം പതിനഞ്ച്

## മഹാത്മജിയുടെ ചരമം

1947 ആഗസ്റ്റ് പതിനാലാം തീയതി അർദ്ധരാത്രി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ വെള്ളസാമ്രാജ്യത്വത്തിൻെറ ഇരുണ്ടയുഗം അവസാനിച്ചു. ഡൽഹിയിലെ ഡർബാർ ഹാളിൽവച്ച് സ്വാതന്ത്ര്യം പ്രഖ്യാപിതമായി. വൈസ്രായി മൗണ്ട്ബാററൺപ്രഭു ഇന്ത്യയുടെ ഗവർണ്ണർജനറലായി. പ്രശന്തമായ സദസ്സ്. ഗംഭീരമായ ചടങ്ങ്. അതിഥികളെല്ലാം വന്നു. പക്ഷെ ഒരാൾ മാത്രം വന്നില്ല. മഹാത്മാഗാന്ധി. അദ്ദേഹം ഈ രാത്രിയിലും വർഗ്ഗീയ കലാപംകൊണ്ട് കലങ്ങിമറിഞ്ഞ ബംഗാളിലെ നൗഖാലി ഗ്രാമത്തിൽ പദയാത്ര നടത്തുകയായിരുന്നു; സ്നേഹത്തിൻെറയും ശാന്തിയുടെയും സാഹോദര്യത്തിൻെറയും സന്ദേശം പരത്താൻ.

അടുത്ത ദിവസം പ്രഭാതത്തിൽ ജവാഹർലാൽ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. സർദാർ പട്ടേൽ ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമായി. മന്ത്രിസഭ അന്നുതന്നെ അധികാരമേറെറടുത്തു. വിഭജനം ഉളവാക്കിയതുൾപ്പെടെ നൂറു നൂറു പ്രശ്നങ്ങൾ നേരിടുവാനുള്ള കർത്തവ്യഭാരം ആ മന്ത്രിസഭയ്ക്കുണ്ടായിരുന്നു.

ഇന്ത്യ സ്വതന്ത്രയായപ്പോൾ പഞ്ചാബിൽ കൊലയും കൊള്ളയും വമ്പിച്ച തോതിൽ നടക്കുകയായിരുന്നു. പഞ്ചാബിൽ മാത്രമല്ല, നാട്ടിൽ പല സ്ഥലങ്ങളിലേയും സ്ഥിതി അതുതന്നെയായിരുന്നു. നെഹ്റുവിനെ ഇത് അസ്വസ്ഥനാക്കി. സ്വാതന്ത്ര്യദിനാഘോഷം കഴിഞ്ഞ് രണ്ടു ദിവസത്തിനുശേഷം അദ്ദേഹം പഞ്ചാബ് സന്ദർശിച്ചു. അവിടെ കണ്ട ഭീകരകാഴ്ചകൾ അദ്ദേഹത്തെ പരിഭ്രാന്തനാക്കി. പഞ്ചാബ് കുരുതിക്കളമായി മാറിയിരുന്നു. അവിടെ കൂട്ടക്കൊല നടന്നു. പഞ്ചാബിൽനിന്നു് അഭയാർത്ഥികൾ കൂട്ടംകൂട്ടമായി ഡൽഹിയിലേക്ക് പ്രവേശിച്ചു. പഞ്ചാബിൽ ഹിന്ദുക്കൾക്കെതിരായി വീശിയ വിഷക്കാററ് ഡൽഹിയിൽ മുസ്ലീങ്ങളുടെ നേരെ തിരിഞ്ഞടിച്ചു. നെഹ്റു ഗവർമ്മെൻറ് വർഗ്ഗീയതയുടേയും അരാജക

ക[illegible]ത്തിന്റെയും ചുഴലിക്കാററിൽ കരിയിലപോലെ പറന്നു പോകുമെന്നാം ശത്രുക്കൾ മനപ്പായസം കുടിച്ചു. തീയിൽ കുരുത്തതു് വെയിലത്തു് വാടുകയില്ല. എന്തുചെയ്തും ഈ മതഭ്രാന്തും കൂട്ടക്കൊലയും തടഞ്ഞേ തീരൂ എന്നദ്ദേഹം തീർച്ചപ്പെടുത്തി. നെഹ്റു തന്റെ സ്വതസിദ്ധമായ കഴിവുകൾ ഏററവും പ്രകടമാക്കിയ സന്ദർഭമായിരുന്നു ഇതു്. ലഹളക്കാരുടെ ഇടയിലൂടെ അദ്ദേഹം സഞ്ചരിച്ചു. ചിലപ്പോൾ ശാന്തമായ അഭ്യർത്ഥനകൊണ്ടും ചിലപ്പോൾ ദേഷ്യപ്പെട്ടു താക്കീതു ചെയ്തുകൊണ്ടും ക്രൂരപ്രവൃത്തികളിൽനിന്നു് ലഹളക്കാരെ നെഹ്റു വിരമിപ്പിച്ചു. താൻ പ്രധാനമന്ത്രിയായിരിക്കുന്നിടത്തോളം കാലം ഇന്ത്യ ഹിന്ദുരാഷ്ട്രമാകയില്ലെന്നു് അദ്ദേഹം പ്രഖ്യാപിക്കയുണ്ടായി. കലാപകാരികളായ ഹിന്ദുക്കളെ വെടിവയ്ക്കാൻ പൊലീസിനു നിർദ്ദേശം കൊടുക്കാൻപോലും നെഹ്റു തെല്ലും മടിച്ചില്ല.

ഈ സന്ദർഭങ്ങളിലെല്ലാം നെഹ്റുവിന്റെ കരങ്ങൾക്കു് ശക്തി കൂട്ടിയതു് മഹാത്മാഗാന്ധിയാണു്. ആശ്വാസത്തിനും ഉപദേശത്തിനുമായി അക്കാലത്തു് നെഹ്റു ദിവസേന ഗാന്ധിജിയെ കാണുമായിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ നെഹ്റുവിനു് സമാധാനം തോന്നും.

വർഗ്ഗീയ വിദ്വേഷം അതിന്റെ ഉച്ചകോടിയിൽ എത്തിയിരുന്ന കാലം. തലസ്ഥാനനഗരമായ ഡൽഹിൽ എന്തു സംഭവിക്കുമെന്നു് ആർക്കുമൊരു നിശ്ചയവുമില്ല. സർവ്വത്രഭീതിയും സംഭ്രാന്തിയും. 1947 അവസാനിച്ചപ്പോൾ കൊല്ലപ്പെട്ടവരുടെ സംഖ്യ അഞ്ചു് ലക്ഷമായിരുന്നു. ഇരുഭാഗങ്ങളിലുമായി പന്ത്രണ്ടു് ലക്ഷം അഭയാർത്ഥികളും. സ്ഥിതിഗതികളുടെ ഗൗരവം മഹാത്മജി സൂക്ഷ്മമായി മനസ്സിലാക്കി. 1948 ജനുവരി പന്ത്രണ്ടാം തീയതിയിലെ പ്രാർത്ഥനായോഗത്തിൽ അദ്ദേഹം ഒരു പ്രസ്താവന ചെയ്തു. ആളുകളെ അമ്പരപ്പിച്ച പ്രസ്താവന. സമുദായവിദ്വേഷത്തിനു് ഉപശാന്തി വരുന്നതുവരെ താൻ ഉപവാസം അനുഷ്ഠിക്കുവാൻ പോകയാണെന്നു് ഗാന്ധിജി ജനങ്ങളെ അറിയിച്ചു. ജനുവരി പതിമൂന്നാം തീയതി കാലത്തു് പതിനൊന്നു മണിക്കു് മഹാത്മജി ഉപവാസം ആരംഭിച്ചു. ഉപവാസം സമയോചിതമെന്നു് പലരും കരുതി. ജനങ്ങളുടെ ശ്രദ്ധ മുഴുവൻ ഗാന്ധിജിയിലായി. അൽപ്പസമയത്തിനുള്ളിൽ ഡൽഹിയിലെ അന്ത

രീക്ഷത്തിൽ മാററം വന്നതായി കണ്ടു. ഗാന്ധിജി ഉപവാസം തുടങ്ങിയതിൽ നെഹ്റുവിന് സന്തോഷമാണുണ്ടായിരുന്നത്. അദ്ദേഹം അനുഭാവസൂചകമായി ഒരു ദിവസം ഉപവസിക്കുകയും ചെയ്തു. ഗാന്ധിജി ഉപവാസമാരംഭിച്ചതിനുശേഷം ഡൽഹിയിൽ കൂടിയ ഒരു വമ്പിച്ച പൊതുയോഗത്തിൽ നെഹ്റു പ്രസംഗിച്ചു. ഉപവാസത്തിന്റെ പ്രാധാന്യം അദ്ദേഹം ജനങ്ങൾക്കു് വിവരിച്ചുകൊടുത്തു. മഹാത്മജിയ്ക്കു് വല്ലതുംസംഭവിച്ചാൽ ഇന്ത്യയുടെ ശക്തിയും ചൈതന്യവും നശിക്കും എന്നദ്ദേഹം ജനങ്ങളോടു പറഞ്ഞു. നേതാവിന്റെ ജീവൻ രക്ഷിക്കാൻ സമുദായമൈത്രി പാലിക്കുന്നതിനു് നെഹ്റു അഭ്യർത്ഥിച്ചു. ഗാന്ധിജിയുടെ ഉപവാസത്തിനു് ഫലമുണ്ടായി. സമുദായനേതാക്കന്മാർ യോഗംകൂടി. സമാധാനം പുനഃസ്ഥാപിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു് അവർ പ്രതിജ്ഞയെടുത്തു. തൽക്കാലത്തേക്കെങ്കിലും - ഒരു സമാധാനാന്തരീക്ഷം ഡൽഹിയിലുണ്ടായി.

ജനങ്ങളിൽ ഗാന്ധിജിക്കുണ്ടായിരുന്ന സ്വാധീനം ആ ഉപവാസം ഒരിയ്ക്കൽകൂടി തെളിയിച്ചു. ഉപവാസം അവസാനിച്ചു് രണ്ടുദിവസംകഴിഞ്ഞു് പതിവുപോലെ ബിർളാമന്ദിരത്തിന്റെ മുററത്തു് പ്രാർത്ഥനായോഗം കൂടി. പെട്ടെന്നു് അടുത്തു് ഒരു ബോംബു് പൊട്ടുന്നതുകേട്ടു. എല്ലാവരും പരിഭ്രമിച്ചു. ഒന്നും സംഭവിച്ചില്ലെന്നമട്ടിൽ ഗാന്ധിജി പ്രാർത്ഥന തുടർന്നു. ഈ സംഭവമറിഞ്ഞു് നെഹ്റുവും പട്ടേലും പ്രാർത്ഥനായോഗങ്ങളിൽ പൊലീസ് സംരക്ഷണം സ്വീകരിക്കണമെന്നു് മഹാത്മജിയോടപേക്ഷിച്ചു. "ഞാൻ ഈശ്വരന്റെ കൈയിലാണു്" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പത്തുദിവസം കഴിഞ്ഞപ്പോൾ എല്ലാവരും ഭയപ്പെട്ട ആ ഭയങ്കര സംഭവം നടക്കുകയും ചെയ്തു.

ജനുവരി 30. അന്നുപതിവില്പം അൽപ്പം വൈകിയാണു് മഹാത്മജി പ്രാർത്ഥനായോഗത്തിലേക്കു് വന്നതു്. പതിവുപോലെ പ്രാർത്ഥനയിൽ പങ്കെടുക്കാൻ വന്നിരുന്ന ജനക്കൂട്ടത്തിൽ അദ്ദേഹം പ്രവേശിച്ചു.

ജനക്കൂട്ടത്തിൽനിന്നും ഒരു യുവാവു് മുന്നോട്ടു് വന്നു. നാഥുറാം ഗോഡ്സേ മഹാത്മജിയെ താണുതൊഴുതു. അതിനുശേഷം തന്റെ അരയിൽനിന്നും ഒരു കൈത്തോക്കെടുത്തു് രാഷ്ട്രപിതാവിനെ വെടി

വച്ചു. തൊഴുകൈയോടെ "ഹെറാം" എന്ന വിളിയോടുകൂടി മഹാത്മജി നിലംപതിച്ചു; സ്വതന്ത്രഭാരതത്തിൻെറ മണ്ണിൽ. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ആ മഹാത്മാവു് മരണമടഞ്ഞു.

ഈ സംഭവം നടന്നപ്പോൾ നെഹ്റു സെക്രട്ടേറിയേററിലായിരുന്നു. പ്രൈവററ് സെക്രട്ടറി അദ്ദേഹത്തെ വിവരം അറിയിച്ചു. താങ്ങാനാവാത്ത കദനഭാരത്തോടെ തൻെറ സർവ്വസ്വവുമായിരുന്ന ഗാന്ധിജിയുടെ മുമ്പിലെത്തി കാൽക്കൽ കുമ്പിട്ടു് ഒരു കുട്ടിയെപ്പോലെ നെഹ്റു വിങ്ങിക്കരഞ്ഞു. ബിർളാമന്ദിരത്തിനകത്തും പുറത്തും ആളുകൾ തിങ്ങിക്കൂടി. ഡൽഹി നഗരത്തിൽ ജനപ്രളയമായി. ലോകത്തെമ്പാടും വാർത്ത പരന്നു. കേട്ടവർ കേട്ടവർ കണ്ണുനീരിലാറാടി.

ഗദ്ഗദകണ്ഠനായി പ്രധാനമന്ത്രി ജവാഹരിലാൽ നെഹ്റു ഈ ദുഃഖവാർത്ത നാട്ടുകാരെ അറിയിക്കാൻ ഒരു റേഡിയോ പ്രക്ഷേപണംചെയ്തു. അദ്ദേഹത്തിൻെറ മികച്ച പ്രസംഗങ്ങളിൽ ഒന്നായിരുന്നു ആ പ്രക്ഷേപണം. നെഹ്റു പറഞ്ഞു:

"സുഹൃത്തുക്കളെ, സഹപ്രവർത്തകരെ, ഇതുവരെ നമുക്കു വെളിച്ചം തന്നിരുന്ന ആ മഹാദീപം അണഞ്ഞു. ചുററും ഇരുൾ നിറഞ്ഞു. എന്താണു നിങ്ങളോടു പറയേണ്ടതെന്നോ അതെങ്ങനെയാണു് പറയേണ്ടതെന്നോ എനിക്കു നിശ്ചയമില്ല. നമ്മുടെ പ്രിയപ്പെട്ട നേതാവു് ബാപ്പുജി, നമ്മുടെ രാഷ്ട്രപിതാവു് കാലഗതി അടഞ്ഞു. നാം ഇനി അദ്ദേഹത്തെ കാണുകയില്ല. ഉപദേശത്തിനായി നാം ഇനി അദ്ദേഹത്തിൻെറ അടുക്കൽ ഓടിഎത്തുകയില്ല. ആശ്വാസത്തിനായി അദ്ദേഹത്തെ സമീപിക്കുകയില്ല. അതൊരു വലിയ അടിയാണു്. എനിക്കു് മാത്രമല്ല. ഈ നാട്ടിലെ കോടിക്കണക്കായ ജനങ്ങൾക്കു്".

"ആ മഹാദീപമണഞ്ഞുവെന്നു് ഞാൻ പറഞ്ഞു. ഒരു പ്രകാരത്തിൽ അങ്ങനെ പറയുന്നതു് ശരിയല്ല. നമ്മുടെനാട്ടിൽ ജ്വലിച്ചുകൊണ്ടിരുന്ന ആ ദീപം ഒരു സാധാരണ ദീപമായിരുന്നില്ല. ഈ നാട്ടിനു് കുറേകാലമായി വെളിച്ചം നൽകിയിരുന്ന ആ ദിവ്യ ജ്യോതിസ്സു് മേലിലും വളരെക്കാലം നമ്മുടെ നാട്ടിനു് വെളിച്ചം നൽകിക്കൊണ്ടിരിക്കും. ഒരായിരംകൊല്ലം കഴിഞ്ഞതിനുശേഷവും ആ വെളിച്ചം ഈ നാട്ടിൽ കാണും. ലോകത്തിൽ അതു മുഴവൻ കാണാറാവും, എണ്ണമില്ലാത്ത ആളുകൾക്കു് അതു് ആശ്വാസം കൊടുത്തുകൊണ്ടിരിക്കും"

## പ്രധാനമന്ത്രി

സ്വതന്ത്രഭാരതത്തിൻെറ ആദ്യത്തെ പ്രധാനമന്ത്രിയായി നെഹ്റു ഭരണഭാരമേററതു് അമ്പത്തെട്ടാം വയസ്സിലാണു്. ഇന്ത്യയുടെ പ്രധാനമന്ത്രിയാകാൻ അദ്ദേഹത്തെക്കാൾ യോഗ്യനായി മറ്റൊരു നേതാവു് ഇല്ലായിരുന്നു. എൻെറ പിൻഗാമി ജവാഹർലാൽ ആണു് എന്നു് ഗാന്ധിജിതന്നെ ഒരിക്കൽ പറഞ്ഞിരുന്നു. ഗാന്ധിജി ആയിരുന്നു നെഹ്റുവിൻെറ താങ്ങും തണലും. പ്രധാനമന്ത്രിപദത്തിൽ ജവാഹർലാൽ ആരോഹണം ചെയ്തു് ആറുമാസം കഴിഞ്ഞപ്പോൾ മഹാത്മജി മരണമടഞ്ഞു. പിന്നെ താങ്ങും തണലുമില്ലാതെയാണു് പതിനേഴുകൊല്ലത്തോളം നെഹ്റു ഇന്ത്യ ഭരിച്ചതു്.

സ്വാതന്ത്ര്യം നേടിയശേഷം ഇന്ത്യയെ തുറിച്ചുനോക്കിയിരുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്നു് അഭയാർത്ഥികളുടെ സ്ഥിതിയായിരുന്നു. ആ പ്രശ്നത്തിനായിരുന്നു മുൻതൂക്കം. ആ പ്രശ്നം പരിഹരിക്കേണ്ടതു് ഇന്ത്യയുടെ ഐക്യത്തിനും ഭദ്രതയ്ക്കും ആവശ്യവുമായിരുന്നു. രണ്ടു കൊല്ലംകൊണ്ടു് അഭയാർത്ഥികളെ മിക്കവാറും പുനരധിവസിപ്പിക്കുവാൻ നെഹ്റുവിനു് കഴിഞ്ഞു. ഇന്ത്യയിൽ ഒട്ടധികം നാട്ടുരാജ്യങ്ങളും രാജാക്കന്മാരും ഉണ്ടായിരുന്നു. ബ്രിട്ടീഷ് ഗവമ്മെൻറിൻെറ നെടുംതൂണുകളായിട്ടാണു് ഈ രാജാക്കന്മാർ വർത്തിച്ചിരുന്നതു്. സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ഈ പൊന്നുതമ്പുരാക്കന്മാർ ബ്രിട്ടീഷ് സാമ്രാജ്യത്തിനു കൂട്ടുനിന്നു. ഈ രാജാക്കന്മാരെയെല്ലാം തുടച്ചുനീക്കി ഇന്ത്യയെ ഒരു ഭരണത്തിൻകീഴിലാക്കി. ഉപപ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമായിരുന്ന ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ പട്ടേൽ ഇക്കാര്യത്തിൽ നെഹ്റുവിനെ അത്യധികം സഹായിച്ചു.

പ്രധാനമന്ത്രി നെഹ്റുവിൻെറ കീർത്തിധാവള്യം ലോകമെങ്ങും പരന്നു. 1948-ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി പാരീസിൽ സമ്മേളിച്ചു. നെഹ്റു ആ സമ്മേളനത്തിൽ പങ്കെടുത്തു.

ഏഷ്യയിലെ ഉണർന്നെഴുന്നേററ ജനകോടികളുടെ വക്താവായിട്ടാണ് നെഹ്റു കാണപ്പെട്ടത്. ലോകം പാശ്ചാത്യരുടേതുമാത്രമല്ലെന്ന് അദ്ദേഹം വെട്ടിത്തുറന്നു പറഞ്ഞു. ലോകത്തുനിന്ന് ഭയം, യുദ്ധഭയം തുടച്ചുനീക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. സഭ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് നെഹ്റു നിർദ്ദേശിച്ചു. അദ്ദേഹത്തിൻെറ പ്രസംഗം സഭ സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്നു. അതിനുശേഷം നെഹ്റുവിൻെറ ശബ്ദം ലോകം ശ്രദ്ധിച്ചുതുടങ്ങി. ലോകത്തിലെ സമുന്നതനായ ഒരു രാജ്യതന്ത്രജ്ഞൻ എന്ന നിലയിലേക്കുയരുവാൻ ഈ പ്രസംഗം നെഹ്റുവിനെ സഹായിച്ചു.

ഇന്ത്യയ്ക്കു് ഒരു ഭരണഘടന തയ്യാറാക്കി. അതനുസരിച്ച് ഇന്ത്യ പരമാധികാരമുള്ള ഒരു ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. കേന്ദ്രത്തിൽ ശക്തമായ ഒരു ഗവമ്മെൻറും, രാജ്യസഭയെന്നും ലോക്സഭയെന്നും വിളിക്കപ്പെടുന്ന രണ്ട് സഭകളുള്ള ഒരു പാർലമെൻറും ഉണ്ടായി. സംസ്ഥാനങ്ങളിൽ ഗവർണ്ണർന്മാരും നിയമസഭകളും. ഇന്ത്യ ഒരു ഫെഡറൽ രാഷ്ട്രമായി.

സ്വതന്ത്രഭാരതത്തിൻെറ വിദേശനയം നെഹ്റു ആവിഷ്കരിച്ചു. പാശ്ചാത്യരാജ്യങ്ങളും പൗരസ്ത്യരാജ്യങ്ങളുംതമ്മിൽ ചേരിതിരിഞ്ഞു് ഒരു ശീതസമരം നടത്തുകയായിരുന്നു. ഇരുചേരികളിലും ചേരാത്ത ചേരിചേരാനയമാണ് നെഹ്റു സ്വീകരിച്ചതു്.

ബ്രിട്ടീഷ്കാർ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ഉപയോഗിച്ച മർദ്ദനമുറകൾ ഭീകരമായിരുന്നു. നെഹ്റുതന്നെ, എത്ര പ്രാവശ്യം ജയിലിൽ ആയി. മർദ്ദനം എത്ര സഹിച്ചു. എങ്കിലും ബ്റിട്ടീഷ്കാർ എന്ന വർഗ്ഗത്തോട്ട് അദ്ദേഹത്തിനു് പകയോ വിദ്വേഷമോ ഉണ്ടായിരുന്നില്ല. അവരിൽനിന്നു് കൊള്ളേണ്ടതു് സ്വീകരിക്കാൻ എപ്പോഴും നെഹ്റുവിനു് സന്തോഷമേയുണ്ടായിരുന്നുള്ളു. അതുകൊണ്ട് ബ്റിട്ടീഷ്കാരുമായി ഇന്ത്യയ്ക്കു് അടുത്ത ബന്ധംതന്നെ വേണമെന്ന് പ്രധാനമന്ത്രി നെഹ്റു നിശ്ചയിച്ചു. ഇന്ത്യ ബ്റിട്ടീഷ് കോമൺവെൽത്തിൽ തുടരുവാൻ നെഹ്റു തീരുമാനിക്കുകയും ചെയ്തു.

ഭാഷയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ പ്രവിശ്യകളെ പുനർവിഭജനം നടത്താൻ നെഹ്റുഗവർമ്മെൻറ് ഒരു കമ്മീഷനെ നിയോഗിച്ചു. സംസ്ഥാന പുനഃസംഘടനാ കമ്മിഷൻ എന്നായിരുന്നു അതിന്റെ പേർ. കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് പ്രവിശ്യകൾ പുനഃസംവിധാനം ചെയ്തു. അതിന്റെ ഫലമായാണ് മലയാളികളുടെ ചിരാഭിലാഷമായിരുന്ന കേരളം ഉടലെടുത്തത്.

ലോകത്തിലെ ഏററവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ജനാധിപത്യം അഭംഗുരം സംരക്ഷിക്കപ്പെടുന്നതിൽ നെഹ്റു അതീവ ശ്രദ്ധാലുവായിരുന്നു. ഏകാധിപത്യത്തെ അദ്ദേഹം വെറുത്തിരുന്നു. വേണമെങ്കിൽ നെഹ്റുവിനു് ഇന്ത്യയിലെ ഏകാധിപതി ആകാമായിരുന്നു. അദ്ദേഹത്തിന്റെ അധികാരത്തെ ചോദ്യംചെയ്യാൻ ആരും തയ്യാറായിട്ടില്ല. നെഹ്റു ഏകാധിപതിയാകുമോ എന്നുപോലും ഒരു കാലത്ത് ചിലരെങ്കിലും സംശയിച്ചിരുന്നു. ഇന്ത്യ എന്നുംഎന്നും ഒരു ജനാധിപത്യ രാജ്യമായി നിലകൊള്ളണമെന്ന അത്യൽക്കടമായ ആഗ്രഹമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അതുകൊണ്ട് 1951-52-ൽ ഇന്ത്യതിലെ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പ് നടന്നു. കാൺഗ്രസ്സ്കക്ഷിയുടെ വിജയത്തിനായി മുപ്പതിനായിരം മൈൽ ദൂരം സഞ്ചരിച്ച് നെഹ്റു തിരഞ്ഞെടുപ്പ് പ്രചാരണം നടത്തി.

ബ്രിട്ടീഷ് ഭരണം ഇന്ത്യയെ ദരിദ്രമാക്കി. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്ന ഗ്രാമങ്ങളെ നശിപ്പിച്ചു. ഇന്ത്യൻ വ്യവസായങ്ങൾ തകർന്നു. കരകൗശലപ്പണിക്കാരും നെയ്ത്തുകാരും തൊഴിലില്ലാതായി. വ്യവസായങ്ങളിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടവർ കൃഷിക്കാരായി മാറി. അവിടെയും അവർക്കു രക്ഷകിട്ടിയില്ല. ബ്റിട്ടീഷ് ഗവൺമെൻറ് അവരുടെ ആശ്രിതന്മാരെ ഭൂവുടമകളാക്കി മാററി. ഇന്ത്യൻ സാമൂഹികഘടനതന്നെ ബ്റിട്ടീഷ് ഭരണം താറുമാറാക്കി. ഈ പശ്ചാത്തലത്തിലാണ് പ്രധാനമന്ത്രി നെഹ്റു ഇന്ത്യയുടെ സാമ്പത്തിക പുനഃസംഘടനയിൽ ബദ്ധശ്രദ്ധനായത്. സ്വാതന്ത്ര്യം പൂർണ്ണമാകണമെങ്കിൽ രാഷ്ട്രീയ സ്വാതന്ത്ര്യംമാത്രം പോരാ സാമ്പത്തിക സ്വാതന്ത്ര്യംകൂടി വേണം. അതുകൊണ്ട് ഇന്ത്യയിൽ സോഷ്യലിസം നടപ്പിലാക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ജനാധിപത്യം നില

നിറുത്തിക്കൊണ്ടു് സാമ്പത്തിക ആസൂത്രണത്തിനു അദ്ദേഹം പരിപാടികളിട്ടു. പ്ലാനിങ്ങ് കമ്മിഷൻ രൂപീകരിക്കാൻ ഗവമ്മെൻറ് അനുമതി നൽകി. നെഹ്റു തന്നെയായിരുന്നു പ്ലാനിങ്ങ് കമ്മിഷൻെറ അദ്ധ്യക്ഷൻ. പ്ലാനിങ്ങ് കമ്മിഷൻ പഞ്ചവൽസരപദ്ധതികൾ ആസൂത്രണം ചെയ്തു. ഇതിൻെറ ഫലമായി വ്യവസായങ്ങൾ വളരുന്നു എന്നു വിളിച്ചറിയിക്കുന്ന പുകക്കുഴലുകൾ ഇന്ത്യയുടെ നാനാഭാഗത്തും പ്രത്യക്ഷപ്പെട്ടു. കാർഷികാഭിവൃദ്ധിയിലും പ്രധാനമന്ത്രി നെഹ്റു ശ്രദ്ധ ചെലുത്തി.

ആധുനികശാസ്ത്രവും സാങ്കേതികവിജ്ഞാനവും ഇന്ത്യയുടെ പുരോഗതിയ്ക്കു് അത്യന്താപേക്ഷിതമാണെന്നു് നെഹ്റു വിശ്വസിച്ചു. അതുകൊണ്ടാണു് നിരവധി ഗവേഷണ സ്ഥാപനങ്ങൾ ഇന്ത്യയിൽ വളർന്നതു്. നെഹ്റു 1954-ൽ നടത്തിയ ചൈനാസന്ദർശനത്തിനു് ശേഷം സോഷ്യലിസ്റ്റ് ലക്ഷ്യത്തിലേക്കുള്ള ഇന്ത്യയുടെ പ്രയാണത്തിനു് വേഗത വദ്ധിച്ചു. ആവഡിയിൽ കൂടിയ കാൺഗ്രസ്സ് സമ്മേളനം സോഷിലിസത്തിലുള്ള വിശ്വാസം ഉറപ്പിച്ചു് പ്രഖ്യാപിക്കുകയുണ്ടായി.

പ്രധാനമന്ത്രിയായ ശേഷം മിക്കവാറും ദിവസങ്ങളിൽ പതിനാറും പതിനേഴും മണിക്കൂറുകൾ നെഹ്റു ജോലിചെയ്യുമായിരുന്നു ഈ ജോലി നാട്ടിനുവേണ്ടിയായിരുന്നുതാനും.

---

## കലാകാരനും ശാസ്ത്രജ്ഞനും

നെഹ്റു ഒരു സൗന്ദര്യാരാധകനായിരുന്നു. പ്രകൃതിസൗന്ദര്യത്തിൽ അത്യധികം അദ്ദേഹം ആകൃഷ്ടനായിരുന്നു. പർവ്വതനിരകളും, വനങ്ങളും നീർച്ചാട്ടങ്ങളും അരുവികളും അദ്ദേഹത്തെ ആനന്ദതുന്ദിലനാക്കിയിരുന്നു. പക്ഷികളേയും മൃഗങ്ങളേയും കൊച്ചുകുട്ടികളെപ്പോലെ സ്നേഹിച്ചിരുന്നു. പഠിച്ചുകൊണ്ടിരുന്നകാലത്ത് സുഖവാസത്തിനായി നോർവേയിൽ പോയ നെഹ്റു അന്നു മഞ്ഞുപോലെ തണുത്തനദിയിൽ കുളിക്കാൻ ഇറങ്ങി. കാൽ വഴുതി അന്നു മരിച്ചുപോകേണ്ടതായിരുന്നു. ഒരു സ്നേഹിതനാണ് രക്ഷിച്ചത്. വിവാഹാനന്തരം പർവ്വതശിഖരങ്ങളിൽ ആരോഹണം നടത്തിക്കൊണ്ടിരുന്നപ്പോഴും അപകടം സംഭവിക്കേണ്ടതായിരുന്നു. അന്നും അദ്ദേഹം രക്ഷപ്പെട്ടു. ഇങ്ങനെ സൗകര്യം കിട്ടുമ്പോഴെല്ലാം പർവ്വതശിഖരങ്ങളിലും കാശ്മീരിലെ താഴ്വരകളിലും അദ്ദേഹം ആനന്ദം കണ്ടെത്തിയിരുന്നു. ജയിലിൽ കഴിയുമ്പോൾ ചന്ദ്രൻെറ വൃദ്ധി, ക്ഷയം, നക്ഷത്രങ്ങളുടെ ഘോഷയാത്ര ഇവയെല്ലാംകണ്ടു് സമയം കഴിച്ചിരുന്നു.

ഒരു നല്ല കലാകാരനായിരുന്നു അദ്ദേഹം. കലകളിലുള്ള കൈവിരുത് അദ്ദേഹത്തിൻെറ സാഹിത്യകൃതികളിൽ വ്യക്തമായി കാണാം. ചെറുപ്പം മുതലെ പുസ്തകപാരായണത്തിൽ നെഹ്റുവിനു് അതീവ താല്പര്യമായിരുന്നു. ആ സ്വഭാവമാണ് അദ്ദേഹത്തെ സാഹിത്യകാരനുംകൂടിയാക്കിയതു്. ആത്മകഥയാണ് നെഹ്റുവിൻെറ പ്രമുഖ കൃതി. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൻെറ ഒരാഖ്യാനമാണതെന്ന് പറയാം. പക്ഷേ, സമരവും അതിലെ സംഭവങ്ങളും ചരിത്രംപോലെ വിവരിച്ചിട്ടില്ല ആ അത്യുത്തമഗ്രന്ഥത്തിൽ. സ്വാതന്ത്ര്യസമരം ഗ്രന്ഥകാരനിലുളവാക്കിയ പ്രതികരണമാണ് പ്രധാനം. ഒരനുഗ്രഹീത കലാകാരനെ ആത്മകഥയിൽ കാണാം. അദ്ദേഹം ആത്മകഥയിൽ ഒരിടത്തു പറയുന്നു:— "മലകളുടെ മുകളിലും അലയാഴിയുടെ നടുവിലും നിന്നുകൊണ്ടു് ഞാൻ മനോഹരങ്ങളായ സൂര്യോദയങ്ങളും സൂര്യാസ്തമനങ്ങളും കണ്ടിട്ടുണ്ടു്. അവയുടെ മാഹാത്മ്യ

ത്തിൽ ആറാടിയിട്ടുണ്ട്. അവയുടെ പ്രൗഢ മനോഹാരിതയിൽ മതി മറന്നുപോയിട്ടുണ്ട്."

വിശ്വചരിത്രാവലോകനമാണ് നെഹ്റുവിൻെറ മറെറാരു കൃതി. തൻെറ കൊച്ചുമകൾ ഇന്ദിരാ പ്രിയദർശിനിക്ക് എഴുതിയ കത്തുകളുടെ രൂപത്തിലാണ് ഇത്. കൊച്ചുകുട്ടികൾക്ക് മനസ്സിലാകത്തക്കവിധം സരളവും ലളിതവുമാണ് ഇതിലെ ഭാഷാശൈലി.

ഇന്ത്യയെ കണ്ടെത്തൽ എന്ന കൃതിയാണ് നെഹ്റുവിൻെറ മറെറാരു പ്രധാന ഗ്രന്ഥം. വിശ്വചരിത്രാവലോകനവും ഇന്ത്യയെ കണ്ടെത്തലും ചരിത്രപരമാണ്. ചരിത്രത്തെ എങ്ങനെ അദ്ദേഹം വീക്ഷിക്കുന്നുവെന്ന് ഈ ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നു. ചരിത്രം രാജാക്കന്മാരുടേയും യുദ്ധങ്ങളുടേയും കഥകളായിരുന്നു. ആ വിശ്വാസം നെഹ്റു പിച്ചിച്ചീന്തി. മനുഷ്യനേയും മനുഷ്യജീവിതത്തേയും പുരോഗതിക്കു വേണ്ടിയുള്ള പ്രയത്നത്തേയുമാണ് നെഹ്റു ദർശിച്ചത്. ഈ കൃതികളിലെല്ലാം നെഹ്റുവിൻെറ വ്യക്തിപ്രഭാവം മുഴച്ചുനില്ക്കുന്നതു കാണാം. നെഹ്റുവിൻെറ നിരവധി കത്തുകളുണ്ട്. അച്ഛന് അയച്ച കത്തുകൾ, ഗാന്ധിജിക്ക് അയച്ച കത്തുകൾ ഇങ്ങനെ പോകുന്നു അവ. സാഹിത്യഭംഗി തുളുമ്പുന്ന കൃതികളാണവയോരോന്നും. സ്വന്തം മരണപത്രത്തിൽപ്പോലും ഒരു സൗന്ദര്യാരാധകനെ, ഒരു മികച്ച കലാകാരനെയാണ് നാം കാണുക. ഹിമവാൻെറയും ഗംഗയുടേയും സ്മരണ തുളുമ്പി വാഗ്മയ ചിത്രങ്ങളായി അവയിൽ കാണുന്നു.

സർവ്വകലകളേയും പ്രോത്സാഹിപ്പിക്കാൻ അദ്ദേഹം കഴിയുന്നതെല്ലാം ചെയ്തു. ദേശീയ അക്കാഡമികൾക്ക് പുറമെ സാഹിത്യത്തിനും സംഗീതത്തിനും ലളിതകലകൾക്കുമെല്ലാം സംസ്ഥാനതലത്തിൽ ശാഖകളുണ്ടാക്കി. സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രോൽസാഹനം നൽകുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം.

കലാകാരനായിരുന്ന നെഹ്റു ഒരു ശാസ്ത്രപ്രേമികൂടിയായിരുന്നു. ചെറുപ്പത്തിലെതന്നെ ശാസ്ത്രാഭിരുചിയും അദ്ദേഹത്തിൽ നാമ്പെടുത്തു. അദ്ദേഹത്തിൻെറ ട്യൂട്ടറായിരുന്ന ഫെർഡിനാൻഡ് ബ്രൂക്സാണ് കൊച്ചുനെഹ്റുവിൽ ശാസ്ത്രാഭിരുചി വളർത്തിയത്. ബ്രൂക്ക്

സും നെഹ്റുവും കൂടി ആനന്ദഭവനിൽ ഒരു ലാബറട്ടറി ഉണ്ടാക്കുകയു ണ്ടായി. ചെറുപ്പത്തിലെ നാമ്പെട്ടുത്ത ശാസ്ത്രാഭിരുചിയാണ് പിൽക്കാലത്ത് ബാരിസ്റ്റർ പരീക്ഷ പാസ്സായ നെഹ്റുവിനെ ലണ്ടനിലെ ഉപരിവിദ്യാഭ്യാസകാലത്ത് ശാസ്ത്രവിഷയങ്ങൾ പഠിക്കുവാൻ പ്രേരിപ്പിച്ചതു്. കേംബ്റിഡ്ജ് സർവ്വകലാശാലയിൽ ചേർന്നപ്പോൾ പ്രകൃതിവിജ്ഞാനം ഐച്ഛികമായി അദ്ദേഹം എടുത്തു. ലണ്ടനിൽ പഠിക്കുന്നകാലത്ത് വ്യോമയാനത്തിൽ താൽപ്പര്യം ജനിച്ചു. അതിനുള്ള പരീക്ഷണങ്ങൾ നടക്കുന്ന കാലമായിരുന്നു അതു്. താൻ വിമാനത്തിൽ നാട്ടിലെത്തുന്ന കാലം വിദൂരമല്ലെന്നു് നെഹ്റു ലണ്ടനിൽ നിന്നു് അച്ഛനു് എഴുതുകയുണ്ടായി.

ഒരു നവീന ഇന്ത്യയെ പടുത്തുയർത്താൻ ശാസ്ത്രജ്ഞാനവും സാങ്കേതിക പരിജ്ഞാനവും അത്യന്താപേക്ഷിതമാണെന്നു് അദ്ദേഹം വിശ്വസിച്ചു. പലപ്പോഴും അതു് പറയുകയും ചെയ്തിട്ടുണ്ടു്. ശാസ്ത്രം മനുഷ്യനെ പക്ഷിയെപ്പോലെ ആകാശത്തു് പറക്കാനും മത്സ്യത്തെപ്പോലെ വെള്ളത്തിൽ നീന്താനും പഠിപ്പിച്ചു. അതിലെല്ലാം നെഹ്റു അഭിമാനംകൊണ്ടു. ശാസ്ത്രം മനുഷ്യരാശിയുടെ സാമൂഹിക ജീവിതം പുരോഗമിപ്പിക്കണം എന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. മനുഷ്യരാശിയെ നശിപ്പിക്കാനുള്ള ശാസ്ത്രത്തിൻെറ ഉപയോഗത്തിൽ അദ്ദേഹം വ്യാകുലപ്പെട്ടു. ആററംബോംബ് ഇന്ത്യയുണ്ടാക്കുന്നതല്ലെന്ന നിലപാടിൽ അചഞ്ചലനായി അദ്ദേഹം ഉറച്ചു നിന്നതു് അതുകൊണ്ടാണു്.

മററുള്ള രാജ്യങ്ങൾ ശാസ്ത്രത്തിൻെറ സഹായത്തോടെ പുരോഗതി പ്രാപിച്ചു. ഇന്ത്യയുടെ പുരോഗതി ശാസ്ത്രത്തിലൂടെയല്ലാതെ സാദ്ധ്യമല്ലെന്നു് അദ്ദേഹം സൗകര്യം വരുമ്പോഴെല്ലാം പറയുമായിരുന്നു. നെഹ്റു യുഗത്തിൽ ശാസ്ത്രത്തിനു് ലോകത്തെങ്ങുമുണ്ടായ നേട്ടങ്ങൾ അത്യത്ഭുതജനകങ്ങളാണു്. ലോകത്തിലെ വൻകിടരാഷ്ട്രങ്ങളോടു് കിട പിടിക്കത്തക്ക നിലയിൽ ഇന്ത്യ എത്തണമെങ്കിൽ ശാസ്ത്രവിജ്ഞാന കാര്യത്തിൽ നാം മുന്നിൽ എത്തണമെന്നു് അദ്ദേഹം എപ്പോഴും ജനങ്ങളെ ഉപദേശിച്ചിരുന്നു.

ഇന്ത്യയിൽ പലയിടത്തും നെഹ്റു നാഷണൽ ലാബറട്ടറികൾ സ്ഥാപിച്ചു. ശാസ്ത്രവ്യവസായഗവേഷണകേന്ദ്രവും അണുശക്തി

വിഭാഗവും പ്രധാനമന്ത്രി തന്നെയാണു ആരംഭിച്ചതു്. അവയിലെല്ലാം അത്യന്തം താല്പര്യം അദ്ദേഹം പ്രകടിപ്പിച്ചു. എന്നാൽ അവയുടെ പ്രവൎത്തനങ്ങളിലൊന്നും അദ്ദേഹം ഇടപെടുകയുണ്ടായില്ല.

നെഹ്റു ഒരു മനുഷ്യനായിരുന്നു; മഹാനായ മനുഷ്യൻ. മനുഷ്യനുള്ള ഗുണങ്ങളും ദോഷങ്ങളും കോട്ടങ്ങളും കുറവുകളുമെല്ലാമദ്ദേഹത്തിനുണ്ടായിരുന്നു. അദ്ധ്വാനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതവ്രതം. അലസത ഒരിക്കലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല; അതു് പൊറുത്തിരുന്നതുമില്ല. ഭയം എന്തെന്നു് അദ്ദേഹം അറിഞ്ഞിട്ടില്ല. ചെറുപ്പത്തിൽത്തന്നെ അദ്ദേഹം നിർഭയനായിരുന്നു. ഭയം ലോകത്തു് നിന്നു് നിർമ്മാജ്ജനം ചെയ്യണമെന്ന അഭിപ്രായക്കാരനുമായിരുന്നു നെഹ്റു.

ആശ്രിതന്മാരോടു വളരെ ദയാപൂൎവ്വമാണു് അദ്ദേഹം പെരുമാറിയിരുന്നതു്. കുടുംബപാരമ്പര്യമായി ലഭിച്ച മുൻകോപം അദ്ദേഹത്തിനു ചിലപ്പോൾ ഉണ്ടാകും. പക്ഷേ അതു നീണ്ടുനിൽക്കുകയില്ല.

സത്യത്തിൽ അടിയുറച്ച വിശ്വാസിയായിരുന്നു നെഹ്റു. മഹാത്മജിയിൽ നിന്നാണു് സത്യത്തിലുള്ള അചഞ്ചലമായ വിശ്വാസം അദ്ദേഹത്തിനുണ്ടായതു്. കളവു് അവസാനം ആപത്തുണ്ടാക്കുമെന്നു തന്നെയായിരുന്നു അദ്ദേഹത്തിന്റെ ദൃഢമായ അഭിപ്രായം. സത്യമാൎഗ്ഗത്തിൽ നിന്നു വ്യതിചലിക്കാതിരുന്നാൽ അവസാനം അതു് നമ്മെ വിജയത്തിലെത്തിക്കാതിരിക്കുകയില്ലെന്നു നെഹ്റു തന്നെ ഒരിക്കൽ പറയുകയുണ്ടായി.

കൊച്ചുകുട്ടികളോടു് നെഹ്റുവിനുണ്ടായിരുന്ന വാത്സല്യം പ്രസിദ്ധമാണു്. അതുകൊണ്ടാണു് ചാച്ചാനെഹ്റു എന്നു് അദ്ദേഹത്തെ കുട്ടികൾ വിളിക്കുന്നതു്. നെഹ്റുവിന്റെ ജന്മദിനം ഇന്ത്യയൊട്ടാകെ കുട്ടികളുടെ ദിനമായി ഇന്നും ആചരിച്ചുവരുന്നതും അതുകൊണ്ടാണു്.

ഇന്ത്യയേയും ഇന്ത്യൻജനങ്ങളേയും എല്ലാററിലും ഉപരിയായി അദ്ദേഹം സ്നേഹിച്ചു; സേവിച്ചു. ഇന്ത്യൻ ജനത അദ്ദേഹത്തേയും അകമഴിഞ്ഞു സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്തു. ഇത്രയധികം ജനപിന്തുണ നേടിയിട്ടുള്ള ഒരു നേതാവു് ഇന്ത്യയിൽ വേറെയില്ലെന്നു് തന്നെ പറയാം.

---

## ജീവിതാവസാനം

ജീവിതത്തിന്റെ അർത്ഥം നെഹ്റുവിനു കഠിനാദ്ധ്വാനം എന്നായിരുന്നു. എങ്കിലും കഠിനാദ്ധ്വാനം അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിപ്പിച്ചു. ചൈനയുടെ പെട്ടെന്നുള്ള ഇന്ത്യാ ആക്രമണം അദ്ദേഹത്തിനു ഒരു കനത്ത പ്രഹരമായിരുന്നു. ചീനാക്കാരുമായി ദീർഘകാലമായി സൗഹൃദബന്ധത്തിലാണ് നെഹ്റു കഴിഞ്ഞിരുന്നതു് ഒരു പെട്ടെന്നുള്ള ആക്രമണം അപ്രതീക്ഷിതമായിരുന്നു. വാർദ്ധക്യത്തിന്റെ പീഢകളും അദ്ദേഹത്തെ അലട്ടുന്നുണ്ടായിരുന്നു. പഴയ പ്രസരിപ്പും ഊർജ്ജസ്വലതയും മങ്ങിത്തുടങ്ങി.

നെഹ്റുവിന്റെ നയങ്ങളേയും പരിപാടികളേയും പലരും നിശിതമായി വിമർശിക്കാൻ തുടങ്ങി. പാകിസ്ഥാനുമായുള്ള ബന്ധം ഒരു യുദ്ധത്തിന്റെ അടുത്തെത്തിയിരിക്കുകയായിരുന്നു. നാട്ടിൽ വർഗ്ഗീയലഹളകൾ അങ്ങിങ്ങായി പൊട്ടിപ്പുറപ്പെട്ടു. ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടു എന്നുതന്നെ പറയാം. വികസനപദ്ധതികൾ പ്രതീക്ഷിച്ചപോലെ മുന്നോട്ടുപോയില്ല. സാമ്പത്തികത്തകർച്ചയും അനുഭവപ്പെട്ടുതുടങ്ങി. നെഹ്റു അസ്വസ്ഥനായി.

പ്രധാനമന്ത്രിപദത്തിൽ ആരോഹണം ചെയ്തതിനുശേഷം കാര്യമായ വിശ്രമം എന്തെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. ഇടയ്ക്കും തലയ്ക്കും വല്ല സുഖവാസസ്ഥലങ്ങളിൽ പോയി അല്പം വിശ്രമസുഖം അനുഭവിക്കുമായിരുന്നു എന്നുള്ളതു ശരിതന്നെ. ഒരു പൂർണ്ണ വിശ്രമത്തിനു ആഗ്രഹിച്ചിരുന്നുവെങ്കിലും അതു പല കാരണങ്ങളാലും നടന്നില്ല. രാജ്യത്തിനും ജനങ്ങൾക്കും വിശ്രമരഹിതമായ അദ്ദേഹത്തിന്റെ സേവനം ഒഴിച്ചുകൂടാൻ മേലാതെ വന്നതായിരുന്നു അതിനുള്ള പ്രധാനകാരണം.

ചൈനീസ് ആക്രമണമാണ് നെഹ്റുവിനെതിരെ കൂർത്തുമൂർത്ത ശരങ്ങൾ തൊടുത്തുവിടാൻ ഇടയാക്കിയതു്. ഇന്ത്യാ ഗവർമെന്റ് ആക്രമണത്തെ തടയാൻ തക്ക ഒരുക്കങ്ങൾ ഒന്നും ചെയ്തിരുന്നില്ലെന്ന് പരക്കെ ആക്ഷേപമുണ്ടായിരുന്നു. ഇതെല്ലാം നെഹ്റുവിന് കുണ്ഠിതമുണ്ടാക്കി.

ഭുവനേശ്വരത്തു് കൂടിയ കാൺഗ്രസ്സ് സമ്മേളനത്തിൽ പങ്കെടുക്കാൻ പോയപ്പോൾ അദ്ദേഹത്തിനു് പക്ഷപാതം പിടിപെട്ടു. ചികിത്സകൊണ്ടു് പൂർണ്ണമായും രോഗവിമുക്തനാകാൻ നെഹ്റുവിനു് കഴിഞ്ഞില്ല. എങ്കിലും അദ്ധ്വാനത്തിനു് കുറവു് വരുത്താൻ അദ്ദേഹം കൂട്ടാക്കിയുമില്ല.

1964 മേയ്മാസത്തിൽ പല പ്രധാന പരിപാടികളിലും അദ്ദേഹത്തിനു പങ്കെടുക്കേണ്ടതുണ്ടായിരുന്നു. പാർലമെൻറ് സമ്മേളനം കൂടിക്കൊണ്ടിരുന്ന സമയമായിരുന്നു. ബോംബെയിൽ കൂടിയ അഖിലേന്ത്യാ കാൺഗ്രസ്സ് കമ്മിററിയോഗത്തിൽ ആ മാസം അദ്ദേഹം പങ്കെടുത്തു. അതിനുശേഷം ഡൽഹിയിൽ മടങ്ങിവന്നു ഒരു പത്രസമ്മേളനത്തിലും പങ്കെടുത്തു. കാൺഗ്രസ്സ് കമ്മററി യോഗത്തിൽ പങ്കെടുക്കുന്നതും പത്രസമ്മേളനം നടത്തുന്നതും അവസാനമായിട്ടാണെന്നു് ആരും നിനച്ചില്ല. പിന്നെ അദ്ദേഹം ഡെറാഡൂണിൽ പോയി. അവിടെനിന്നു് ഡൽഹിയിൽ മടങ്ങിയെത്തിയതു ഉന്മേഷവാനായിട്ടായിരുന്നു.

1964 മേയ് 26 ഔദ്യോഗികവസതിയായ തീൻമൂർത്തി ഭവനിൽ ഇരുന്നു സാധാരണ ജോലികളെല്ലാം നിർവ്വഹിക്കുകയും പതിവുപോലെ ഭക്ഷണം കഴിക്കുകയും ചെയ്തു. ഫയലുകൾ നോക്കി. ലാൽ ബഹാദൂർ ശാസ്ത്രി അന്നു രാത്രി നെഹ്റുവിനെ കാണാൻ വസതിയിൽ വന്നിരുന്നു. ഫയലുകൾ എല്ലാം താൻ നോക്കിക്കഴിഞ്ഞുവെന്നു ശാസ്ത്രിയോടു നെഹ്റു പറയുകയും ചെയ്തു. ലാൽബഹാദൂർ ശാസ്ത്രി പോയതിനുശേഷം അദ്ദേഹം കിടക്കുവാൻ പോയി. അപ്പോഴും വിശേഷവിധിയായിട്ടു ഒന്നുമില്ലായിരുന്നു. പക്ഷേ, പിറേറ ദിവസം സ്ഥിതിയാകെ മാറി.

പരിചാരകൻ രാവിലെ നോക്കിയപ്പോൾ അദ്ദേഹം അവശനായി കിടക്കുന്നതാണു് കണ്ടതു്. ഇന്ദിരാഗാന്ധിയെ ഉടൻ വിവരം അറിയിച്ചു. ഒട്ടും താമസിയാതെ ഡാക്ടർമാരും വന്നു ചേർന്നു. അവർ അവരുടെ സർവ്വകഴിവുകളും പ്രയോഗിച്ചു.

നെഹ്റുവിൻെറ സ്ഥിതി ആശങ്കാജനകമായിത്തീർന്നു. പതിനൊന്നു് മണിക്കു് നെഹ്റുവിൻെറ രോഗസ്ഥിതി ഉൽക്കണ്ഠാജനകമാണെന്നു് ആഭ്യന്തരമന്ത്രി ഗുൽസാരിലാൽ നന്ദാ ലോകസഭയിലും ധനകാര്യമന്ത്രി കൃഷ്ണമാചാരി രാജ്യസഭയിലും പ്രസ്താവിച്ചു. രണ്ടുമണിക്കു് ജവാഹർലാൽ നെഹ്റു അന്ത്യശ്വാസം വലിച്ചു. പുത്രി ഇന്ദിരാഗാന്ധി, ലാൽബഹാദൂർ ശാസ്ത്രി, ഗുൽസാരിലാൽ നന്ദ, കൃഷ്ണമാചാരി എന്നിവർ ആ സമയത്തു് നെഹ്റുവിൻെറ സമീപത്തുണ്ടായിരുന്നു.

## നെഹ്റുയുഗത്തിന്റെ അവസാനം

"എന്റെ മരണത്തോടനുബന്ധിച്ച് മതപരമായ യാതൊരാഘോഷങ്ങളും നടത്തണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. അത്തരം ചടങ്ങുകളിൽ ഞാൻ വിശ്വസിക്കുന്നില്ല. അവയ്ക്ക് വഴങ്ങുന്നത് ആത്മവഞ്ചനയാണ്; മററുള്ളവരെ കബളിപ്പിക്കാനുള്ള ശ്രമവും.

എന്റെ മൃതദേഹം ദഹിപ്പിക്കണമെന്നാണ് എന്റെ ആഗ്രഹം. എന്റെ ചിതാഭസ്മത്തിൽ ഒരുപിടി അലഹബാദിൽവച്ച് ഗംഗയിലൊഴുക്കണം. അതിനു മതപരമായ പ്രാധാന്യമൊന്നുമില്ല. ബാല്യകാലം മുതൽ ഞാൻ അലഹബാദിൽ ഗംഗയും യമുനയുമായി ബന്ധപ്പെട്ടവനാണ്, എന്റെ വളർച്ചയോടൊപ്പം ഈ ബന്ധവും വളർന്നുപോയിട്ടുണ്ട്. ഗംഗ ഭാരതത്തിന്റെ നദിയാണ്. ഭാരതത്തിന്റെ സംസ്കാരത്തിന്റെയും പരിഷ്ക്കാരത്തിന്റെയും പ്രതീകമാണ് ഗംഗ.

എന്റെ ചിതാഭസ്മത്തിന്റെ ഭൂരിഭാഗവും വിമാനത്തിൽ കയററി ആകാശത്തിൽകൊണ്ടുപോയി ഇന്ത്യയിലെ കൃഷിക്കാർ അദ്ധ്വാനിക്കുന്ന വയലേലകളിൽ വിതറണം. അങ്ങനെ അതു് ഇന്ത്യയുടെ മണ്ണിലും പൊടിയിലും ചേർന്നു ഇന്ത്യയിൽനിന്നു വേർപെടുത്താൻ വയ്യാത്തൊരു ഘടകമായിത്തീരണം."

1954 ജൂൺ മാസം ഇരുപത്തിയൊന്നാം തീയതി നെഹ്റു തന്നെ എഴുതിവച്ചിരുന്ന മരണശാസനമാണിതു്.

യമുനയുടെ തീരത്തു് ശാന്തിഘട്ടമെന്നു് വിളിക്കപ്പെടുന്ന സ്ഥലത്താണ് നെഹ്റുവിന്റെ മൃതദേഹം സംസ്കരിച്ചതു്. മരണശാസനത്തിലെ അനുശാസനമനുസരിച്ച് വിശിഷ്ടനായ ആ ഭാരതസന്താനത്തിന്റെ ചിതാഭസ്മത്തിൽ ഒരംശം ഗംഗയിൽ ഒഴുക്കി. ശേഷമത്രയും വിമാനങ്ങൾ മാതൃഭൂമിയിലെ നെല്പാടങ്ങളിൽ വിതറി. അങ്ങനെ ആ യുഗപ്രഭാവന്റെ ഭൗതികാവശിഷ്ടം ഭാരതത്തിന്റെ മണ്ണിൽ ലയിച്ചുചേർന്നു.

നെഹ്റുവിന്റെ മരണത്തോടുകൂടി ഒരു യുഗം അവസാനിച്ചു. അദ്ദേഹം ഇന്ത്യയുടെ നവോത്ഥാനത്തിനു് നേതൃത്വം നൽകി.

പ്രധാനമന്ത്രിയായിരുന്ന കാലത്ത് മതേതരവും സുശക്തവും പുരോഗമനപരവുമായ ഒരിന്ത്യ കെട്ടിപ്പടുക്കുന്നതിന് നിരന്തരം പരിശ്രമിച്ചു. മനുഷ്യനും മനുഷ്യനും തമ്മിൽ സമത്വമാണുള്ളതെന്ന് അദ്ദേഹം നിരന്തരം ഉദ്ബോധിപ്പിച്ചു. ഇന്ത്യയുടെ പ്രശ്നങ്ങൾ ലോകപ്രശ്നങ്ങളിൽനിന്ന് വിഭിന്നമല്ലെന്ന് ഇന്ത്യാക്കാർ മനസ്സിലാക്കണമെന്ന് അദ്ദേഹം പഠിപ്പിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യംകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടില്ല. ഇന്ത്യയുടെ സമരം കൊളോണിയൽ ജനതയുടെ സമരത്തിന്റെ ഭാഗമാണെന്നും മർദ്ദിതജനവിഭാഗങ്ങളുടെ മോചനം പൂർത്തിയാകുന്നതുവരെ തന്റെ കർത്തവ്യം തീരുന്നതല്ലെന്നും അദ്ദേഹം വിശ്വസിച്ചു.

പാശ്ചാത്യലോകത്തിന് ഇതരഭൂവിഭാഗങ്ങളിൽ വളരെ സ്വാധീനം ചെലുത്താൻ കഴിഞ്ഞു. പാശ്ചാത്യലോകത്തുനിന്ന് പൗരസ്ത്യലോകം പലതും പഠിച്ചു. അതുപോലെ പൗരസ്ത്യരാജ്യങ്ങളുടെ പ്രാചീനനാഗരികതയിൽ നിന്ന് പാശ്ചാത്യലോകത്തിനും പലതും പഠിക്കുവാനുണ്ട്. ആ പ്രക്രിയ അവിരാമം നടക്കുന്നു. അതിന്റെ ഫലമായി ഒരു പുതിയ സമൂഹം ഉണ്ടാകുന്നു; പാശ്ചാത്യരെ പൗരസ്ത്യർക്കും മറിച്ചും വ്യാഖ്യാനിച്ചുകൊടുക്കുന്നത് ഒരു മഹത്തായ സേവനമാണ്. കവികളും സാഹിത്യകാരന്മാരും ചിന്തകരും ആണ് സാധാരണഗതിയിൽ അതനുഷ്ഠിക്കുന്നത്. രാഷ്ട്രീയ മണ്ഡലത്തിൽ ആ കൃത്യം നെഹ്റു നിസ്തുലമായി നിർവ്വഹിച്ചു, അങ്ങനെ അനശ്വരരായ മഹാന്മാരുടെ ഗണത്തിൽപെടുന്ന ഒരു വ്യക്തിയായി ജവാഹർലാൽ നെഹ്റു.

മഹാകവി ടാഗോറിന്റെ ഭാഷയിൽ പറഞ്ഞാൽ പഴമയും പുതുമയും തമ്മിൽ, കിഴക്കും പടിഞ്ഞാറും തമ്മിൽ, ഭൗതികതയും ആദ്ധ്യാത്മികതയും തമ്മിൽ, ശാസ്ത്രവും മനുഷ്യത്വവും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ലാതെ അദ്ദേഹത്തിൽ സമാധാനപരമായ സഹവർത്തിത്വം അനുഷ്ഠിച്ചിരുന്നു. അദ്ദേഹത്തിന്റെ മഹത്വം അതായിരുന്നു. അദ്ദേഹം നവഭാരതത്തിന്റെ ശിൽപ്പിയായിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടെ ഇന്ത്യയിൽ ഒരു യുഗം അവസാനിച്ചു. നെഹ്റുയുഗം.

മഹാത്മജി പറഞ്ഞു "ജവാഹർലാൽ ഭാരതത്തിന്റെ ജവാഹർ ആണ്—ഭാരതരത്നം—നെഹ്റു ജനിച്ച നാട് അനുഗൃഹീതമാണ്".

---

COVER PRINTED AT THE GOVERNMENT PRESS,
TRIVANDRUM, 1972.